മ. രാ. രാ. ശ്രീ,

കോവില്ക്കണ്ടിവെച്ചു രണ്ടുകൊല്ലംമുമ്പു കണ്ടതല്ലാതെ പിന്നെ അന്യോന്യംക്ഷേമാദികളെ അറിവാൻ ഇടവരാഞ്ഞതു നിൎഭാഗ്യം. ഇപ്പോൾ എനിക്കു നിങ്ങളെക്കൊണ്ടു ചിലകാൎയ്യം വരാനുണ്ടു. അതാണ് ഈ കത്തിന്നു മുഖ്യകാരണം. നമ്മുടെ വാടിക്കാപ്പുറത്തേ നിലംനടപ്പുകാരൻ ഉടനെ വെച്ചുകൊടുക്കുന്നു എന്നു കേട്ടു. നിങ്ങൾ കേയിയോടു പറയുന്നതായാൽ അതു എനിക്കു എഴുതികിട്ടുന്നതായിരുന്നു. പൂൎവ്വസ്നേഹം വിചാരിച്ചിട്ടെങ്കിലും ഈ ഉപകാരം നിങ്ങൾ ഈ തറവാട്ടിലേക്കു ചെയ്തുതരാൻ മടിക്കയില്ലെന്നു വിശ്വസിക്കുന്നു.

എന്നു

ആശ്രിതൻ കരുവാങ്കണ്ടി കണ്ണൻ.

൧൮൯൨ ജനുവരി ൧൩-ാം ൹ എഴുതിയതു.

6. രാജാവിന്നു.

സമയംപോലെ തിരുവുള്ളത്തിൽ ഉണൎത്തിപ്പാൻ കാൎയ്യസ്ഥൻ ശങ്കുനമ്പ്യാൎക്കു കെ. കൃഷ്ണൻ നമ്പ്യാർ.

നമ്പ്ര വിചാരണക്കുവെച്ചിരിക്കുന്നു. വരുന്നമാസം ൧൩-ാം ൹-യാണ്. സാക്ഷിബത്ത ഉടനേ അടക്കേണ്ടതാണെന്നു വക്കീൽ പറഞ്ഞിരിക്കുന്നു. ആധാരവും മററുരേഖകളും അയച്ചുതന്നതു കിട്ടിയിരിക്കുന്നു. ഫീസിൻെറ വിവരവും ഒന്നു തരംപോലെ ഓൎമ്മപ്പെടുത്തിയാൽ വലിയ ഉപകാരമായിരുന്നു. പറഞ്ഞകാൎയ്യം ഉടനേ ശരിയാക്കാൻ ശ്രമിച്ചുവരുന്നു.

൧൮൯൨ അകടമ്പ്ര ൧൨ ൹. എന്നു സ്വന്തം

കൃഷ്ണൻ നമ്പ്യാർ.

Part II.

Business Letters.

1. ക. കൃഷ്ണൻനായർ എടത്തിൽ കണ്ടന്നു എഴുതിയതു.

ഈ എഴുത്തു കൊണ്ടുവരുന്നവൻെറ വശം ഇരുപത് ഉറുപ്പിക കൊടുത്തയക്ക വേണ്ടിയിരിക്കുന്നു. ഈ ഉറുപ്പിക ഇരുപതും പോണാർവയൽ നിലത്തിൻെറ കഴിഞ്ഞകൊല്ലത്തേ വാരം വകയിൽ കണക്കുവെച്ചുതരാം.

എന്നു ൧൮൯൪ ജനുവരി ൩ ൹ എഴുതിയതു.

കൃഷ്ണൻ നായർ.

2. രശീതി.

ചൊവ്വക്കാരൻ ഓക്കാട്ടേരി അസ്സൻകുട്ടികേയി ഇളമ്പനാങ്കുനിയിൽ ചോയിക്കു എഴുതിക്കൊടുത്ത രശീതി.

നീ നടന്നുവരുന്ന കുനിക്കുതാഴനിലത്തിൻെറ ൧൦൭൦-ാമതു കൊല്ലത്തേ വാരം ൧൮൦൦ ഇടങ്ങഴിനെല്ലു ഇന്നു നമുക്കു കിട്ടി ബോധിച്ചിരിക്കുന്നു.

എന്നു കൊല്ലം ൧൦൭൧ കുംഭം ൨൭ ൹ എഴുതിയതു.

അസ്സൻകുട്ടി. (ഒപ്പു)

3. റജിസ്ത്രനോട്ടീസ്.

കോട്ടയം താലൂക്ക് തലശ്ശേരി വാടിക്കകം ദേശത്തു തയ്യുള്ളതിൽ കലന്തൻമാപ്പിളക്കു മേപ്പടിഅംശം ദേശത്തു ആലയോടൻ ചെക്കു എഴുതിയ റജിസ്ത്രനോട്ടീസ് എന്തെന്നാൽ—എൻെറ ജന്മം മേപ്പടിഅംശംദേശത്തു ൨൫൯-ാം നമ്പ്ര പീടിക നിങ്ങൾ ഏററുവാങ്ങി നടന്നുവരികയും നിശ്ചയിച്ചപ്രകാരം മാസന്തോറുമുള്ള കൂലി ഉറുപ്പിക മൂന്ന് കഴിഞ്ഞ ആറുമാസമായി നിങ്ങൾ എനിക്കു പുക്കിച്ചു ശീട്ടുവാങ്ങാതെ ഇരിക്കുകയും ചെയ്കയാൽ ഈ നോട്ടീസിന്നു കാരണമായിരിക്കുന്നു.

മേല്പ്രകാരം എനിക്കു വരേണ്ടും ഉറുപ്പിക പതിനെട്ടും ഈ നോട്ടീസ് കിട്ടിയ പത്തു ദിവസത്തിന്നുള്ളിൽ എനിക്കു കൊണ്ടുവന്നുതന്നു ശരിയായി രശീതി വാങ്ങിക്കൊള്ളേണ്ടതും മേപ്പടി പീടിക അപ്പോൾ തന്നേ എനിക്കു ഒഴിഞ്ഞു തന്നു താക്കോൽ ഏല്പിച്ചുതരേണ്ടതുമാണ്. അങ്ങിനെ ചെയ്യാതെ വീഴ്ചവരുത്തിയാൽ എനിക്കുണ്ടാകുന്ന സകല നഷ്ടത്തിന്നും നിങ്ങൾ ഉത്തരവാദിയായിരിക്കുന്നതാണെന്നു ഇതിനാൽ നിങ്ങളെ അറിയിച്ചിരിക്കുന്നു.

എന്നു ൲൯൱൮ ഏപ്രിൽ മാസം ൩ ൹ എഴുതിയതു.

ചെക്കു. (ഒപ്പു)

4. കുടിശീട്ടു.

കണ്ണൂർനഗരം മൂന്നാംപീടികയിൽ താമസിക്കും കടവത്ത് മമ്മി തലശ്ശേരി ചേററംകുന്നു ദേശത്തു പാക്കും മാളിയക്കൽ ശേക്കു ഹുസ്സന് എഴുതിക്കൊടുത്ത കുടിശീട്ടു. നിൻെറവക മേപ്പടി കണ്ണൂർ നഗരത്തിൽ ഉള്ള ചെറു വളപ്പു പറമ്പിലെ കളപ്പുര ഇന്നു ഞാൻ മാസം ഒന്നുക്കു രണ്ടുറുപ്പിക കൂലി നിശ്ചയിച്ചു ഏററുവാങ്ങിയിരിക്കുന്നു.

മേപ്പടി ഉറുപ്പിക രണ്ടും മാസന്തം ഞാൻ നിണക്കു പുക്കിച്ചു ശീട്ടുവാങ്ങിക്കൊള്ളുകയും ചെയ്യാം. മേപ്പടിപുര എനിക്കു ആവശ്യമില്ലാതെവരുന്ന കാലം അതുവരെയുള്ള പുറപ്പാടോട്ടു കൂടി ഞാൻ ഒഴിഞ്ഞു തരുമ്പോൾ നീ തിരികെ ഏററുകൊള്ളുവാനും നിശ്ചയിച്ചിരിക്കുന്നു. എന്നു ൲൯൱൯ ജനുവരി മാസം ൰൩ ൹.

മമ്മി. (ഒപ്പു)

സാക്ഷി.

1. മാളികക്കൽ കലന്തൻ.
2. പാറപ്രത്ത് സൂപ്പി.

5. രാ. രാ. ശ്രീ ചീക്കോളി കുണാരൻ അവർകൾക്കു.

ഇതൊന്നിച്ചു ഈ കത്തുപുള്ളി പ്രകാരം (16) പതിനാറു കഷ്ണം തേക്കുമരം എനിക്കു ഉടനേ ആവശ്യമുണ്ടു. കഴിയുന്ന വേഗത്തിൽ വാൾക്കാരെക്കൊണ്ടു വലിപ്പിച്ചു കൊട്ടത്തയക്കാഞ്ഞാൽ ആശാരികൾ മിനക്കെടേണ്ടിവരും. നിരക്കുവിലപ്രകാരം മാസംകൂടി ബീലയച്ചാൽ വില അയച്ചുതരാം.

൲൯൱൯ ആഗസ്റ്റ് ൰൨ ൹.

എന്നു സ്വന്തം

പരപ്രത്ത കണ്ണൻ.

6. രജിസ്ത്രനോട്ടീസ് (വക്കീൽ മുഖേന).

ബഹുമാനപ്പെട്ട ഹൈക്കോടതി വക്കീൽ എം. കൃഷ്ണൻ നായർ.

കോഴിക്കോട്ടു നഗരം പോലിസ് സ്റ്റേഷനിൽ പ്രവൃത്തിയെടുക്കും ഹെഡ് കൺസ്റ്റേബൾ തുപ്രനു എഴുതിയ രജിസ്ത്രനോട്ടീസ്.

൧൯൧൩ അകടമ്പ്ര ൧ ൹ രാത്രി ഏകദേശം ൯॥ മണി സമയത്തു രാ. രാ. ശ്രീ കെ. കൃഷ്ണൻനായർ വണ്ടിയിൽ കയറി കണ്ണൂർ നിരത്തിന്മേൽ കൂടിവന്നു ഇംഗ്ലീഷ് പള്ളിയുടെ സമീപം വയനാട്ടുറോഡും കണ്ണൂർറോഡും കൂട്ടുന്ന ദിക്കിൽ എത്തിയപ്പോൾ താങ്കൾ മേല്പടി കൃഷ്ണൻ നായരുടെ വണ്ടി പിടിച്ചു നിൎത്തി, നിന്ദിക്കുകയും അദ്ദേഹം താല്പൎയ്യപ്പെട്ടപ്രകാരം കണ്ണൂർനിരത്തിന്മേൽകൂടിപോവാൻ അയക്കാതെ വയനാട്ടുനിരത്തിന്മേൽകൂടി കൊണ്ടുപോവാൻ പറകയും ചെയ്തിരിക്കുന്നു.

മേല്പടി കൃഷ്ണൻ നായൎക്കു അന്നു അടിയന്തരമായി കണ്ണൂർ നിരത്തിന്മേൽ പാൎക്കുന്ന ഒരാളെ കാണേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. അതു താങ്കളുടെ പ്രവൃത്തി നിമിത്തം മുടങ്ങിപ്പോയിരിക്കുന്നു. അതുകൊണ്ടു മേല്പറഞ്ഞ കൃഷ്ണൻ നായൎക്കു ൨൦൦ ഉറുപ്പിക നഷ്ടം സംഭവിച്ചിരിക്കുന്നതു ഇന്നുമുതൽ ഒരു മാസത്തിന്നുള്ളിൽ എനിക്കോ മേല്പടി കൃഷ്ണൻ നായൎക്കു നേരിട്ടോ പുക്കിക്കാതിരിക്കുന്നതായാൽ താങ്കളുടെ മേൽ സിവിലായോ ക്രിമിനാലായോ വ്യവഹാരം നടത്തുന്നതാണെന്നു ഇതിനാൽ അറിയിച്ചിരിക്കുന്നു. എന്നു ൧൯൧൩ നവെമ്പ്ര ൧൦ ൹.

എം. കൃഷ്ണൻ നായർ. (ഒപ്പു)

7. മറുവടി.

ബഹുമാനപ്പെട്ട ഹൈക്കോടതി വക്കീൽ
രാ. രാ. ശ്രീ എം. കൃഷ്ണൻ നായരവൎകൾക്കു.
കോഴിക്കോട്ടു നഗരം സ്റ്റേഷനിൽ പ്രവൃത്തിയെടുക്കും
ഹെഡ് കൺസ്റ്റേബൾ തുപ്രൻ.

നിങ്ങളുടെ ൧൯൧൩ നവമ്പ്ര ൧൦-ാം ൹-ത്തെ രജിസ്ത്രനോട്ടീസ് കിട്ടി. ൻ്ന അകടമ്പ്ര ൧-ാം ൹ രാത്രി എനിക്കു മേലധികാരത്തിൽനിന്നുണ്ടായ കല്പനപ്രകാരം ഞാൻ മേല്പടി നിരത്തുവഴിയായി സഞ്ചരിച്ചതു ശരി തന്നേ. പക്ഷേ നിങ്ങളുടെ നോട്ടീസിൽ പറയും പ്രകാരം രാ. രാ. ശ്രീ കെ. കൃഷ്ണൻ നായരവൎകൾക്കാവട്ടേ മററു വല്ലവൎക്കാവട്ടേ വല്ല നീരസമോ ബുദ്ധിമുട്ടോ നഷ്ടമോ സംഭവിക്കേണമെന്നുള്ള വിചാരത്തോടോ അറിവോടോ കൂടി യാതൊന്നും പ്രവൃത്തിക്കയാവട്ടേ, വല്ലവൎക്കും നിന്ദയായി തോന്നത്തക്ക വല്ല അന്യായമായ വാക്കേററം ചെയ്കയാവട്ടേ ഉണ്ടായിട്ടില്ല. മേൽ സംഗതികൾകൊണ്ടു ഞാൻ നിങ്ങളുടെ കക്ഷിയായ മേല്പടി കൃഷ്ണൻ നായരവൎകൾക്കു യാതൊരു നഷ്ടത്തിന്നും ഉത്തരവാദിയാകുന്നതല്ലെന്നു നിങ്ങളെ ഇതിനാൽ അറിയിക്കുന്നു. എന്നു ൧൯൧൩ നവമ്പ്ര ൨൫-ാം ൹.

തുപ്രൻ. (ഒപ്പു)

Part III.

Official letters.

1. കോട്ടയം താലൂക്ക് കച്ചേരിയിലേക്ക.

മേല്പടിതാലൂക്ക് എടക്കാടംശം അധികാരി കണ്ണൻ നായർ ബോധിപ്പിക്കുന്നതു.

ഇന്നലെ അസ്തമിക്കാൻ രണ്ടു നാഴികയുള്ളപ്പോൾ മേല്പടി അംശം ദേശത്തു പുഴവക്കത്ത് ഒരു പുരുഷന്റെ ശവം പൊന്തിക്കാണുകയും അതിനെ ആൾക്കാരെ കൊണ്ടു എടുപ്പിച്ചു അടുത്ത കുന്നിപ്പറമ്പിൽ കിടത്തുകയും ചെയ്തിരിക്കുന്നു. ശവം ഇന്നാളുടേതെന്നോ ഏതുപ്രകാരം മൃതിപ്പെട്ടു എന്നോ ഇതുവരെ യാതൊരു വിവരവും കിട്ടീട്ടില്ല. വിവരത്തിന്നു പോലീസിന്നും ഉടനെതന്നേ റിപ്പോൎട്ടു കൊടുത്തിരിക്കുന്ന വിവരം ബോധിപ്പിച്ചിരിക്കുന്നു. എന്നു ൲൮൱൯൰ ജനവരി ൭-ാം നു-.

കണ്ണൻ നായർ. (ഒപ്പു)
എടക്കാടംശം അധികാരി.

2. കോട്ടയം താലൂക്ക് എടക്കാടംശം അധികാരിക്ക കല്പന.

അധികാരിയുടെ ഈ മാസം ൭-ാം നു-ത്തെ റിപ്പോൎട്ടിൽ പ്രസ്താവിച്ച ശവം ഏതുസമയം കണ്ടെത്തിയെന്നും ശവത്തിന്മേൽ സംശയകരമായ വല്ല പരിക്കുകളും ഉണ്ടോ എന്നും മറ്റും റൂള് പ്രകാരം ആവശ്യപ്പെട്ട യാതൊരു വിവരങ്ങളും കാണുന്നില്ല. മേല്പടി റിപ്പോൎട്ടിന്നു തുടൎച്ചയായി അധികാരി പിന്നെ പ്രവൃത്തിച്ചതെന്തെന്നും മറ്റും ഉടനെ അറിയിക്കേണ്ടതായിരുന്നു.

ഈ കല്പന കിട്ടിയ ഉടനെ മേല്പ്രകാരം ചെയ്യാതെ വീഴ്ചവരുത്തിയതിന്നു സമാധാനം ബോധിപ്പിക്കേണം എന്നു ഇതിനാൽ ആവശ്യപ്പെടുന്നു. എന്നു ൯൰ ജനവരി ൮ നു-.

ത്യാഗരാജയ്യർ. (ഒപ്പു)
കോട്ടയം താസിൽദാർ.

3. ബഹുമാനപ്പെട്ട മലയാം കല്ക്കട്ടർ മ. രാ. രാ. ശ്രീ ബെല്ലാഡ് സായ്പ് യജമാനൻ അവർകളുടെ സംക്ഷത്തിങ്കലേക്ക.

കുറമ്പ്രനാട്ടുതാലൂക്ക താസിൽദാർ ബോധിപ്പിക്കുന്ന ഹരജി.

യജമാനൻ അവർകൾ കഴിഞ്ഞമാസം സക്കീട്ട് വന്നപ്പോൾ മുഖതാവിൽ ബോധിപ്പിച്ച പ്രകാരം എനിക്കിപ്പോൾ വാതരോഗത്തിന്റെ ഖക്കേടു കുറെ അധികമായിരിക്കയാൽ അതിന്നു മുക്കിപ്പിഴിച്ചൽ കഴിച്ചാൽ ഭേദമാകുമെന്നു വൈദ്യന്മാർ പലരും പറയുന്നു. അങ്ങിനെ ചെയ്യാൽ വേണ്ടതില്ലെന്നു എനിക്കും വിചാരം ഉണ്ടു. പക്ഷേ രണ്ടു മാസത്തേ കല്പന ആവശ്യമായു

രുന്നതാണ്. അതുകൊണ്ടു യജമാനൻ അവർകളുടെ ദയയുണ്ടായിട്ടു വരുന്ന ജ്രൂൻ മാസം ൧-ാം ൹ മുതല്ക്കു രണ്ടു മാസത്തെ കല്പന അനുവദിച്ചു കിട്ടാൻ വണക്കമായി അപേക്ഷിക്കുന്നു.

൧൮൮൪ മേയിമാസം ൩ ൹.

പാലക്കൽ രാമൻ മേനോൻ. (ഒപ്പു)

കുറമ്പ്രനാട്ടു താസിൽദാർ.

4. ബി. രണ്ടാം റേഞ്ച് പോലീസ് ഇൻസ്പെക്ടർ അവർകളുടെ അപ്പീസിലേക്കു.

ശ്രീകൃഷ്ണപുരം സ്റ്റേഷനാപ്സർ ബോധിപ്പിക്കുന്നതു

ഈ സ്റ്റേഷൻ ൧൮൮൭ലെ ൧൦൩-ാം നമ്പ്ര ഭേദിച്ചകളവുകാര്യത്തിൽ പെട്ടതെന്നു സംശയിച്ചുപിടിച്ചതായ ഒരു ക്രൂട്ടം ഏലസ്സും രണ്ടു വെള്ളിത്തുടരും അന്യായക്കാരൻ കണ്ടയിൽ രാമൻ നായരെ കാണിച്ചു ചോദിച്ചതിൽ അദ്ദേഹത്തിന്റെതല്ലെന്നു പറഞ്ഞിരിക്കുന്നു. ഈ സ്റ്റേഷനിലെ ൩൫൯-ാം നമ്പ്ര കൻസ്റ്റേബൾ ചാവക്കാട്ടുബീററു പോകുമ്പോൾ അവിടെ ഒരു കളവുണ്ടായിരിക്കുന്നു എന്നും അതിൽ മേല്പറഞ്ഞവിധം ആഭരണങ്ങൾ കളവുപോയിരിക്കുന്നു എന്നും റിപ്പോർട്ടാക്കിയിരിക്കയാൽ മേല്പടിപണ്ടങ്ങൾ മേല്പടികൻസ്റ്റേബളിനെ ഏല്പിച്ചു ചാവക്കാട്ടേക്കയച്ചു വിവരം ബോധിപ്പിച്ചിരിക്കുന്നു. ൧൮൯൫ മേയി ൩-ാം ൹.

ചെറുകോമൻ മേനോക്കി. (ഒപ്പു)

സ്റ്റേഷനാപ്സർ, ശ്രീകൃഷ്ണപുരം.

5. മലയാം വാക്സിനേഷൻ സുപ്രഡേണ്ട് ആപ്പീസിൽനിന്നു വെട്ടത്തുപുതിയങ്ങാടി വാക്സിനേററർ കാളാണ്ടി കൃഷ്ണനു കല്പന.

നിന്റെ ഈ മാസം ൧൩-ാം ൹-ത്തെ ഹരജിയിൽ അപേക്ഷിച്ചപ്രകാരം എനിയും മൂന്നു മാസത്തെ കല്പന അനുവദിക്കാൻ പാടില്ല. ഈ ഉഷ്ണകാലത്തു വസൂരിദീനം അധികമായി അംശങ്ങളിൽ ഉണ്ടാവാനിടയുള്ളതിനാൽ എല്ലാവാക്സിനേററർമാരും പ്രവൃത്തിക്കു ആവശ്യമായിവരുന്നതാണ്. അതുകൊണ്ടു നിനക്കു അനുവദിച്ചിരിക്കുന്ന കല്പന അവസാനിക്കുന്നതായ ഈ ഏപ്രിൽ ൧-ാം ൹ നീ പണിയിൽ ഹാജരാവാത്ത പക്ഷം നിന്നെ ഉദ്യോഗത്തിൽനിന്നു പിരിപ്പാൻ ശിപാൎശി ചെയ്യുന്നതാണ്.

൧൮൯൨ മാച്ച് ൨൦-ാം ൹.

എം. കൃഷ്ണശേണായി. (ഒപ്പു)

വാക്സിനേഷൻ സുപ്രഡെണ്ട്.

6. അസിസ്റ്റാണ്ട് മജിസ്ത്രേട്ടിലേക്ക.

ഏറനാട്ട താസിൽദാർ ബോധിപ്പിക്കുന്നതു.

ഈ താലൂക്ക് കോടേരിഅംശം മക്രേരിദേശത്തു കരുവാൻ ആണ്ടിയുടെ മരണകാൎയ്യത്തെപ്പററി അന്വേഷിച്ചു റിപ്പോൎട്ട ചെയ്വാൻ മേലധികാരത്തിൽനിന്നു ൧൮൬൯ ആഗസ്റ്റ് ൧൨ ൹ ഉണ്ടായ കല്പന ആഗസ്റ്റ് ൧൬-ാം ൹ കിട്ടുകയും അതൊന്നിച്ചുണ്ടായ ഹരജിയും ദസ്താവേജകളും വായിച്ചു നോക്കുകയും പോലീസാപ്സരോട്ട കൂടി ഞാൻ ഉടനെ സ്ഥലത്തേക്കു പോയി ആഗസ്റ്റ് ൧൭-ം ൧൮-ം ൨൦-ം തിയ്യതികളിൽ അന്വേഷണം നടത്തുകയും ചെയ്തതിൽ കിട്ടിയ വിവരം താഴെ ബോധിപ്പിക്കുന്നു.

മേപ്പടി ആണ്ടിയും മററു കരുവാന്മാരും കൂടി കഴിഞ്ഞ ജൂലായി മാസം ൧൨-ാം ൹ പഴനിക്കു പുറപ്പെട്ടു പോയി എന്നും കൂടെ താനും ഉണ്ടായിരുന്നു, മടക്കത്തിൽ ആണ്ടിക്കു പനി പിടിച്ചു നടപ്പാൻകഴിയാതെ ഒരുദിവസം വഴിക്കു എടച്ചേരി അംശത്തിൽ താമസിച്ചു എന്നും മടങ്ങികുടിക്കെത്തിയതു ജൂലായി ൨൫-ാം ൹ ആയിരുന്നു എന്നും അവന്റെ ജ്യേഷ്ഠൻ കണ്ടപ്പൻ പറയുന്നു. ഇതിന്നനുസരിച്ചു കൂടെ പോയിരുന്ന കരുവാൻ രാമൻ, ചിണ്ടൻ, കണ്ണൻ ഇവരും സമീപസ്ഥന്മാരും പറയുന്നുണ്ടു. മടങ്ങികുടിക്കെത്തി കുറെ ഭേദമുണ്ടായിരുന്നു. പക്ഷെ ജൂലായി ൨൯-ാം ൹ ഒരടിയന്തരത്തിന്നു പോയി അപത്ഥ്യമായി ചിലതു കുടിച്ചതുകൊണ്ടു പനി അന്നുരാത്രി തിരികെ വരികയും പിറെറദിവസം പുലരുവാൻ നാലു നാഴികയുള്ളപ്പോൾ ശ്വാസം വലിതിടങ്ങിപുലരപുലര ആണ്ടി മരിച്ചുപോകയും ചെയ്തു എന്നു അവന്റെ അനുജന്മാരും കാരണവനും പറയുന്നു. പുറമെ ഞാനും ഹെഡ് പോലീസാപ്സരും ചെയ്തഅന്വേഷണത്തിലും പരമാൎത്ഥം ഇങ്ങിനെതന്നെയാണെന്നാണ് അറിയുന്നതു.

അതല്ലാതെ മരിച്ച ആണ്ടിയുടെ അളിയൻ കോമന്റെ ഹരജിയിൽ പറയും പ്രകാരം അടിയന്തരത്തിൽവെച്ചു ആണ്ടിയും കാരണവൻ ചന്തുവുമായി വാക്കേററമുണ്ടായി എന്നും മടങ്ങി കുടിക്കെത്തിയപ്പോൾ മേപ്പടി ചന്തു ആണ്ടിയെ ഇരിക്കുന്നപലകയെടുത്തു പുറത്തു തല്ലി അതുനിമിത്തം മരണമുണ്ടായതാണെന്നും വിശ്വസിപ്പാൻ തെളിവും സംഗതിയും കാണുന്നില്ല. കോമനും ചന്തുവും തമ്മിൽ അഞ്ചാറുമാസമായി മുഷിച്ചലാണ്. സംഗതി ഒരു കൊള്ളക്കൊടുക്ക എടവാട്ട കാൎയ്യമാണ് എന്നു ധാരാളം പുറത്തു വന്നിട്ടുണ്ടു. ഈ സംഗതിക്കു കോമൻ ചന്തുവിനെ ബുദ്ധിമുട്ടിക്കാൻ ഇങ്ങിനെഒരു പ്രസ്ഥാപം ഉണ്ടാക്കിത്തീൎത്തതല്ലാതെ യഥാൎത്ഥം അങ്ങിനെയല്ല. ഈ വിവരം ബോധിപ്പിച്ചിരിക്കുന്നു.

൧൮൬൯ ആഗസ്റ്റ് ൩൦ ൹.

രാമുണ്ണിമേനോൻ. (ഒപ്പു)
താസിൽദാർ.

Note. Malayalam letters do not admit of the same variety in the commencement or the conclusion, or in the form and arrangement of the *place* and the *date* as the English style of correspondence; the

number of examples, therefore under Exercise *B*. has been curtailed, but it is hoped that those given are sufficient to convey to the student an adequate knowledge of the formalities of Malayalam letter-writing.

Chapter IV.

The equivalent forms.

English is peculiarly rich in equivalent forms, which afford ample facility for variety of style and copiousness of expression. In the hands of a master they are docile servants that answer every purpose, and dance in obedience to the slightest inclination of his will; but in the case of those who cannot handle them properly, they become unruly and turbulent, creating no little confusion, and not unfrequently betraying such into very awkward and treacherous positions.

This is a mine of wealth to which the translator has often to resort, and dig deep too, when he finds himself nonplused by difficulties of idiom and construction. "A first work in English" is an excellent help in this respect, and cannot fail, if properly gone through, to give a very fair mastery of English. The absence of a similar work in Malayalam is highly to be deplored. It is to be hoped, however, that when Malayalam can boast of a classical prose literature, and when greater stress comes to be placed upon the style, construction and idiom of vernacular languages both in the class teaching, and the university papers, this *desideratum* will be supplied.

It is beyond the province of this work to enter into the details of the subject, and a bare enumeration is all that can be attempted here. On the side of Malayalam, the list is necessarily imperfect, as that would in itself afford sufficient scope for a separate work.

a.) **English.**

A Noun may be replaced by each of the following:

1. Pronouns.
   - Demonstrative pronouns 'this' and 'that', and their plurals 'these', and 'those'.
   - Indefinite pronouns 'one' and 'they'.
   - Numeral pronouns 'one' and 'none', 'either', 'neither', 'both', 'other', 'such' and 'so'.
   - Relative pronouns 'who', 'which', 'whose' and 'what'.
2. An Infinitive.
3. A Noun clause.

The Pronoun is likewise replaced by the 'noun' and 'noun-clause'.

An Adjective is replaced by each of the following:

1. A Participial phrase,
2. A Prepositional phrase,
3. A Possessive form,
4. A Participle,
5. A Noun-in-apposition,
6. An Adverb,
7. An Adverbial phrase,
8. An Adjective clause.

The Verb.

1. Complex predicates consisting of incomplete verb and noun, or incomplete verb and adjective, are replaced by single simple verb.
2. So also, the verb and its object may be replaced by a verb and adverb.
3. The active voice by the passive and vice versa.

An Adverb is replaced by

1. An Adverbial phrase,
2. An Adverbial clause.

An Infinitive (Absolute) by
  1. A Noun,
  2. A Noun clause,
  3. An Adverbial phrase,
  4. An Adverbial clause,
  5. A Co-ordinate sentence.

An Infinitive (Gerundial) by
  1. A Prepositional phrase,
  2. An Adverbial clause,
  3. A Co-ordinate sentence.

A Participle (Simple) by
  1. A Co-ordinate sentence,
  2. An Adjective,
  3. A Possessive case,
  4. A Noun-in-apposition,
  5. A Prepositional phrase,
  6. An Adjective clause,
  7. An Adverbial clause.

An Impersonal Participle of Condition by
  An Adverbial clause.

A Simple Participle with Conjunction, by
  An Adverbial clause.

A Possessive Case is replaced by
  1. An Adjective,
  2. A Prepositional phrase,
  3. A Participle,
  4. An Adjectival clause.

A Noun-in-Apposition is replaced by
  1. A Participle,
  2. An Adjectival clause.

A Prepositional Phrase by
  1. An Adjective,
  2. A Possessive case,

3. A Participle simple and absolute,
4. An Adjectival clause,
5. An Adverbial clause,
6. A Co-ordinate sentence.

A Prepositional Phrase of 'cause', 'manner' or 'purpose' is replaced by the 'Gerund'.

An Adjectival Phrase is replaced by an Adjective.

An Adverbial Phrase is replaced by

1. An Adverb,
2. A Co-ordinate sentence,
3. An Adjective clause.

A Noun Clause is replaced by

1. An Infinitive,
2. A Noun,
3. An Adverbial phrase.

An Adjective Clause is replaced by

1. An Adverbial clause,
2. Do. phrase,
3. An Adjective,
4. An Adjective phrase,
5. A Possessive case,
6. A Noun-in-apposition,
7. A Participle,
8. A Prepositional phrase.

An Adverbial Clause is replaced by

1. An Adverb,
2. An Adverbial phrase,
3. A Prepositional phrase,
4. A Participial phrase,
5. A Gerund,
6. An Adjective clause,
7. A Co-ordinate sentence.

A Co-ordinate Sentence is replaced by
1. A Prepositional phrase,
2. A Participle (simple and absolute).

A Co-ordinate Sentence Adversative is replaced by
An Adverbial clause of condition.

A Co-ordinate Sentence Illative is replaced by
1. An Adverbial clause of purpose,
2. An Adverbial clause of cause.

A Co-ordinate Sentence Imperative is replaced by
An Adverbial clause of condition.

A Co-ordinate Sentence Interrogative is replaced by
An Adverbial clause of condition.

b.) Malayalam.

The following are some of the equivalent forms in Malayalam.

The Noun (നാമം) is replaced by each of the following:

1. പുരുഷനാമം. കെട്ടിയവൻ; പെററമ്മ; ശവം ശേഷേ വെച്ചിരിപ്പതു നന്നോ.
2. ക്രിയാനാമം. അവൻ വരികകണ്ടു (വരവ് കണ്ടു) പാച്ചൽ തുടങ്ങി; വാങ്ങലും കൊടുക്കലും.
3. ഭാവിക്രിയാന്യൂനം. എനിക്കു തിന്മാൻ തന്നു; (തീൻ). അത്താഴത്തിന്നു കൂട്ടുവാൻ ഉണ്ടാക്കി (കറി).

The Adjective (നാമവിശേഷണം) is replaced by

1. Apposition (സമാനാധികരണം). എന്നുടെ സഖിരാമൻ, വീരൻ ദശരഥൻ.
2. Compound nouns (സമാസനാമങ്ങൾ). പൊന്മകൻ, നരച്ച വൃദ്ധകാക്കക്കള്ളൻ.
3. ക്രിയാന്യൂനം. പൊന്നും പണവും കൊടുത്താർ അസംഖ്യമായി; അവൻ ഊടാടിനടക്കാതെ ഇല്ലൊരു പ്രദേശവും; നാളെ വേണം അഭിഷേകം ഇളമയായി.
4. വളവിഭക്തികൾ.
   (*a*) സംബോധന. Chiefly in Sanskrit construction.
   ബാലേ, പൈങ്കിളിപ്പെണ്ണേ, തേന്മൊഴിയാളേ.

(*b*) സാഹിത്യം. വചനമതികടുമയൊടുകേട്ടു = അതികടുമയുള്ള വചനം കേട്ടു. അവനെ ഭംഗിയോടും കണ്ടു = അവനെ ഭംഗിയുള്ളവനായിക്കണ്ടു. ദേവകളോടു പോരിൽ = ദേവകളോടുള്ള പോരിൽ.

(*c*) തൃതീയ. മുത്തിനാൽ കുടകൾ പലതരം.

(*d*) പഞ്ചമി. രാമങ്കൽ നിന്നൊരു പേടി.

(*e*) ഷഷ്ഠി. താപസന്മാരുടെയും, വാഹിനിമാരുടെയും മാഹാത്മ്യ വംശത്തിൻെറയും ഉത്ഭവം.

(*f*) സപ്തമി, കാട്ടിലേ പെരുവഴിയമ്പലം (കാട്ടിലുള്ള).

5. പുരുഷനാമങ്ങൾ.

(നപുംസകൈകവചനം). അപഹരിച്ചത്. അൎത്ഥമുള്ളതെല്ലാം = ഉള്ള അൎത്ഥമെല്ലാം. വൈരം തീൎപ്പാൻ ശക്തിവേണ്ടുന്നതില്ല.

(നപുംസകബഹുവചനം). ചേലകൾ നല്ലവ വാരി = നല്ല ചേലകൾ വാരി. മാരിനേരായ ശരങ്ങൾ വരുന്നവ ഗദകൊണ്ടു തട്ടി.

(പുല്ലിംഗം ബഹുവചനം). ആറു ശാസ്ത്രികൾ വന്നവരിൽ ഒരുത്തൻ = വന്ന ആറു ശാസ്ത്രികളിൽ ഒരുത്തൻ. കൊന്നു ഞാൻ വീരർ വന്നവർ തമ്മെയെല്ലാം.

Note. The personal nouns in this case *follow* the subject.

6. നാമം, ആയിരം ഉപദേശം; ഒരു തുള്ളി വെള്ളം; മരത്തോക്ക്.

7. ശബ്ദന്യൂനോപവാക്യം. ഒട്ടധിയായുള്ള ധനം.

8. പടുവിന (The Passive voice). പരശുരാമനാൽ പടുക്കപ്പെട്ട ഭൂമി.

The Adverb (ക്രിയാവിശേഷണം) is replaced by

1. വിഭക്തികൾ.

(*a*) ആശ്രിതപ്രഥമ. വേഗം വന്നു; ഇവ്വണ്ണമെന്നോടു പറഞ്ഞു.

(*b*) സാഹിത്യം. ഊക്കോടു തച്ചുകൊന്നീടിനാൻ; വേഗമോടെഴുനീറ്റു.

(*c*) തൃതീയ. അൎത്ഥത്താൽ വലിപ്പം; ഖേദം തീൎത്തു വാക്യങ്ങളാൽ; വിഷാദേന കിം ഫലം.

(*d*) സപ്തമി. ഉച്ചത്തിൽ പറഞ്ഞു.

2. ഭൂതക്രിയാന്യൂനം. മാനിച്ചു പറഞ്ഞു. ചതിച്ചു വില്ക്കയോ ചെയ്തു? അമ്പുകൊണ്ടു മരിച്ചു.

3. **ഭാവിക്രിയാന്യൂനം.** പറവാൻ വന്നു; നാശമവന്നു വരായ്വാൻ ഉപദേശം ഈശ്വരാനുജ്ഞയാ ചെയ്തിതു.

4. **ഭാവരൂപം.** പഴക്കേ ചുട്ടു; മുറുകെ തഴുകി; നാഗങ്ങൾ ഒന്നൊന്നെ വീഴത്തുള്ളി.

The Verb (മുററുവിന).

The Neuter in തു serves practically for finite verbs; as, ഇതു നന്നാകിൽ തന്നായിതും; ശത്രുവായവർ ചത്തിതു തീയിൽ (past).

കേശവൻ ചൊന്നതേ ചെയ്തിതു ധൎമ്മജൻ (future).

ഭാരതമോട്ടുണ്ടാതോന്നാകിയ കഥയല്ലോ (negative).

ഭാവിക്രിയാന്യൂനം by ഭൂതക്രിയാന്യൂനം, as—കരഞ്ഞു തുടങ്ങി = കരവാൻ തുടങ്ങി; പഠിച്ച തുടങ്ങി.

ക്രിയാപുരുഷനാമം by സംഭാവന, as—നന്നല്ല മഹാവാക്യമാചരിക്കാഞ്ഞാൽ; മുമ്പിൽനിന്നുടെ മന്ദിരംപൂകിലോ വമ്പിഴയാമല്ലോ.

സംഭാവന by ക്രിയാന്യൂനം as—കഷായം കടിച്ച രോഗം ശമിക്കും.

Chapter V.

Proverbs, Quotations, and Mottos.

Proverbs do not hold the same dignified position in Malayalam that they do in English, nor are they of the same general occurrence in the writings and speeches of the educated Malayalee. They occur but rarely in Malayalam poetry, and when they do, their plebeian garb is usually exchanged for a more refined one; and it is in this latter form that they are generally quoted in classical Malayalam. A good many of them are vulgar, a few are colloquial, and only a very limited number ever attain to the position of their English cousins.

It thus happens that Europeans frequently fall into the error of introducing in the midst of a solemn discourse in Malayalam some proverbs that are low and vulgar in *form,* though they may contain great truths, to the great detriment of the gravity of the subject. The Malayalam proverbs have not yet received any systematic treatment, and beyond a bare collection of a thousand of them by the Basel German Society, Malayalam is yet without any work on proverbs. Nor are they to be met with in its literature with anything like the copiousness or frequency with which they occur in other languages. The Malayalam proverbs may therefore be said to remain still unwritten and to dwell chiefly on the tongue of the middle classes.

In searching for proper equivalents therefore the student will have to ransack Malayalam literature and listen to, and note down carefully, the conversation of the true Malayalee middle class society. The difficulty of the task is enhanced by the absence of any work on quotations or any selections in prose or poetry to fall back upon. The Malayalam Readers in use in our schools are either entire works as Chanakyasutram and Panchatantram, or prose translations of English pieces. No attempt is yet made to cull the gems of Malayalam literature, and it is a matter for surprise that the 'Vernacular Literature Society', or the 'Bhâshâpôshini Sabha' has not made any attempt in this direction.*

From the collection of equivalent proverbs given below, it will be seen that very few are exact equivalents both as to the *ideas* they embody and the *form* of expression in which they are clothed; a few such may, however, be noticed; as— 'Barking dogs seldom bite' കുരക്കുംപട്ടി കടിക്കാ. 'Burn not your house to frighten away the mice' എലിയെ കൊല്ലുവാൻ ഇടം ചുടൊല്ല. 'Care's no cure' അയക്ലേശത്തിന്നു മരുന്നില്ല. 'Do not kick against the pricks' കെട്ടിയ മരത്തോടു കത്തരുതു. 'Give and spend and God will send' തന്നു തന്നു തിന്നു കൊണ്ടിരുന്നാൽ പിന്നയും തമ്പുരാൻ തന്നുകൊണ്ടിരിക്കും. 'Every corn has its chaff' നെല്ലിൽ പതിരില്ലെന്നു വരാ. 'An enemy near at hand is better than a brother far off' ദൂരത്തെ ബന്ധുവെക്കാൾ അരികത്തേ ശത്രു നല്ലൂ. But in

---

*Dr. Gundert once published an Anthology containing selections in Prose and Poetry. A second edition of it has just appeared and it is under comtemplation to continue the series.—*Ed.*

the majority of cases they differ both as to the syntactic form and the verbal arrangement, and sometimes (1) a general statement in one language is met by a particular instance in the other, as—'Venture a small fish to catch a large one' കൊഞ്ചൻ കോരത്തു കൊളവനെ വക്കണം. (Bait a prawn to catch a carp). The English proverb here makes but a general statement and advises the baiting of any small fish for catching a large one; but Malayalam particularises the kind of small fish to be used as bait and the kind of large fish to be secured thereby. So also in the instances 'Be slow to promise, quick to perform ആനകൊടുക്കിലും ആശകൊടുക്കല്ല. (Give an elephant but never the hope of a present). 'Blessings are not valued till they are gone' കണ്ണുപോയാലേ കണ്ണിന്റെ കാഴ്ചയറിയൂ. (Sight is not valued till you lose your eyes). 'Crooked by nature is never made straight' നായിന്റെ വാൽ ഓടക്കുഴലിലിട്ടാലും വളഞ്ഞിട്ടു. (Put a dog's tail in a straight reed-tube and it will be crooked still). 'Cut your coat according to the cloth' വരവിനു സമാനം ചിലവുമതുവേണം. (Let the expenses be regulated by the income). 'He that hath nothing is afraid of nothing' പുരയില്ലാത്തവനുണ്ടോ തീപ്പേടി? (He who has no house, is not afraid of fire). (2) In some cases the items of comparison, or the examples chosen for illustration might differ, as the objects and features familiar to one country and nation might be unknown and unfamiliar to another. The following are a few examples of this class. 'The lost fish is the biggest 'പോയ പന്നി വലിയ പന്നി'. (The lost pig is the biggest). 'A thief knows a thief as a wolf knows a wolf' കള്ളനേ കള്ളക്കാൽ അറിഞ്ഞുകൂടൂ; പാമ്പിനേ പാമ്പിൻകാൽ അറിഞ്ഞുകൂടൂ. 'Between two *stools* you fall to the ground' രണ്ടു തോണിയിൽ കാലുവെച്ചതു പോലെ. 'Do not make *fish* of one and *flesh* of another' ഒന്നു പാലെന്നും ഒന്നു മോരെന്നും വെക്കരുത്. 'Fear not the loss of the *bell* more than the loss of the steeple' ആന ഒഴിക്കാം പിന്നെ തോട്ടി ഒഴിച്ചു കൂടേ? 'Had I fish, it is good without salt' ചോറുണ്ടെങ്കിൽ ഉപ്പും വേണ്ടാ. 'I talk of chalk and you of cheese' അരി എത്ര പയറഞ്ഞാഴി. 'One beats the bush and another has the hare' അടികൊൾവാൻ ചെണ്ടയും പണം വാങ്ങാൻ മാരാരും. (3) It is not rare to meet with examples where the same idea is expressed by obverse statements in different languages, as—'The used key is always bright' ഇരിമ്പും തൊഴിലും ഇരിക്കെ കെട്ടും. (Unused iron and trade decay). 'An old fox understands the trap' ഇളമാൻ കടവറിയാ. (A young stag *understands not* the trap). 'Empty vessels make the greatest sound' നിറപാത്രം തുളുമ്പുകയില്ലാ etc. (4) In a very large number of instances the syntactic forms of the proverbs do frequently differ and that to a very great extent, the assertive or the imperative of one language being met by the conditional or the interrogative in the other; and indeed the terse and impressive forms in which the hobnailed philosophy of the people is often cast would seem to suggest that their originators readily sacrificed every other consideration for the sake of a jingling rhyme, an apt illustration or a Laconic expression; so much so, that many proverbs are left grammatically incomplete: as instances of this class I may quote:—'If you wish for good advice consult an old man' മൂത്തോരെ വാക്കും മുതുനെല്ലിക്കയും etc. (Old man's words and ripe gooseberry). 'He that walketh with the virtuous is one of them' നല്ലവരോടു ചേൎന്നാൽ നല്ലതേ വന്നു കൂടൂ. 'He that hath nothing is afraid of nothing' പുരയില്ലാത്തവനുണ്ടോ തീപേടി. 'Fear not the loss of the bell more than the loss of the steeple' ആന ഒഴിക്കാം പിന്നെ തോട്ടി ഒഴിച്ചുകൂടേ? 'Crows are never the whiter for washing' കാക്കകുളിച്ചാൽ കൊക്കാകുമോ? 'A colt you may break, but an old horse you never can' അടക്കയായാൽ മടിയിൽ വെക്കാം കഴുങ്ങായാലോ? 'What! keep a dog, and bark myself' താൻ കടിക്കേണമെങ്കിൽ നായിനെ പോറ്റേണമോ? 'Too much of one thing is good for nothing' ഏറിപ്പോയാൽ കോരിപ്പോകും. 'What's an army without a general'? നാഥനില്ലാ പടയാകാ. 'When gold speaks every tongue is silenced' എറെ പറയുന്നവൻെറ വായിൽ ഒരു പണം. 'When the cat is away the mice will play' പൂച്ചയില്ലാ വീട്ടിലേ എലിയെപ്പോലെ. (5) A select number involve special allusions as the cranes of Ibycus, 'If the mountain will not come to Mohamet, Mohamet must go to the mountain.' The wearer knows best where the shoe pinches' വെള്ളത്തിലെ പോളേ, നീയേ സാക്ഷി. 'അരിനാഴിയേയുള്ളൂ നരിഒന്നേ ഉള്ളൂ'. 'ചങ്ങാതിയുടെ പയററിന്ന് എൻെറ കൈ നീളം'.' ഉള്ളതും പോയെൻെറ ഉണ്ണിയമ്മേ'. 'ഒട്ടുമില്ലാത്ത ഉപ്പാട്ടിക്ക്, ഒരു കണ്ടം കൊണ്ടും പോരേ'.

The above is a rapid analysis of some of the most frequent verbal disguises in which the same proverbial *ideas* appear in different languages. How a study of proverbs even of a single language is educating and refining in its effects, has been amply dwelt upon by Trench and other able writers; it therefore goes without saying that a comparison of them in different languages, must perforce be much more useful and interesting. Nothing tends to the illustration of a nation's character better than these sayings—lessons in History, Geography, and Natural history may be fossilised in them, and no one will ever repent the time and labour he spends over an investigation of them. It is undoubtedly a slur upon the patriotic feelings of the Malayalees for their mother-tongue that no attempt is hitherto made to collect and arrange them; it is true as already pointed out that the Malayalam proverbs have not that dignified appearance which would entitle them to be freely and aptly used in classical Malayalam, but still it is necessary that something should be done in this direction, and that ere long.

The student will carefully note the changes of *form* which proverbs assume in English and in Malayalam; it will help him a good deal in choosing appropriate equivalents, and will prevent him from being staggered at their apparent diversity at first sight, and above all, it will call forth one of the most important faculties in a student—that of recognising points of similarity under difference. It is needless to remark that *translations* of proverbs can never be proverbs. They are pre-eminently indigenous growth that can ill bear transplanting. The best he can do is to give the equivalent proverbs if he can lay hold of them, or give quotations containing the same *ideas*; and only when both these sources fail should he think of *translating* them. For further information on the subject, the student is referred to Brewer's Dictionary of phrase and fables, and Trench's excellent work on Proverbs. A dictionary of quotations may also be consulted with advantage. I give below a few of the English proverbs with their Malayalam equivalents, which it is hoped the student will largely supplement by his own observations and researches.

A bad jack may have as bad a jill.	കോങ്കണ്ണന്നു ചീങ്കണ്ണി. [യില്ല.
A bad thing never dies.	തലയുള്ളന്നും മൂക്കിലെ വെള്ളം വററുക
A bad workman quarrels with his tools.	സാധനദൂഷ്യമകൌശലലക്ഷണം.
A bird in the hand is worth two in the bush.	പിടിച്ചതിനെയും വിട്ടു പറക്കുന്നതിന്റെ വഴിയെ പായൊല്ല.
A black hen will lay a white egg.	കറുത്ത കോഴി വെളുത്ത മുട്ടയിട്ടു.
A blind man will not thank you for a looking glass.	കണ്ണുകാണാത്തവന്നു കണ്ണാടി കാട്ടുംപോലെ.
A burnt child dreads the fire.	ചൂട്ടുവെള്ളത്തിൽ വീണപൂച്ച പച്ചവെള്ളം കണ്ടാൽ ഓടും.
A child may have too much of his mother's blessing.	അമ്മ പോററിയ മക്കളും ഉമ്മ പോററിയ കോഴിയും.
A chip of the old block.	ആറു മുളത്തിൽ പാതിയല്ലേ മൂന്നു മുളം?
A clear conscience laughs at false accusations.	തീ തൊട്ടെങ്കിലേ പൊള്ളൂ.
A close mouth catches no flies.	ഉറങ്ങുന്ന പൂച്ച എലിയെ പിടിക്കയില്ല.
A cold May and windy makes a barn full and findy.	കുംഭത്തിൽ മഴപെയ്യാൽ കുപ്പയെല്ലാം ചോറു.
A colt you may break, but an old horse you never can.	അടക്കയായാൽ മടിയിൽ വെക്കാം കഴങ്ങായാലോ?
A crooked tree has a crooked shadow.	വളഞ്ഞ മരത്തിന്നു കോടിയനിഴൽ.
A crow thinks its own bird the fairest.	കാക്കക്കു തമ്പിള്ള പൊൻപിള്ള.
A cursed cow has short horns.	കുതിരക്കു കൊമ്പില്ല.
A cursed cur should be short tied. }	കടിക്കുന്ന നായിനെ കുറുക്കികെട്ടണം. കുത്തുന്ന പശുവിനെ 〃 〃
A curtain lecture.	തലയിണ മന്ത്രം.
A deluge of words and a drop of sense.	ആയിരം വാക്ക് അരപ്പലം തൂങ്ങാ.
A diamond is valuable though it lies on a dung-hill.	കുന്നിക്കുരു കുപ്പയിലിട്ടാലും മിന്നും.
A fair face may be foul bargain.	ഓമനപ്പെണ്ണ് പണിക്കാകാ.
A fair face may hide a foul heart.	അകത്തു കത്തിയും പുറത്തു പത്തിയും.
A friend in need is a friend indeed.	സങ്കടേ രക്ഷിക്കുന്ന മാനുഷനല്ലോ ബന്ധു.

After a storm comes a calm. After clouds comes clear weather.	ഒരു വേനലിന്നൊരു വൎഷം.
A full purse makes the mouth speak.	പെട്ടിയിൽ പണമുണ്ടെങ്കിൽ വായിൽ തോന്നിയതു ന്യായം.
A full purse never lacks friends.	അരി എറിഞ്ഞാൽ ആയിരം കാക്ക. നെല്ലുണ്ടെങ്കിൽ എലികണ്ണോത്തുന്നും എത്തും. ഏതാനുമുണ്ടെങ്കിൽ ആരാനുമുണ്ട്.
A good servant should have good wages.	എടുത്തതിന്നടുത്ത കൂലി. മെതിക്കുന്ന കാളയുടെ വാകെട്ടരുത്.
A good present need not knock long for admittance.	നിലത്തു വെച്ചാൽ മുഖത്തു നോക്കും.
A great ship must have deep water.	ആഴമുള്ള കുഴിക്കു നീളമുള്ള വടി.
A great tree hath a great fall.	വന്മരം വീഴമ്പോൾ ഇടിയപ്പൊളിയെ.
A good name is sooner lost than won.	ഉന്നതി വരുത്തുവാനേററവും പരാധീനം, പിന്നെയങ്ങധോഗതിക്കേററവുമെളുപ്പമാം.
A honey tongue, a heart of gall.	മധുതിഷ്ഠതിജിഹ്വാഗ്രെ ഹൃദയേതു ഹലാഹലം. വായ് ചക്കര, കൈ കൊക്കര.
A hungry dog will eat dung.	ഗതികെട്ടാൽ പുലി പുല്ലും തിന്നും.
A hungry man is an angry man.	വിശന്നോനോട്ടു കളിപറയൊല്ല.
A jest driven too far brings home hate.	കളികാതറുക്കും.
A joyful evening may follow a sorrowful morning.	രാവിലെ കരഞ്ഞവൻ വൈയിട്ട് ചിരിക്കും.
A lame traveller should get out betimes.	മുടന്തൻ കാലത്തേ പുറപ്പെടേണം.
A liar is not believed when he speaks the truth.	കളവു പറയുന്നവൻ നേർ പറഞ്ഞാലും ആരും വിശ്വസിക്കയില്ല.
A lie hath no feet.	കളവിന്നു കാലില്ല.
A little body often harbours a great soul.	കുറിയവന്നു നെടിയ ബുദ്ധി. ചെറുതു കുറുതു പണിക്കു വിരുതു.
A long tongue has short hand.	വായിചക്കര കൈകൊക്കര.
A man that keeps riches and enjoys them not, is like an ass that carries gold and eats thistle.	അൎത്ഥമുണ്ടായാലതുകൊണ്ടനുഭവിക്കാഞ്ഞാൽ, അൎത്ഥമുള്ളോരുമിരപ്പാളിയുമൊരു പോലെ.
A man's wealth is his enemy.	അൎത്ഥമനൎത്ഥം.
A mouse must not think to cast a shadow like an elephant.	മയിലാട്ടുംപോലെ ചെമ്പോത്താട്ടുമോ?
A new broom sweeps clean.	പുത്തൻപെണ്ണ് പുരപ്പുറം അടിക്കും.
An ill life, an ill end.	ആകുംകാലം ചെയ്യുതു ചാവുംകാലം കാണാം.
A pin a day is a groat a year.	ആയിരം മാഹാണി അറുപത്തുരണ്ടര.

A reconciled friend is a double enemy.	ബന്ധുവാകുന്ന ശത്രു ശത്രുവെന്നറിയേണം.
A rolling stone gathers no moss.	ഒലിപ്പിലെ കല്ലിന്നു പൂപ്പില്ല.
A scalded dog fears cold water.	ചൂട്ടവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ ഓടും.
A slip of the foot may be soon recovered; but that of the tongue perhaps never.	കയ്യിൽനിന്നു വീണാൽ എടുക്കാം വായിൽനിന്നു വീണാൽ എടുത്തുകൂടാ.
Ask my companion if I am a thief.	എന്നെക്കണ്ടാൽ ഒരു കിണ്ണം കള്ളനെ പോലെ ഇരിക്കുന്നോ?
A small spark makes a great fire.	തീയും നുണയും കുറച്ചു മതി.
A stranger close by is better than a brother far off.	ദൂരത്തേ ബന്ധുവെക്കാൾ അരികത്തേ ശത്രു നല്ലൂ.
A thief knows a thief as a wolf knows a wolf.	കള്ളനേ കള്ളങ്കാൽ അറിഞ്ഞൂട്ടു, പാമ്പിനേ പാമ്പിങ്കാൽ അിറഞ്ഞു കൂട്ടു.
A wilful man never wants woe.	താന്തോന്നിക്കും മേത്തോന്നിക്കും മരുന്നില്ല.
A wise head has a close mouth to it.	കണ്ടവൻ മിണ്ടുകയില്ല.
A wise man will make tools of what comes to him.	വല്ലഭമുള്ളവന്നു പുല്ലുമായുധം.
A young twig is easier twisted than an old tree.	അടക്കയാകുമ്പോൾ മടിയിൽ വെക്കാം കഴുങ്ങായാലോ? മുളയായാൽ നുള്ളാം, മരമായാലോ?
Action is the proper fruit of knowledge.	ശാസ്ത്രം പഠിച്ചതുകൊണ്ടു മതിയല്ല, ശാസ്ത്രോക്തമാചരിക്കാതേ ഫലം വരാ.
After a storm comes a calm.	ഒരു രാവുണ്ടെങ്കിലൊരു പകലുണ്ടു.
Against God's wrath no castle is thunder proof.	ഈശ്വരകല്പിതം ലംഘനംചെയ്യാമെന്നു വിശ്വാസികളാരും ചെറുമേ മോഹിക്കേണ്ടാ.
All covet all lose.	ഉള്ളതും പോയെന്റെ ഉണ്ണിയമ്മേ. അത്യാഗ്രഹത്തിന്നു അനൎത്ഥം.
All are not friends that speak me fair.	വെളുക്കചിരിക്കുന്നതെല്ലാം ചങ്ങാതിയല്ല.
All fellows at football.	കളിയിൽ ബാപ്പ മകൻ.
All is not gold that glitters.	മിന്നുന്നതെല്ലാം പൊന്നല്ല ഭോഷാ.
All one, but their meat must go two ways.	കളിയും ചിരിയും ഒന്നിച്ചു, വായും വയറും വെവ്വേറെ.
All the world will beat the man whom fortune buffets.	കിണററിൽ വീണ പന്നിക്കു കല്ലും പാറയും തുണ.
Alms are the golden key that opens the gate of heaven.	ധൎമ്മമെന്നുള്ള ദൈവം ചത്താലും കൂടെ പോരും.
Alms are the salt of riches.	സല്ക്കാരവ്യയം തന്നേ രക്ഷണം ധനത്തിന്നു.

Among the people Scoggin is the doctor.	മൂക്കില്ലാത്ത നാട്ടിൽ മുറിമൂക്കൻ വമ്പൻ.
An acute word cuts deeper than a sharp weapon.	ക്രൂരവാക്ശല്യം പറിച്ചീടും വൈദ്യനില്ല.
An artist lives everywhere.	വിദ്വാൻ സൎവ്വത്ര പൂജയേൽ.
An occasion lost cannot be redeemed.	പോയ ബുദ്ധി ആന വലിച്ചാൽ നീങ്ങുകയില്ല.
An old fox understands a trap.	ഇളമാൻ കടവറിയാ.
As bitter as gall.	കാഞ്ഞിരക്കായി പോലെകയ്പ് .
As black as coal.	കറുത്ത്, കറുത്ത് കരിക്കട്ട പോലെ.
As clear as a bell.	കിണ്ണത്തിന്നു ചൊട്ടും പോലെ.
As clear as crystal.	കണ്ണാടിച്ചില്ലു പോലെ.
As the old cock crows so crows the young.	അച്ചി കടിച്ച പുല്ലു കുട്ടിയും കടിക്കും.
As red as a cherry.	ചെക്കിപ്പഴം പോലെ.
As you sow so shall you reap.	കൊണ്ടാൽ കൊണ്ടു പറിച്ചു. വിതെക്കുന്നതു പോലെ കൊയ്യും.
Avarice increases with wealth.	തനിക്കു താൻ പോന്ന മഹത്തുക്കൾക്കും ധനത്തിലുള്ളാഗ്രഹമല്പമല്ല.
Barking dogs seldom bite.	കുരക്കുന്ന നായി കടിക്കയില്ല.
Beauty without bounty avails naught.	അഴകിരുന്നു കരയും, വിധിയിരുന്നു ചിരിക്കും.
Bent whilst it is a twig.	മുളയിന്നേ വളക്കണം; മുലക്കണ്ണു കടിക്കുമ്പോൾ കവിളിന്നുനുള്ളേണം.
Be slow to promise, quick to perform.	ആനകൊടുക്കിലും ആശകൊടുക്കല്ല.
Better half a loaf than no bread.	ഒട്ടുമില്ലാത്ത ഉപ്പാട്ടിക്കു ഒരു കണ്ടം കൊണ്ടും പോദര.
Better one word in time than two afterwards.	മുമ്പിൽ പറയേണ്ടതു വഴിയെ പറയല്ല.
Better penny in silver than any brother.	മടിയിൽ അരിയുണ്ടെങ്കിൽ പെങ്ങളെ വീട്ടു ചോദിക്കേണ്ടാ.
Between two stools fall to the bottom.	രണ്ടു തോണിയിൽ കാലു വെച്ചതു പോലെ.
Bind fast find fast.	കേമത്തിന്നു കേടില്ല.
Boil a stone in butter and you may sip the broth.	കട്ടിക്കൂട്ടിയാൽ കമ്പയും ചേരും.
Blessings are not valued till they are gone.	കണ്ണുപോയാലേ കണ്ണിന്റെ കാഴ്ചയറിയൂ.
Bring not a bagpipe to a man in trouble.	വേദനക്കു മോദനം ചേരില്ല; ശൂലവേദനക്കു വീണവായനയോ.
Building castles in the air.	ആകാശത്തിൽ കോട്ട കെട്ടുക; മനോരാജ്യം വിചാരിക്ക.

Burn not your house to frighten away the mice.	എലിയെ പേടിച്ചു പുര ചുട്ടാൽ എലി ചാടിയും പുര വെന്തും പോകും.
But help me to money and I'll help myself to friends.	നെല്ലുണ്ടെങ്കിൽ എലി കണ്ണോരത്തുന്നും എത്തും; അരി എറിഞ്ഞാൽ ആയിരം കാക്ക; ഏതാനും ഉണ്ടെങ്കിൽ ആരാനുമുണ്ടു.
Buying and selling is but winning and losing.	കച്ചവടത്തിൽ ലാഭവും ചേതവും ഉണ്ടാകും.
By the street of By-and-by one arrives at the house of never.	നാള നാളേതി നാളേതി പിന്നെയില്ലെന്നു നിർണ്ണയം.
Call not a surgeon before you are wounded.	നൊന്താൽ കരഞ്ഞാൽ പോരെ.
Care's no cure.	അയക്ലേശത്തിന്നു മരുന്നില്ല.
Charity begins at home.	തങ്കുലം വരട്ടി ധർമ്മം ചെയ്യല്ല.
Come uncalled sit unserved.	വിളിക്കാതെ വന്നാൽ വിളമ്പാതെ പോകേണം.
Constant dropping wears the stone.	ഇരുമ്പുരകല്ലും തേയും.
Covet nothing overmuch.	അതിമോഹം ചക്രം ചവിട്ടും.
Crooked by nature is never made straight.	നായിന്റെ വാൽ ഓടക്കുഴലിലിട്ടാലും വളഞ്ഞിട്ട്.
Crows are never the whiter for washing.	കാക്കകുളിച്ചാൽ കൊക്കാകുമോ.
Cupid is blind.	കാമത്തിന്നു കണ്ണില്ല.
Cut your coat according to the cloth.	വരവിന്നടുത്ത ചിലവു; വരവിന്ന് സമാനം ചിലവു മഥവേണം.
Danger past and God forgotten.	പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ ക്രൂരായണ.
Death defies the doctor.	ആസന്നമൃത്യുവിന്നൌഷധം പററില്ല.
Deceiving of deceiver is no knavery.	കട്ടവനോടു കട്ടാൽ ഒരു മൂളൽ.
Desperate cuts must have desperate cure.	ഉരത്തപാമ്പിന്നു പരുത്തവടി; ആഴമുള്ള കുഴിക്കു നീളമുള്ള വടി.
Difficulties give way to diligence.	ഉത്സാഹമുള്ള പുരുഷൻ തനിക്കോർത്താൽ മേരുപർവ്വതം താനുമുയരം പാരമില്ല; നിത്യാഭ്യാസി ആനയെടുക്കും.
Distance lends enchantment to the view.	ഇക്കരെ നില്ക്കുമ്പോളക്കരെ പച്ച.
Do not kick against the prick.	കെട്ടിയ മരത്തോടു കുത്തരുതു.
Do not look a gift horse in the mouth.	ദാനം കിട്ടിയ പശുവിന്റെ പല്ലു നോക്കരുത്.
Do not make fish of one and flesh of another.	ഒന്നു പാലെന്നും ഒന്നു മോരെന്നും വെക്കരുത്.
Drawn wells have sweet water.	കോരിയ കിണററിലേ ഉറവുള്ളൂ.

Early sow, early mow.	കാലത്തെ വിതച്ചാൽ കാലത്തെ കൊയ്യാം.
Empty vessels make the greatest round.	നിറപാത്രം തുളുമ്പുല്ല; അരപ്പാത്രം തുളു [മ്പും.
Every one puts his fault on times.	താന്താന്റെ ദോഷം ദശയുടെ കുററം.
Every tide hath its ebb.	ഒരു ഏററത്തിന്നു ഒരു ഇറക്കം.
Every why has a wherefore.	ഓണം വരേണ്ടുകിൽ ഒരു മൂലം വേണം.
Examples are better than precepts.	ശാസനാൽ കരണം ശ്രേഷ്ഠം.
Every corn has its chaff.	നെല്ലിൽ തുരുമ്പില്ലെന്നു വരുമോ.
Every man for himself.	താന്താൻ കുഴിച്ചതിൽ താന്താൻ; തൻ കൈയേ തലെക്കുതകു.
Fair feathers make fair fouls.	കാക്കോലവും മുക്കാച്ചമയവും.
Fair words fill not the belly.	പൊന്നാരം കുത്തിയാൽ അരിയുണ്ടാകയില്ല.
Fair words please fools.	പ്രത്യക്ഷസ്തുതികൊണ്ടു ദുൎജ്ജനം പ്രസാദിക്കും.
Fame is in the keeping of the mob.	വലിയവന്റെ മാനം എളിയോന്റെ ഊരയിന്മേൽ.
Fast bind fast find.	കേമത്തിന്നു കേടില്ല.
Faults are thick where love is thin.	ഇഷ്ടമില്ലാപ്പെണ്ണ് തൊട്ടതെല്ലാം കുററം.
Fear not the loss of the bell more than the loss of the steeple.	ആന കഴിക്കാം പിന്നെ തോട്ടി കഴിച്ചുകൂടേ?
Few things in the world will bear too much refining.	ഏറചിത്രം ഓട്ടപ്പെട്ടും.
From yielders all things take.	പതമുള്ളേടം പാതാളം.
Frost and fraud have foul ends.	ഉരുട്ടു പിരട്ടു ചിരട്ട.
Give and spend and God will send.	തന്നു തന്നു തിന്നിരുന്നാൽ പിന്നെയും തമ്പുരാൻ തന്നിരിക്കും.
Give an inch and he will take an ell.	വിരൽ വെക്കാൻ സ്ഥലം കൊടുത്താൽ ഉരൽ വെക്കും.
Give not pearls to the hogs.	കുരങ്ങിന്നു പൂമാല കിട്ടിയ പോലെ.
Go down the ladder when thou marriest a wife; go up when thou choosest a friend.	തന്നിൽ എളിയ ബന്ധുത്വം, തന്നിൽ വലിയ ചങ്ങാതി; തന്നിക്കെളിയതു പെൺജാതി; തന്നിൽ വലിയതു ചങ്ങാതി.
God helps those who help themselves.	അൎദ്ധം താൻ അൎദ്ധം ദൈവം.
God never sends mouth but he sends meat.	വായി കീറിയെങ്കിൽ ഇരയും കല്പിക്കും.
Good mind, good find.	
Good watch prevents harm.	സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടാ.
Grasp all, lose all.	ഉള്ളതും പോയെന്റുണ്ണിയമ്മേ.

Had I fish 'tis good without salt.	ചോറുണ്ടെങ്കിൽ ഉപ്പും വേണ്ടാ.
He doubles his gift who gives in time. He gives twice that gives in a trice.	കോടാതെ ഒരു കാണികൊടുത്താൽ കോടികൊടുത്ത ഫലം.
He may ill run that cannot go. He must not talk of running that cannot go.	നടക്കുവാൻ പഠിക്കുന്നതിന്നു മുമ്പെ ഓടുവാൻ പഠിക്കരുത്; ഇരിക്കും മുമ്പെ കാൽ നീട്ടൊല്ല.
He must stoop that hath a low door.	താന്നൊന്നൊളുതായാൽ, കോണത്തിരിക്കണം; പല്ലൊന്നൊളുതായാൽ മെല്ലെ ചവക്കണം.
He numbers the waves.	അവന്നു തിരയെണ്ണലാണ് പണി; നിഴൽ കടത്തുക.
He refuseth the bribe but putteth forth his hand.	വൈദ്യൻ പണം വാങ്ങുമ്പോലെ.
He that bringeth a present finds the door open.	നിലത്തു വെച്ചാൽ മുഖത്തു നോക്കും.
He that by the plough would thrive must either hold or drive.	ഒരുത്തനും കരുത്തനും കൃഷിയാകാ.
He that gets out of debt grows rich.	കടം വീടിയാൽ ധനം.
He that goes borrowing goes a sorrowing.	കടം കാലൻ.
He that gives to a grateful man puts out to usury.	ഒന്നു കൊടുത്താലിരട്ടിക്കുമിക്കാലം.
He that goes softly goes safely.	മെല്ലെതിന്നാൽ മുള്ളും തിന്നാം.
He that hath no silver in his purse, should have silver in his tongue.	കൊന്തലയില്ലെങ്കിൽ നാന്തല വേണം; കയ്യിൽ പത്തില്ലെങ്കിൽ വായിൽ പത്തു വേണം.
He that has nothing is afraid of nothing.	പുരയില്ലാത്തവന്നുണ്ടോ തീഭയം.
He that hordeth up money taketh pains for other men.	ഈററമായൻ തേടിയതു ചക്കരമായൻ തിന്നും.
He that's manned with boys and hors'd with colts shall have his meat eaten and work undone.	പിള്ളരേ പണിതീപ്പണി; പിള്ളർ പണിക്കാകാ.
He that lieth upon the ground can fall no lower.	ആകമുങ്ങിയാൽ ശീതമൊന്ന്; ഇഴയിന്മേൽ ഇഴയില്ല; മുഴയിന്മേൽ മുഴയില്ല.
He that runs fast will not run long.	പാഞ്ഞവൻ തളരും.
He that sharply chides is most ready to pardon.	അരിശമുള്ളവന്നേ പിരിശമുള്ളൂ. കോപമുള്ളോന്നേ കൂറുള്ളൂ.
He that sings on a Friday shall weep upon a Saturday.	ഇന്നു ചിരിച്ചവൻ നാളെ കരയും.
He that steals may hide.	കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കണം.

He that strikes with his tongue must ward with his head.	നാവു പറഞ്ഞിട്ടുള്ളിൽ പോകും കൊള്ളുന്നത് ചിറിക്ക്. (മുഖത്തു).
He that takes too great a leap falls into the ditch.	ഊക്കറിയാതെ തുള്ളിയാൽ ഊര രണ്ടുമുറി.
He that walketh with the virtuous is one of them.	ചന്ദനം ചാരിയാൽ ചന്ദനം മണക്കും; നല്ലവരോടുചേൎന്നാൽ നല്ലതേവന്നുകൂട്ടു.
He that wants health wants everything.	സൌഖ്യമെന്തെന്നു ചോദിച്ചാനൊരു നരൻ മുഖ്യം മഹാവ്യാധി കൂടാതെവൎത്തനം.
He that cannot be counselled cannot be helped.	താന്തോന്നിക്കും മേത്തൊന്നിക്കും പ്രതിയില്ല.
He that will not sail till all dangers are over, must never put to sea.	തിര അടങ്ങീട്ടു കപ്പൽ ഓടാൻ കൊതിക്കും പോലെ.
He who has an art has every-where a part.	വിദ്വാൻ സൎവ്വത്ര പൂജയേൽ.
He who would catch fish must not mind getting wet.	കൈ നനയാതെ മീൻ പിടിക്കാമോ.
He who spends more than he should, shall not have to spend when he should.	വേണ്ടാതെ ധാരാളിച്ചാൽ വേണ്ടുന്നേടത്തു അന്ധാളിക്കും.
High trees have great fall. High winds blow on high hills.	വന്മരം വീഴുമ്പോൾ ഇടിയപ്പൊളിയ.
His promises are lighter than the breath that utters them.	അവൻെറ വാക്കും പഴയ ചാക്കും ഒക്കും.
Hold not a candle to the devil.	കള്ളന്നു ചൂട്ടു പിടിക്കല്ല.
Honesty is the best policy.	നേർ പറഞ്ഞാൽ നേരത്തെ പോകാം.
Hunger is the best sauce.	വിശപ്പിന്ന് കറിവേണ്ടാ.
If I am a master and you are master who will drive the asses.	എല്ലാവരും തണ്ടിൽ കയറിയാൽ എടുപ്പാൻ ആൾ വേണ്ടേ?
If the mountain will not come to Mohamed, Mohamed must go to the mountain.	തെളിച്ചതിലേ നടക്കാഞ്ഞാൽ നടന്നതിലേ തെളിക്കേണം.
If you play with boys, you must take boys play.	പിള്ളെക്കു നൊണ്ണുകാട്ടൊല്ല.
If you wish good advice consult an old man.	മൂത്തോരെ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കയ്ക്കും പിന്നെ മധുക്കും.
Ill got, ill spent.	കട്ടതു ചുട്ടുപോകും.
Ill weeds grow apace.	പട്ടുമുളക്കു വളം വേണ്ടാ.
In at one ear and out at the other.	ഇക്കാതിൽ കൂടി കേട്ട് അക്കാതിൽ കൂടി പോയി.

In times of prosperity friends will be plenty. In times of adversity not one amongst twenty.	ഏതാനു മുണ്ടെങ്കിൽ എല്ലാരുമുണ്ടു, ഏതുമില്ലെങ്കിൽ ആരുമില്ല.
I talk of chalk and you of cheese.	അരി എത്ര? പയറഞ്ഞാഴി.
It is ill standing in deadman's shoes.	അച്ഛൻ ചത്തു കട്ടിലേറാൻ കൊതിക്കല്ല.
Lightly come lightly go.	കട്ടതു ചുട്ടുപോകം.
Like master like man.	യഥാരാജാ തഥാപ്രജാ.
Look before you leap.	വീഴന്നതിന്നു മുമ്പെ നിലം നോക്കണം.
Love is blind.	കാമത്തിന്നു കണ്ണില്ല.
Man, a bubble.	ജലത്തിലെ പോളകളെന്ന പോലെ, ചലം മനുഷ്യൎക്കു ശരീരബന്ധം.
Man proposes, God disposes.	കൊതി പോലെ വരില്ല, വിധി പോലയേ വരൂ.
Many a little makes a mickle.	പലതുള്ളി പെരുവെള്ളം.
Measure is a treasure.	ആററിൽ തൂകിലും അളന്നു തൂകണം.
Merry is the feast making till we come to the reckoning.	കണക്കപ്പിള്ളയുടെ വീട്ടുന്ന് കരിക്കലും പൊരിക്കലും, കണക്കെടുത്തു നോക്കുമ്പോൾ കരച്ചലും വിളിച്ചലും.
Might is right. Might overcomes right.	കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ.
Misfortunes seldom come single.	ശോകമെന്നതു വരുന്നേരത്തു കൂട്ടത്തോടെ.
Money is omnipotent.	പണത്തിന്നു മീതെ പരുന്തും പറക്കില്ല.
Most haste, worst speed.	അതിധൃതി ബഹുതാമസം.
Money makes the man.	പണമുണ്ടെങ്കിലേ മണമുള്ളൂ.
Music helps not tooth-ache.	ശൂലവേദനക്കു വീണവായന പററില്ല.
No cat is averse to fish.	മീങ്കണ്ടം വേണ്ടാത്ത പൂച്ചയില്ല.
No one is his craft's master the first day.	പഠിക്കുന്നതിന്നു മുമ്പെ ഗുരുക്കൾ ആകില്ല.
No pains no gains.	താരം അഴിയാതെ പൂരം കൊള്ളാമോ?
No viper so little but hath its venom.	നീൎക്കോലിയും മതി അത്താഴം മുട്ടിപ്പാൻ.
One beats the bush and another has the hare.	അടികൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരയാനും; കുത്തും വെട്ടും പലിശക്കു, പട്ടും വളയും പണിക്കൎക്കു.
One eye of the master sees more than four of the servants.	ആരാന്റെ കണ്ണുകൊണ്ടു നോക്കുന്നതിനേക്കാൾ തന്റെ പിരടികൊണ്ടു നോക്കുന്നതു നന്ന്.
One father can support ten children, ten children cannot support one father.	ഒരു അമ്മ പത്തു മക്കളെ പോററും, പത്തു മക്കൾ ഒരമ്മയെ പോററുകയില്ല.
Open the purse and then open the sack.	ഇക്കയ്യിൽ താരം അക്കയ്യിൽ പോള.

Out of debt, out of danger.	കടം കാലൻ.
Out of sight, out of mind.	ദൂരം വിട്ടാൽഖേദം വിട്ടു.
Penny and penny laid up will be many.	ആയിരം മാഹാണി അറുപത്തിരണ്ടര.
Penny wise and pound foolish.	കട്ടു ചോരുന്നതു കാണും ആന ചോരുന്നതു കാണില്ല.
Poor folks are glad of pottage.	ഇല്ലാത്തവൎക്കു ആമാടയുംപൊന്നു.
Prate is prate' tis money buys the land.	മലയരികെ ഉറവു, പണമരികെ ന്യായം.
Put another man's child in your bosom and he'll creep out at your elbow.	ആരാന്റേതിനെ ആറാണ്ടു് പോററിയാലും ആരാന്റേതു് ആരാന്റേതു് തന്നേ.
Put not the hand between the bark and the tree.	നീററിൽ തച്ചാൽ കോലേ മുറിയൂ.
Set a beggar on horse-back and he'll ride to the devil.	അല്പന്നു അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കു് കുട പിടിക്കും.
Set a thief to catch a thief.	കള്ളന്നേ കള്ളങ്കാലറിഞ്ഞു കൂട്ടു.
Sit in your place and no one can make you rise.	നിലക്കു നിന്നാൽ മലക്കു സമം.
Sluggards are never great scholars.	സുഖിക്കു വിദ്യയില്ല.
Smoke of one's house is better than the fire of another's.	തന്റെ അടുപ്പിലേ പുക ആരാന്റെ അടുപ്പിലേ തീയേക്കാൾ നന്നു; തനിക്കൊരു മുറമുണ്ടെങ്കിലേതവിട്ടിന്റെ രുചി അറിയൂ.
Smooth waters run deep.	മെല്ലവെ ഒഴുകും തണ്ണീർ കല്ലിന്നും കുഴിയെ ചെല്ലും.
So many countries so many customs.	ആറുനാട്ടിൽ നൂറുഭാഷ.
Spare the rod and spoil the child.	അടിയാക്കുട്ടി പഠിയാ; അടിയോളം നന്നല്ല അണ്ണന്തമ്പി.
Strike when it is hot.	ഉരുകമ്പോൾ വലിക്കണം.
Such a father, such a son.	യഥാ ബീജം തഥാങ്കുരം.
Talk of the devil and his imps appear.	ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാമവനെന്നു തോന്നും.
That is not always good in the maw that is sweet in the mouth.	വായിക്കു നല്ലതു വയററിന്നാകാ.
That, that is forced, is not forcible.	ഉന്തിക്കയററിയാൽ ഊരിപ്പോകും.
The best mirror is an old friend.	ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടാ.
The boughs that bear most hang lowest.	താണകണ്ടത്തിൽ എഴുന്നവിള.
The cat shuts its eyes when it steals cream.	കണ്ണു ചിമ്മി പൂച്ച നെയ് കുടിക്കും പോലെ.
The cranes of Ibycus.	വെള്ളത്തിലെ പോളേ നീയേ സാക്ഷി.
The longer east is shortest west.	ഏറകിഴക്കോട്ടു പോയാൽ പടിഞ്ഞാട്ടു്.
The lost fish is always the biggest.	പോയ പന്നി വലിയ പന്നി.

The moon does not mind the barking of dogs.	നിലാവിനെ നോക്കി നായികരക്കും പോലെ.
The peril passed, and the saint mocked.	പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ കൂരായണ.
There could be no great ones if there were no little.	വലിയവന്റെ മാനം എളിയവന്റെ ഊരമേൽ; എളിയവനില്ലെങ്കിൽ വലിയവനില്ല.
The river passed, and Godforgotten.	പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ കൂരായണ.
The thorn comes with the thorn forward.	മുള്ളിന്ന് മുളയിലേ മുന മുമ്പോട്ടു.
The wearer best knows where the shoe pinches.	തനിക്കിറിങ്ങിയാൽ തനിക്കറിയാം.
The used key is always bright.	ഇരിമ്പും തൊഴിലും ഇരിക്കേ കെട്ടും.
To add fuel to the fire.	കത്തുന്ന തീയിൽ നൈകോരിപ്പകരുക.
To naught it comes that comes from naught.	പകരാതെ നിറച്ചാൽ കോരാതെ ഒഴിഞ്ഞുപോകും.
Too much familiarity breeds contempt.	മിററത്തെ മുല്ലക്കു മണമില്ല; പെരിയക്കലേ ത്തുവക്കരച്ചില്ല.
Too much consulting confounds.	ആളേറ കൂടിയാൽ പാമ്പും ചാകയില്ല; അളവു കടന്നാൽ അമൃതും നഞ്ചു.
Too much of one thing is good for nothing.	ഏറിപ്പോയാൽ കോരിപ്പോകും.
Too too will in two.	ഏറ വലിച്ചാൽ കോടിയും കീറും.
To steal a hog and give away the feet in alms. To steal the goose and give the giblet in alms.	പശുവിനെ കട്ടിട്ടു കടച്ചിയെ ധർമ്മം ചെയ്യും പോലെ.
Tread on a worm and it will turn.	ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല.
Two of a trade seldom agree.	വൈദ്യന് വൈദ്യനെ കണ്ടു കൂടാ; മൊയിലിയാക്കു മൊയിലിയാരെ കണ്ടുകൂടാ; നായിക്കു നായി വഴിതെററുമോ.
Use makes perfectness.	ഓലകളഞ്ഞവൻ എഴുത്തുകാരൻ.
Venture a small fish to catch a large one.	കൊഞ്ചൻ കോത്തുകൊളുവനെവക്കണം.
We know not which stone the scorpion lurks under.	ഏതു പൊത്തിൽ പാമ്പുണ്ടെന്നറിയുന്നില്ല.
What! keep a dog and bark myself.	താൻ കടിക്കേണമെങ്കിൽ നായിനെ പോറേറണമോ.
What is an army without a general.	നാഥനില്ലാത്ത പടയാകാ.
When gold speaks every tongue is silenced.	ഏറപ്പറയുന്നവന്റെ വായിൽ ഒരു പണം.

When I have thatched his roof he would have hurled me from the roof.	കാട്ടു വീടായാൽ ആശാരികണ്ടത്തിൽ.
When the cat is away the mice will play.	പൂച്ചയില്ലാ വീട്ടിലേ എലിയെപ്പോലെ.
When the fox is asleep nothing falls into his mouth.	ഉറങ്ങുന്ന പൂച്ച എലിയെ പിടിക്കയില്ല.
When the steed is stolen you shut the door.	വസ്തുപോയാലേ ബുദ്ധിതോന്നു.
When the tree is fallen every one goes to it with a hatchet.	കിണററിൽ വീണ പന്നിക്കു കല്ലും പാറയും തുണ.
When the well is dry we know the worth of water.	കണ്ണുപോയാലേ കണ്ണിന്റെ കാഴ്ചയറിയൂ.
When you are at Rome, do as Rome does.	ഹിരണ്യനാട്ടിൽ ചെന്നാൽ ഹിരണ്യായ നമഃ; ചേരതിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം.
Where the carcase is the ravens will gather.	പശു ചത്തേടത്ത് കഴുക് എത്തുമ്പോലെ.
Where the dam leaps the kid follows.	അച്ചി തുള്ളിയ കട കുട്ടിയും ചാടും.
Where there is a will there is a way.	വേണ്ടുകിൽ ചക്ക വേററിന്മേലും കായ്ക്കും.
Where there is smoke there is some fire.	തീയില്ലാതെ പുകയുണ്ടാകയില്ല.
Who eats his dinner alone, must saddle his horse alone.	അരിനാഴിയേ ഉള്ളു എങ്കിൽ പുലി ഒന്നേ ഉള്ളൂ.
Who spits against heaven it falls in his face.	മലന്നു കിടന്നു തുപ്പിയാൽ മാറത്ത്.
Wolves may lose their teeth but not their nature.	നരി നരച്ചാലും കടിക്കും.
Women's jars breed men's cares.	കനകം മൂലം കാമിനി മൂലം കലഹം സുലഭം.
Years of joy for hours of sorrow.	അല്പദുഖത്തിന്ന് അതിസുഖം.
You are very free of another man's pottage.	ചങ്ങാതിയുടെ വയററിന്നു എന്റെ കൈ നീളും; എന്റെ വിളമ്പൽ കാണ്മാൻ ആരാന്റെ പന്തലിൽ വാ.
You came a day after the fair.	കളിയും കഴിഞ്ഞു വിളക്കും എടുത്തപ്പോഴോ നീ വരുന്നു.
You give the wolf the wether to keep.	നരിയുടെ കയ്യിൽ കടച്ചിയെ പോററുവാൻ കൊടുക്കല്ല.
You have a tangled skin of it to wind.	അരപ്പലം നൂലിന്റെ (കുഴക്കുണ്ട്) ചുററലുണ്ട്.
You keep Easter when I keep Lent.	എനിക്കു ചാവും നിനക്കു മംഗലവും.
You want to taste the broth as soon as the meet is in.	അരിനീളും മുമ്പെ ചിറിനീളൊല്ലാ.

4. Exercise A.

1) Right wrongs no man.
2) Old sins breed new sores.
3) Forewarned, forearmed.
4) Common fame is seldom to blame.
5) Haste makes waste.
Note. The top of the shoots then draw out laterals etc. കൊമ്പിന്റെ അറ്റത്തിൽനിന്നു പടക്കൊമ്പുകൾ നാലുഭാഗവും പൊട്ടി etc. Open to air and sun കാറ്റും വെയിലും തട്ടുവാൻ തക്കവണ്ണം വെളിവായിരിക്കണം. Thin spindly wood നേരിയ ക്ഷീണിച്ച കൊമ്പുകൾ. With a bold stroke etc. ഒരു കൊത്തിന്നു മുറിച്ചുകളയേണം. No splintering allowed ചീന്തിപ്പോവാൻ or ചതഞ്ഞുപോവാൻ സമ്മതിക്കരുതു. Suckers നിലത്തിന്നുള്ളിൽനിന്നു പൊടിച്ചു വളരുന്ന മുളകൾ.

6. The Giraffe.

The Giraffe appears to bear the characteristics of the antelope and the camel. The height of the animal varies from fifteen to eighteen feet. Its beautiful long neck enables it to browse on the leaves of the trees on which it feeds. On its head are two remarkable projections resembling horns. Those projections are not horns, but only thickening of the bone of the skull covered with skin and bearing a tuft of black hair at the extremity of each. The fore legs at first sight appear longer than the hind ones, but this apparent difference is only caused by the great length of the shoulder-blades. Its eyes are very large and prominent, so that the animal can see on every side without turning its head. Just over and between the eyes is a bony prominence resembling the projecting enlargement of the skull. When it wishes to repel an assailant it has recourse to violent and rapid kicks from its hind legs; so light and swift are these kicks, that the eye can scarcely follow them, and so powerful are they, that the lion is not unfrequently driven off by them.

The appearance of this animal in its native haunts is very magnificent. The gigantic and exquisitely beautiful animals, which are admirably formed by nature to adorn the forests that clothe the boundless plains of the interior, are widely distributed throughout Southern Africa, but are nowhere to be met with in large numbers. In countries unmolested by the intrusive foot of man, the Giraffe is found generally in herds varying from twelve to sixteen. These herds are composed of Giraffes of various sizes, from the young Giraffe of nine or ten feet in height to the large chestnut coloured old bull of the herd, whose exalted head towers above his companions, generally attaining to the height of eighteen feet. When a herd of them is seen scattered through a grove of the picturesque parasol-topped acacias which adorn their native plains, and on whose uppermost shoots they are enabled to browse by the colossal height with which nature has endowed them, he must indeed be slow of conception who fails to discover both grace and dignity in all their movements.

Wood's Natural History.

7. Praise of Kashmir.

Kashmir is a country the natural advantages of which can hardly be overstated. Its soil is of a fertility that certainly equals that of Italy. Every kind of climate can be had by ascending the slopes of the Himalayas, and therefore every sort of fruit and cereal will come to perfection; its water supply is perfect and constant. Its mineral wealth is great though quite undeveloped. Its scenery is so magnificent that visitors from all parts of the world are attracted to it, and these buy its products and leave everywhere a silver deposit. Its forests are inexhaustible; and finally its position gives it immense value from a military and political point of view; and in consequence, it will always be protected by the English. With all these advantages, Kashmir is always on the verge of bankruptcy, always in debt, always in arrears, and all for want of a firm civil administration to prevent the endless frauds and corruption by which the revenues are turned aside into the grasping hands of greedy and lazy officials. *Cornhill Magazine.*

Note. The first sentence. . . . . ഒരു രാജ്യമാണ് കാശ്മീരം. Leave a silver deposit പ്രതിയായി വെള്ളിനാണ്യങ്ങൾ കൊടുക്കുന്നു. With all these advantages ഇത്രയൊക്ക കാൎയ്യങ്ങൾ അനുകൂലമായി ഉണ്ടായിട്ടും. Grasping hands അത്യാഗ്രഹികളായ.

8. Loch Katrine.

The summer dawn's reflected hue
To purple changed Lock Katrine's blue,
Mildly and soft the western breeze
Just kiss'd the lake, just stirr'd the trees,
And the pleased lake, like maiden coy,
Trembled, but dimpled not for joy;
The mountain shaddow on her breast
Were neither broken nor at rest;
In bright uncertainty they lie,
Like future joys to Fancy's eye;
The water-lily to the light
Her chalice rear'd of silver bright;
The doe awoke and to the lawn,
Begemm'd with dewdrops, led her fawn;
The grey mist left the mountain side,
The torrent show'd its glistening pride;
Invisible in flecked sky,
The lake sent down her revelry;
The blackbird and the speckled thrush
Good-morrow gave from brake and bush;
In answer coo'd the cushat dove
Her notes of peace, and rest, and love. *Sir Walter Scott.*

Note. The first two lines.—വേനല്ക്കാലത്തിലെ അരുണോദയത്തിന്റെ ആഭ കാറ്റ്രയിൻതടാകത്തിൽ പ്രതിബിംബിക്ക നിമിത്തം അതിന്റെ സാധാരണ നീലവൎണ്ണം കടുംചുകപ്പായി മാറി. The mountain shadow on her breast etc. പൎവ്വതത്തിന്റെ നിഴൽ അതിന്മേൽ പതിഞ്ഞുകിടന്നിരുന്നതു ഭിന്നിച്ചു എന്നും ഇല്ലാ എന്നും പറവാൻ പാടില്ല. The water-lily to the light etc. താമരകൾ വെള്ളി കുത്തുവിളക്കുകൾ ഏന്തിപ്പിടിച്ചതു പോലെ തങ്ങളുടെ പുഷ്പങ്ങളെ വിടൎത്തി. The doe awoke etc. ഏണങ്ങളും ഉണൎന്നു, ഹിമകണങ്ങളെക്കൊണ്ടു രത്നദീപ്തിയോടെ ശോഭിക്കുന്ന തൃണഭൂമിയിലേക്കു തങ്ങളുടെ പോതങ്ങളേയും കൂട്ടി നടന്നു. The lack sent down her revelry തടാകത്തിൽനിന്നും ആഹ്ലാദശബ്ദങ്ങൾ പ്രതിദ്ധ്വനിച്ചു—എങ്ങിനെയെന്നാൽ. Good-morrow gave—കുശലപ്രശ്നംചെയ്തു.

EXERCISE B.

i. *Narrative Simple and Humorous.*

1. മൂഷികമാൎജ്ജാരയുദ്ധം.

എലിക്കുലത്തിലേക്കെജമാനനായ
പെരിച്ചാഴി തന്റെ മരുമകനായൊ
രെലിക്കിടാവിനെ പിടിച്ച തിന്നു പോ
യരിമ്പുറനാട്ടിലുടയ മന്നന്റെ
മണിഗ്രഹത്തിങ്കൽ വളൎന്ന മാൎജ്ജാരൻ
പതിനൊന്നു പേരിൽ മികവനാകിയ
കരിമ്പൻ പൂച്ചയും പരിഷയും കൂടി
അതു കേട്ട നേരം നടിച്ചന്നാട്ടിലു
ള്ളെലിക്കൂട്ടമെല്ലാമൊരുത്തിയിൽ കൂടി.
തടിച്ച നച്ചെലി വെളിച്ചപ്പാടുണ്ടായി
‘പരക്കെ ലോകരേ അവസ്ഥകേൾക്കണം
ശിരസ്സു പത്തുമങ്ങിരുപതുകയ്യും
ധരിച്ച രാജനായിരിക്കുന്ന വീരൻ
മനുഷ്യരാജന്റെ കളത്രത്തെ കട്ടു
സമുദ്രവും കടന്നുടനെ ലങ്കയി
ലിരുന്നവർ പടയുറച്ച തങ്ങളിൽ
പൊരുന്ന നേരത്തു മുറിഞ്ഞു രാക്ഷസർ
മരിച്ചിതക്കാലം മനുഷ്യർ കയ്യാലേ
അതു പോലെ ജയം നമുക്കറിഞ്ഞാലും
ഒരു ഭാഗം ജയം വരുമെന്നോൎക്കണം.’
ഇവയെല്ലാമങ്ങു പറഞ്ഞു നച്ചെലി
വെളിച്ചപ്പാടുമങ്ങടങ്ങിമെല്ലവേ.
അറിഞ്ഞു പൂച്ചകളടുത്തു കൂടുന്നു
പലരോടും കൂടിവരുന്നു മാൎജ്ജാരൻ
അതുകേട്ടന്നേരമരണയുമോന്തും
നമുക്കും പോയ്യെല്ലെയുറച്ച നില്ക്കണം
പറഞ്ഞിരുവരുമൊരുമിച്ച ചെന്നു
മണിഗ്രഹത്തിന്റെ സവിധേ നിന്നിതു.
അതിചതുരത കലൎന്ന വൃത്താന്തം
വിരവോടു കേട്ടു പരന്തും കാകനു
മതിമോദത്തോടു പറന്നിരുവരും
തെളിഞ്ഞു വൃക്ഷാഗ്രെ മരുവിനാരവർ
അവരെ കൊന്നാലുമിവരെ കൊന്നാലും
പറന്നു കൊത്തീട്ടു ശവങ്ങൾ ഭക്ഷിക്കാം.

Note. നച്ചെലി the musk shrew. വെളിച്ചപ്പാടുണ്ടായി was the oracle. വെളിച്ചപ്പാടുമങ്ങടങ്ങി the oracle became silent.

അവരെകൊന്നാലുമിവരെകൊന്നാലും
പറന്നു കൊത്തീട്ടു ശവങ്ങൾ ഭക്ഷിക്കാം if these or those fall, it is all one to us — we may swoop down upon the carcasses and have a feast.

2. അൎജ്ജുനന്റെ തപോവീൎയ്യം.

അൎജ്ജുനൻ പണ്ടൊരുകാലം ശങ്കരനെ തപം ചെയ്തു
അത്ഭുതമാം പാശുപതം ലഭിപ്പാനായി
മന്ദരമാം പൎവ്വതത്തിൻ മൂലഭാഗെ ചെന്നു കൂടി
സുന്ദരനാം പാണ്ഡുപുത്രൻ വസിക്കും കാലം
ഉഗ്രമായ തപംകൊണ്ടു ലോകമെല്ലാം ഭയപ്പെട്ടു
വ്യഗ്രഭാവങ്ങളെ പൂണ്ടു ദേവരാജാവും
അൎജ്ജുനന്റെ തപോവിഘ്നം വരുത്തുവാനിന്ദ്രനപ്പോൾ
അപ്സരസ്ത്രീകളെപ്പാടെ യാത്രയുമാക്കി.
സുന്ദരിമാരതുകാലം ചെന്നു പാണ്ഡുതനയന്റെ
മുന്നിൽനിന്നു വിലാസങ്ങൾ പലതും ചെയ്തു
പാട്ടു പാടി കളിക്കയും പാണിതാളം പിടിക്കയും
ആട്ടമോരോവിധം കാട്ടി ഫലിപ്പിക്കയും
ചന്ദനവും പനിനീരും കോരിവാരിത്തളിക്കയും
ചന്ദ്രബിംബമിളകുമ്പോളിന്ദിശാപാടി
എന്നു വേണ്ടാ പലഘോഷം സുന്ദരിമാർ പ്രയോഗിച്ചു
ഒന്നുകൊണ്ടുമിളകീല പാണ്ഡവവീരൻ
പാട്ടുകൊണ്ടും ഫലിച്ചീല കൂത്തുകൊണ്ടും ഫലിച്ചില്ലാ
പാട്ടിലാക്കാനെളുതല്ലെന്നവൎക്കു തോന്നി.
നാരിമാരും കൂട്ടമെല്ലാം നാണവും കെട്ടങ്ങുമാറി
നാണിഭത്തിന്നന്നുതൊട്ടു കുറവും വന്നു.
അൎജ്ജുനന്റെ തപോവീൎയ്യം കൊണ്ടു പാരം ബുദ്ധിമുട്ടി
അഷ്ടലോകാധിപന്മാരും മാമുനിമാരും.
ദേവരാജൻ മുതലായ ദേവവൃന്ദം പുറപ്പെട്ടു
ദേവദേവൻ തിരുമുമ്പിൽ ആവലാധിക്കായി.

കിരാതം വഞ്ചിപ്പാട്ടു.

Note. പണ്ടൊരു കാലം once upon a time; in times of yore. മന്ദരമാം പൎവ്വതത്തിൻ മൂലഭാഗേ ചെന്നുകൂടി repaired to the foot of mount Mandara. ലോകമെല്ലാം ഭയപ്പെട്ടു all the world stood aghast. വ്യഗ്രഭാവത്തെ പൂണ്ടു ദേവരാജാവും the Lord of the gods trembled for his safety; the Lord of heaven became alarmed. അപ്സരസ്ത്രീക

ളെപ്പാടെ യാത്രയുമാക്കി deputed the whole bevy of heavenly nymphs. വിലാസങ്ങൾ പലതും കാട്ടി made use of various blandishments. പാട്ടിലാക്കാനെളുതല്ലന്നവൎക്കു തോന്നി they were convinced of the utter futility of their attempt to entice him. നാണവുംകെട്ടങ്ങുമാറി retired crest-fallen. നാണിഭത്തിന്നന്നുതൊട്ടു ഹാനിയും വന്നു from that day their reputation was irretrievably lost.

3. ശംബരവധം.

ഗോവിന്ദനായോരു മന്ദരം തന്നിലേ
മേവുന്ന മന്ഥനം കൊണ്ടു ചെമ്മെ
പ്രദ്യുമ്നനായോരു നൽതിങ്കളുണ്ടായി
രുഗ്മിണിയായോരു പാൽക്കടലിൽ
ശംബരനായുള്ള ദാനവനെന്നപ്പോൾ
നമ്മുടെ വൈരിയിതെന്നു നണ്ണി
പെററൊരു നേരത്തു പെട്ടെന്നു ചെന്നിട്ടു
മററാരും കാണാതെ കൊണ്ടുപോയി
പാൽക്കടൽ തന്നിലെറിഞ്ഞു നിന്നീടിനാൻ.
പൈപെരുത്തീടിന മീനമപ്പോൾ
വാരിധിചാരർ പിടിച്ചുകൊണ്ടന്നേരം
ബാലകം പൂണ്ടോരമ്മീനം തന്നെ.
സൎപ്പത്തെ പൂണ്ടൊരു ഭാജനംപോലെ ചെ
ന്നപ്പോഴെ നൽകിനാൻ ശംബരനും.
പാചകരന്നേരം വാൾകൊണ്ടു മീനത്തെ
പാരാതെ ചെന്നങ്ങു കീറുന്നേരം
പേയില്ലയാതൊരു പൈതലെ കണ്ടിട്ടു
ക്ഷ്മാപതിക്കായിട്ടു നൽകി നിന്നാർ.
നാരദഞ്ചൊല്ലിന വാൎത്തയെ കേട്ടു നി
ന്നാദരവോടവൾ പൈതൽ തന്നേ
തന്നുടെ കാന്തനാം കാമനെന്നിങ്ങിനെ
നിൎണ്ണയിച്ചമ്പിൽ വളൎത്തുകൊണ്ടാൾ.
മെല്ലമെല്ലങ്ങു വളൎന്നു വളൎന്നവൻ
നല്ലൊരു യൌവനം പൂണ്ടകാലം
കാമിച്ചുനിന്നൊരു മാനിനി തന്നോടു
നാണിച്ചുനിന്നു പറഞ്ഞാനപ്പോൾ
അംബയായുള്ളോരു നിന്നുടെ ഭാവങ്ങൾ
സമ്മതിക്കൂടാതെ കണ്ടതെന്തേ.
എന്നങ്ങു കേട്ടവളിങ്ങിനെ ചൊല്ലിനാ
ളെന്നുടെ കാന്തനായിനിന്നതു നീ.

കന്ദൎപ്പൻ നീയെന്നു നിൎണ്ണയിച്ചാലുമി
നിന്നുടെ കാന്തയായി നിന്നതു ഞാൻ.
നിന്നുടെ വൈരിയായുള്ളോരു ശംബരൻ
തന്നേ നീ കൊല്ലുവാനെന്നു നണ്ണി
ശംബരന്തന്നുടെ മന്ദിരം തന്നിലേ
നിന്നു മുഷിഞ്ഞു ഞാനിത്രനാളും.
എന്നതു കേട്ടവനുള്ളിലങ്ങുണ്ടായി
തന്നുടെ വേല കഴിഞ്ഞതെല്ലാം.
ക്രുദ്ധനായി നിന്നങ്ങു ശംബരന്തന്നോടു
യുദ്ധം പിണഞ്ഞവൻ തന്നെയപ്പോൾ
അന്തകന്തന്നുടെ മന്ദിരം പൂകിച്ചു
ചന്തത്തിൽ തന്നുടെ കാന്തയുമായി
പാരുററു നിന്നൊരു ദ്വാരക തന്നിലേ
പാരാതെ ചെന്നങ്ങു പൂകുന്നേരം
കണ്ടുകണ്ടീടുന്ന കാമിനിമാരെല്ലാം
കൊണ്ടൽനേർവൎണ്ണന്താനെന്നു നണ്ണി
പേടിച്ചു പോയി മറഞ്ഞു നിന്നീടിനാർ
കേടററു പിന്നേയും തേടി നിന്നാർ
ആരിതെന്നിങ്ങിനെ ശങ്കിച്ചു നിന്നാര
ദ്വാരക തന്നിലേ ലോകരെല്ലാം.
തന്നുടെ ബാലകന്താനിതെന്നിങ്ങിനെ
തന്നിലേ നണ്ണിയണഞ്ഞനേരം.
വൈദൎഭി തന്നുടെ പൊർമുലക്കോരകം
വൈകാതെനിന്നു ചുരന്നിതപ്പോൾ
നാരദമാമുനി പാരാതെ ചെന്നുടൻ
ദ്വാരകയാകിനപ്പൂരിലപ്പോൾ
കീഴിൽ കഴിഞ്ഞുള്ള വസ്ഥകളെല്ലാമേ
കോഴപ്പെടാതെയങ്ങോതിയോതി
നിന്നുടെ ബാലകന്താനിവനെന്നവൾ
തന്നോടു നിന്നങ്ങു ചൊന്നനേരം
എന്നുടെ പൈതലിവന്താനെന്നങ്ങവൾ
നിൎണ്ണയിച്ചമ്പോടു പൂണ്ടുകൊണ്ടാൾ
അംഗജന്തന്നുടെ സംഗതി തന്നാലേ
മംഗലമാൎന്നു മാലോകൎക്കും.

കൃഷ്ണഗാഥ.

Note. The first four lines may be rendered as a simile thus — Govinda had by his wife Rugmini a son called Prathyumna, like the full moon out of the churning of the milk-sea with mount Mandara. നിന്നുടെ ഭാവങ്ങൾ സമ്മതിക്രുടാതെ കണ്ടതെന്തേ how is it I see your manners are not what they ought to be.

വൈദൎഭി തന്നുടെ പോർമുലക്കോരകം
കൈകാതെ നിന്നു ചുരന്നിതപ്പോൾ there was a spontaneous flow of milk from the breast of Vaidarbhi.

4. ബാലിസുഗ്രീവവിദ്വേഷകാരണം.

പണ്ടു മായാവിയെന്നൊരസുരേശ്വര
നുണ്ടായിതു മയൻ തന്നുടെ പുത്രനായി
യുദ്ധത്തിനാരുമില്ലാഞ്ഞു മദിച്ചവ
നുദ്ധതനായ്നടന്നീടും ദശാന്തരേ
കിഷ്കിന്ധയാം പുരി പുക്കു വിളിച്ചിതു
മൎക്കടാധീശ്വരനാകിയ ബാലിയെ
യുദ്ധത്തിനായ്വിളിക്കുന്നതു കേട്ടതി
ക്രുദ്ധനാം ബാലി പുറപ്പെട്ടു ചെന്നുടൻ
മുഷ്ടികൾകൊണ്ടു താഡിച്ചതു കണ്ടതി
ദുഷ്ടനാം ദൈത്യനും പേടിച്ചു മണ്ടിനാൻ
വാനരശ്രേഷ്ഠനുമോടിയെത്തീടിനാൻ
ഞാനുമതുകണ്ടു ചെന്നിതു പിന്നാലെ.
ദാനവൻ ചെന്നു ഗുഹയിലുൾപുക്കിതു
വാനരശ്രേഷ്ഠനുമെന്നോടു ചൊല്ലിനാൻ
ഞാനിതിൽ പുക്കിവൻ തന്നെയൊടുക്കുവൻ
നൂനം വിലദ്വാരേ നില്ക്ക നീ നിൎഭയം
ക്ഷീരം വരികിലസുരൻ മരിച്ചീടും
ചോര വരികിലടച്ചു പോയ്ക്കൊൾക നീ.
ഇത്ഥം പറഞ്ഞതിൽ പുക്കിതു ബാലിയും
തത്ര വിലദ്വാരി നിന്നേനടിയനും
പോയിതു കാലമൊരു മാസമെന്നിട്ടു
മാഗതനായതുമില്ലകപീശ്വരൻ
വന്നിതു ചോര വിലമുഖന്തന്നിൽ നി
ന്നെന്നുള്ളിൽ നിന്നു വന്നു പരിതാപവും
അഗ്രജൻ തന്നെ മായാവി മഹാസുരൻ
നിഗ്രഹിച്ചാനെന്നുറച്ചു ഞാനും തദാ
ദുഃഖമുൾക്കൊണ്ടു കിഷ്കിന്ധ പുക്കീടിനേൻ
മൎക്കടവീരരും ദുഃഖിച്ചതുകാലം
വാനരാധീശ്വരനായഭിഷേകവും

വാനരേന്ദ്രന്മാരിനിക്കു ചെയ്തീടിനാർ.
ചെന്നിതു കാലം കുറഞ്ഞൊന്നു പിന്നെയും
വന്നിതു ബാലി മഹാബലവാൻ തദാ.
കല്ലിട്ടു ഞാൻ വിലദ്വാരമടച്ചതു
കൊല്ലുവാനെന്നോർത്തു കോപിച്ചു ബാലിയും
കൊല്ലുവാനെന്നോടടുത്തു ഭയേന ഞാ
നെല്ലാടവും പാഞ്ഞിരിക്കരുതാഞ്ഞെങ്ങും
നീളെ നടന്നുഴന്നീടും ദശാന്തരേ
ബാലീവരികയില്ലത്ര ശാപത്തിനാൽ
ഋശ്യമൂകാചലേ വന്നിരുന്നീടിനേൻ
വിശ്വാസമോടു ഞാൻ വിശ്വനാഥവിഭോ.
മൂഢനാം ബാലി പരിഗ്രഹിച്ചീടിനാ
നൂഢരാഗം മമ വല്ലഭ തന്നെയും
നാടും നഗരവും പത്നിയുമെന്നുടെ
വീടും പിരിഞ്ഞു ദുഃഖിച്ചിരിക്കുന്നു ഞാൻ.

അദ്ധ്യാത്മരാമായണം.

Note. ബാലിസുഗ്രീവവിദ്വേഷകാരണം the origin of the rupture between Bali and Sugriva. The first two lines.—There was once a demon of the name of Mayavi, the son of Maya. Translate the whole as a direct narration.

5. സംഗീതമാഹാത്മ്യം.

പണ്ടു അതിയോഗ്യനായ ഒരു ബ്രാഹ്മണൻ സംഗീതവിദ്യകൊണ്ടു വിഷ്ണുഭഗവാനെ ഭജിച്ചു വളരെ കാലം ഇഹലോകസുഖം അനുഭവിച്ചും അനവധി സജ്ജനങ്ങളെ ഈ സുഖം അനുഭവിപ്പിച്ചും ജീവകാലാവസാനത്തിൽ ദിവ്യദേഹത്തോടുകൂടി വൈകുണ്ഠലോകത്തിലെത്തി. അദ്ദേഹത്തിൻെറ അനുയാത്രികന്മാരായി ബ്രഹ്മാദി സകല ദേവകളും തുംബുരു, നാരദൻ, ചിത്രരഥൻ, മുതലായ സകല ദിവ്യഗായകന്മാരും കൂടെ ഉണ്ടായിരുന്നു. ആ മഹാ ബ്രാഹ്മണൻെറ വൈകുണ്ഠപ്രവേശമഹോത്സവത്തിൽ വിഷ്ണുഭഗവാൻ അവിടെ ഒരു വലിയ സംഗീതപ്രയോഗം നിശ്ചയിച്ചു. ആ സംഗീതസദസ്സിൽ പ്രധാനഗായകൻ ആ ഉത്തമ ബ്രാഹ്മണൻ തന്നെയല്ലാതെ മററാരുമായിരുന്നില്ല. വളരെ ദിവ്യഗായകന്മാർ നിറഞ്ഞിട്ടുള്ള ആ സദസ്സിൽ സാക്ഷാൽ ലക്ഷ്മീഭഗവതിയും എഴുന്നെള്ളി. ആ എഴുന്നെള്ളത്തിൽ അകമ്പടിക്കാരായ ഹരിക്കാരന്മാർ മുതലായ നിഷ്കണ്ടകപുരുഷന്മാർ ബ്രഹ്മാദിദേവകളിലും തുംബുരുനാരദാദികളായ പഴയ ദിവ്യഗായകന്മാരിലും, തങ്ങളുടെ ആളെ മാററുവാനുള്ള അധികാരം നിസ്സംശയമായി കാണിച്ചു. എങ്കിലും ആയതു ഏററവും ഉചിതമാകയാൽ ആൎക്കും അത്ര വൈമനസ്യം ഉണ്ടായില്ല. പിന്നെ ശ്രീഭഗവതിയുടെ കല്പനപ്രകാരം ദിവ്യഗായകന്മാരിൽവെച്ചു തുംബുരുവിനെ മാത്രം അകത്തേക്കു കൊണ്ടുപോയതു ഭക്തനാണെന്നും വീണ എടു

ത്തവരിൽ ഒന്നാമനാണെന്നും തുംബുരുവിനേക്കാൾ അധികം സംഗീതവിദഗ്ദ്ധനാണെന്നും മററും അഭിമാനമുള്ള നാരദനു ഒട്ടും രസമായില്ലെന്നല്ല കോപം വൎദ്ധിച്ചു മൂലം മറന്നിട്ടു "ഇങ്ങിനെ പന്തിയിൽ പക്ഷപാതം കാണിച്ചതിനാൽ ശ്രീദേവി രാക്ഷസിയായി ഭവിക്കട്ടെ" എന്നു ശപിപ്പാൻ പോലും ആ നാരദൻ ഒട്ടും മടിച്ചില്ല. ആ ശാപംകൊണ്ടു മഹൎഷിയുടെ രക്തത്തിൽ മണ്ഡോദരിയുടെ ഗൎഭത്തിൽ ഉണ്ടായ ലക്ഷ്മീദേവിയാണ് സിതാദേവിയെന്ന കഥ ഇവിടെ ചുരുക്കുന്നു.

പിന്നെ വിഷ്ണുഭഗവാൻ തന്നേ എഴുന്നെള്ളി നല്ല നല്ല യുക്തികൾ പറഞ്ഞു നാരദനെ സമാധാനപ്പെടുത്തിയ കൂട്ടത്തിൽ 'അങ്ങയ്ക്കു അഭ്യാസവും കേൾവിയും തുംബുരുവിനോളമില്ല. അതുകൊണ്ടു മേരുപൎവ്വതത്തിന്റെ ഗുഹയിൽ സംഗീതസൎവ്വജ്ഞനായ ഒരു ഊമനിരിപ്പില്ലേ? അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു നല്ലവണ്ണം അഭ്യസിക്കൂ. എന്നാൽ പിന്നെ തുംബുരുവിനോടു തുല്യനാകും' എന്നുപദേശിച്ചു കൊടുത്തു.

നാരദനും അങ്ങിനെ തന്നേ ആ ഊമന്റെ അടുക്കൽ ചെന്നു യഥാവിധി വളരെ കാലം അഭ്യസിച്ചു. കൃതാൎത്ഥഭാവത്തോടു കൂടി മത്സരം സഫലീകരിപ്പാൻ തുംബുരുവിന്റെ ആശ്രമത്തിൽ ചെന്നു. അപ്പോൾ ആശ്രമദ്വാരത്തിൽ കണ്ണില്ലാതേയും കാതില്ലാതേയും കയ്യൊടിഞ്ഞും കാലൊടിഞ്ഞും എന്നു വേണ്ടാ പലമാതിരി അംഗവൈകല്യമുള്ള സ്ത്രീകളെയും പുരുഷന്മാരെയും ഷണ്ഡന്മാരെയും കണ്ടിട്ടു 'നിങ്ങൾ ആരാണ്? എന്താണിവിടെ നില്ക്കുന്നതെ'ന്നു ചോദിച്ചു. 'ഞങ്ങൾ രാഗപുരുഷന്മാരും, രാഗസ്ത്രീകളും, രാഗനപുംസകരുമാണ്. അങ്ങ് പാടുമ്പോൾ പതിവായി ഇങ്ങിനെ ഞങ്ങൾക്കു അംഗവൈകല്യം വരികയും തുംബുരു പാടി അതു തീൎക്കയും പതിവാണ്. അതുകൊണ്ടു അദ്ദേഹത്തിന്റെ അവസരം കാത്തു നില്ക്കയാണ്'. എന്നു അവരുടെ മറുവടി കേട്ടു മത്സരം വിട്ടു ലജ്ജിച്ചു തുംബുരുവിനെ കാണാതെ തന്നേ വിഷ്ണുവിന്റെ അടുക്കൽ പോയി ഈ വിവരം അറിയിച്ചു.

ശ്രീനാരായണനാകട്ടേ, 'ഇതുകൊണ്ടു മതിയായില്ല. അങ്ങ് ഇനിയും കുറച്ചു കാലം അഭ്യസിക്കണം. ഞാൻ തന്നേ അഭ്യസിപ്പിക്കാം. പക്ഷെ അതിന്നുള്ള യോഗ്യത ഇപ്പോഴും വന്നു കഴിഞ്ഞിട്ടില്ല. അതുകൊണ്ടു പല പല ദിവ്യഗായകന്മാരുടെയും കൂടെ നടന്നു കേൾവി നന്നായി സമ്പാദിക്കൂ. അങ്ങിനെ കുറെ കഴിയട്ടെ. പിന്നെ ഞാൻ യദുകലത്തിൽ ശ്രീകൃഷ്ണനായിട്ടവതരിച്ചു ഭൂഭാരം തീൎത്തു ദ്വാരകയിൽ വിശ്രമിക്കുന്ന കാലത്തു എന്റെ അടുക്കൽ വന്നു ഈ കഥ ഓൎമ്മപ്പെടുത്തു. അന്നഭ്യസിപ്പിക്കാം.' എന്നു പറഞ്ഞയച്ചു.

പിന്നേയും നാരദൻ ദിവ്യലോകങ്ങളിൽ സഞ്ചരിച്ചു സാമാന്യം കേൾവി സമ്പാദിച്ചു എന്നുള്ള ഭാവത്തോടു കൂടി ഭാരതയുദ്ധാദികോലാഹലം കഴിഞ്ഞതിന്റെ ശേഷം ശ്രീകൃഷ്ണന്റെ സമീപത്തു ചെന്നു ഈ കാൎയ്യം ഓൎമ്മപ്പെടുത്തി. അപ്പോൾ ഭഗവാൻ ജാംബവതിയുടെ അടുക്കൽ ഒരുവൎഷം അഭ്യസിച്ചു വരാൻ കല്പിച്ചു. അങ്ങിനെ ഒരുവത്സരം ചെന്നുകഴിഞ്ഞു ചെന്നപ്പോൾ ഇനി ഒരുകൊല്ലം സത്യഭാമ അഭ്യസിപ്പിക്കും എന്നായി. അതും കഴിഞ്ഞു ചെന്നപ്പോൾ രുഗ്മിണിയുടെ അടുക്കലേക്കു വിട്ടു. അവിടെ ചെന്നപ്പോൾ പാടുന്ന സമയങ്ങളിൽ 'നാരദ! താളം തെററിയല്ലോ, അല്ല മഹൎഷിക്കു രാഗം രൂപമില്ലെന്നുണ്ടോ, എന്നൊക്കെ രുഗ്മിണിയുടെ ശിഷ്യത്തികളുടെ പരിഹാസം കേൾക്കാറായി. എന്നിട്ടു രണ്ടുകൊല്ലം അ

വിടെ അഭ്യസിച്ചു. പിന്നെ ബാല്യത്തിൽ തന്നേ ഓടക്കുഴലിൽ പേരുകേട്ടിട്ടുള്ള സംഗീതസാരസൎവ്വജ്ഞനായ വാസുദേവസ്വാമിയുടെ അടുക്കലും രണ്ടാണ്ടു അഭ്യസിച്ചു. അപ്പോൾ കാമക്രോധലോഭമോഹമദമാത്സൎയ്യാദി സകല ദോഷങ്ങളും നീങ്ങി സംഗീതസൎവ്വസ്വവും നാരദനിൽ വിളങ്ങി. തുംബുരുവുമായുള്ള മാത്സൎയ്യവും അശേഷം അടങ്ങി. അൎജ്ജുനൻ മുതലായവർ ഈ മഹൎഷിയുടെ പാട്ടു കേട്ടു കൊണ്ടാടി തുടങ്ങി. നാരദൻ പിന്നെ ബ്രഹ്മാനന്ദം അനുഭവിച്ചു പണ്ടേത്തേ മട്ടൊക്കെ വിട്ടു ജീവന്മുക്തനായി നടന്നും തുടങ്ങി.

ഇങ്ങിനെ അപാരമായിട്ടുള്ള സംഗീതശാസ്ത്രസമുദ്രത്തിന്റെ മറുകര കണ്ടവർ ദിവ്യലോകത്തു തന്നേ ഒന്നോ രണ്ടോ യോഗ്യരെ ഉള്ളു. ഇനി ഭൂലോകത്തിലേ കഥ പറവാനുണ്ടോ?

കുഞ്ഞികുട്ടൻ തമ്പുരാൻ
വിദ്യാവിനോദിനിയിൽ.

Note. സംഗീതമാഹാത്മ്യം the praise of music, the pre-eminence of music. വൈകുണ്ഠലോകത്തെത്തി was translated to Vaikuntham. അനുയാത്രികന്മാരായുണ്ടായിരുന്നു accompanied him or escorted him. അകത്തേക്കു കൊണ്ടുപോയതു etc. which not only displeased but irritated Narada who prided himself etc. ഇവിടെ ചുരുക്കുന്നു I here pass over the story. അഭ്യാസവും കേൾവിയും knowledge and experience. പതിവായി usually. അദ്ദേഹത്തിന്റെ അവസരം കാത്തുനില്ക്കയാണ് we are waiting his leisure. അതിനുള്ള യോഗ്യത ഇപ്പോഴും വന്നുകഴിഞ്ഞിട്ടില്ല you have not yet attained to that pitch of perfection. ജാംബവതിയുടെ അടുക്കൽ ഒരുവൎഷം അഭ്യസിച്ചുവരാൻ കല്പിച്ചു asked him to be trained for a year under Jambavathi. താളം തെറ്റി missed the time; you do not keep time. മറുകര കണ്ടവർ who have been able to master. ഇനി ഭൂലോകത്തേ കഥ പറവാനുണ്ടോ? then why enlarge upou the state of affairs in this world?

6. ഇന്ദ്രാപരാധം.

എന്നു സൂതൻ പറഞ്ഞീടുന്ന നേരത്തു
മന്ദസ്മിതം ചെയ്തു ചോദിച്ചു ശൌനകൻ
എന്തു മരീചിപതാപസേന്ദ്രന്മാരോ
ടിന്ദ്രൻ പിഴചെയ്യുതെന്നു പറയേണം.
ഇന്ദ്രാപരാധം പറഞ്ഞു തരാമെന്നു
വന്ദിച്ചു സൂതനും ചൊല്ലിത്തുടങ്ങിനാൻ
അംഭോജസംഭവ പുത്രൻ മരീചിക്കു
സംഭൂതനായൊരു കാശ്യപതാപസൻ
മുൻപൊരുയാഗം തുടങ്ങിയതിന്നായി

ട്ടുമ്പരെല്ലാരും തുണച്ചാർ വഴി പോലെ
ജംഭാരി തന്നേ സമിദാഹരണാൎത്ഥം
മുമ്പിൽ നടന്നു വഴിയെ നിലിമ്പരും
ഉമ്പരിൽ മുമ്പനാം വമ്പൻ ശതമഖൻ
മുമ്പിൽ ചമതയും കൊണ്ടു വരുന്നേരം
അംഗുഷ്ഠമാത്രശരീരികളാകിയ
മംഗലന്മാരാം മരീചിപതാപസർ
എല്ലാരുമായ്ച്ചെറിയൊരു ചമതക്കോൽ
അല്ലൽ മുഴുത്തു പൂണ്ടെല്ലുനുറുങ്ങുമാ
റെത്രയും ചീൎത്തു വീൎത്താൎത്ത്യാവരുന്നേരം
ഉത്തമന്മാൎക്കൊരു സങ്കടമുണ്ടായി.
പദ്ധതി തന്നുടെ മദ്ധ്യേ ഭവിച്ചിതൊ
രബ്ധിയതായതെന്തെന്നു ചൊല്ലേണമോ
കററക്കുളമ്പിലേ വെള്ളമതിൽ വീണു
പററിപ്പിടിച്ചുഴന്നാഴന്നതു നേരം
ചെററു പരിഹസിച്ചോടി കടന്നുപോ
യ്കുററമുണ്ടെന്നതോരാതെ മഹേന്ദ്രനും
പാരം പരിഹസിച്ചീടുന്നവർകൾക്കു
ഘോരനരകമുണ്ടെന്നു വേദോക്തികൾ
എന്നതിലും ദ്വിജന്മാരെ പരിഹസി
ക്കുന്നതിനെത്ര നരകം ഭുജിക്കണം.
ആകയാലിന്ദ്രനിവനല്ലിനിയെന്നു
ഭാഗവതന്മാർ തപസ്സു തുടങ്ങിനാർ.
ഭീതിപൂണ്ടിന്ദ്രനും കാശ്യപൻ തന്നോടു
ഖേദം കലൎന്നു പറഞ്ഞതു കേൾക്കയാൽ
താപസന്മാരെ വിളിച്ചരുളിച്ചെയ്തു
താപം മഹേന്ദ്രനു പോക്കുവാൻ കാശ്യപൻ.
നീക്കം വരുത്തരുതിന്ദ്രനെ നിൎണ്ണയം
നീക്കം വരാ നിങ്ങൾ ചിന്തിച്ചതുമോൎത്താൽ
പക്ഷീന്ദ്രനായിട്ടൊരുവനുണ്ടാമവൻ
ശക്രപ്രതാപം കെടുക്കുമറിഞ്ഞാലും
പാരം പ്രഭുത്വമുണ്ടെന്നങ്ങിരിക്കിലും
ആരും കൃശന്മാരെ നിന്ദിയായ്കെന്നതും
കാശ്യപൻ വാസവനോടു ചൊല്ലീടിനാൻ.

മഹാഭാരതം.

Note. ആയതെന്തെന്നു ചൊല്ലേണമോ? are you curious to know what ir is? കററക്കുളമ്പിലെ വെള്ളമതിൽ വീണു tumbled into a hoof-mark filled with water. പററിപ്പിടിച്ചുഴന്നാഴന്നതുനേരം were struggling to get out when etc. ഓടിക്കടന്നുപോയി stepped ovet it. ശക്രപ്രതാപം കെടുക്കും shall put down the pride of Sakra.

7.

പ്രാപ്യൈൗ പശ്യൻ നാരദം പൎവ്വതഞ്ച
പ്രീത്യാ ചെയ്യാനിന്ദ്രനാതിത്ഥ്യമാഭ്യാം
ശ്രോത്രാനന്ദം വാൎത്തമാറേവമൂചെ
ഗോത്രാരാതിന്നാരദം സോപിചേനം
“പൂരിത പരസുഖ നാരദ മുനിവര
നീരജ ഭവ നന്ദന.
ഭൂരിതര തപസാ ദൂരിത ദുരിതൌഘ
ശാരദ മുദിര രുചെ സ്വാഗതം തവ
ഹേ സകലലോകനാഥ വാസവ സുമതേ
ത്രാസിത രിപുമലതേ ഭാസുരഗുണവസതേ കുശലം.”
“കുശലമെന്നതെ വേണ്ടു
സകലമ്മേ നിനക്കുമ്പോൾ
സഫലം ദൎശനമിന്നുതേ
വിപുല സംശയചിത്ത
മതിലൊന്നുണ്ടിനിക്കിപ്പോൾ
ശിഥിലമാക്കുക വചസാ താപസവൎയ്യ.”
“ഇനിക്കെൻെറ മനക്കാമ്പി
ലിരിക്കുന്നോരഭിലാഷം
നിനക്കുമ്പോൾ നിനക്കുണ്ടോ
ഫലിപ്പിപ്പാനെളുപ്പവും
അനൎഗ്ഗളമൊരു സമരം കാണാഞ്ഞുള്ളിൽ
കനക്കെയുണ്ടുഴൽ പ്രചുരം അതു സാധിക്കിൽ
പ്രതിക്രിയയാസ്സുകരമെന്തു ചെയ്യൂ ഞാ
നനുഗ്രഹം തരുവൻ പരം മഹേന്ദ്ര.”
“അനുജൻെറ സുദൎശനം
ദനുജരെയമൎക്കയാൽ
മുനിവൎയ്യ രണം ദുൎല്ലഭം
മനുജന്മാർ മിഥോജന്യം
തുനിയുന്നോർ മരിച്ചാലും
ത്രിദിവത്തിൽ വരുന്നീലഹോ
എന്നതിമൂലം പൂരിത പരസുഖ.”
“വിദൎഭമന്നവനുണ്ടങ്ങനല്പ സല്ഗുണകന്യാ
വികല്പമില്ലവൾ തന്നോടെതിൎപ്പാനില്ലൊരു നാരീ
കേൾക്കുന്നു സ്വയംബരവുമുണ്ടെന്നു നീളെ
പ്പാൎക്കുന്നിതാൽ വരവും രാജാക്കന്മാർ
നോക്കുന്നു കോപ്പു തരവും തല്പ്രാ പ്തിക്കു
നോല്ക്കുന്നു പകലിരവും എല്ലാരും .”
“കേൾക്കണമവളെയി

ന്നാക്കു ലഭിച്ച ന്യായം
ഭാഗ്യവാനവനുലകിൽ
ഗ്രാഹ്യങ്ങൾ ചെവികൾക്കു
ലേഹ്യങ്ങൾ നൽഗുണങ്ങൾ
ഊഹ്യങ്ങളെങ്കിൽ വൎണ്ണിക്കാം
വാക്യങ്ങൾകൊണ്ടു
പൂരിത പരസുഖ നാരദമുനിവര."
"ഉറപ്പുള്ളോരനുരാഗ
മവൾക്കുണ്ടങ്ങൊരുത്തനിൽ
ധരിപ്പതിനശക്യമ
തിനിക്കുണ്ടോ വചിക്കാവു
ലഭിച്ചീടുമവനവളെ ഗുണൈരവൾ
ജയിച്ചവൾ സുരസ്ത്രീകളെ ആസ്സാമിദം.
ഗമിക്കുന്നേനവനിതലേ തൻ സ്വയംബരേ
മിളിതമാം നൃപതികുലെ കലഹമുണ്ടാം."

നളചരിതം കഥകളി.

Note. Seeing Narada and Parvata approach Indra heartily greeted them in these winning terms: — 'Good morning to you, Revd. Sirs' said he 'to you my generous Sir, the son of the lotus-born etc.' The whole is to be translated as a dialogue between Indra and Narada.

ii. *Personal Sketch.*

1. ശവം നോക്കി യാദാസ്ത്

കോട്ടയംതാലൂക്ക് എരമം അംശത്തിലെ പിലാത്തു മൊയ്തീൻകുട്ടിയുടെ മരണകാൎയ്യത്തെപ്പററി അന്വേഷിച്ചു റിപ്പോൎട്ടു ചെയ്വാനുണ്ടായ കല്പനപ്രകാരം മേപ്പടി സ്റ്റേഷനാപ്സർ ചെറുകോമൻ മേനോക്കി ബോധിപ്പിക്കുന്നതു എന്തെന്നാൽ:—

അധികാരിമേനവന്മാരോടു കൂടി, മേപ്പടിമൊയ്തീൻകുട്ടിയുടെ ശവം പരിശോധിച്ചു സ്ഥലാന്വേഷണവും മററും ചെയ്തതിൽ കിട്ടിയ വിവരം താഴെ ബോധിപ്പിക്കുന്നു.

മരിച്ച മൊയ്തീൻ നാദാപുരക്കാരൻ മാപ്പിളയാണ്. ഇവിടെ വന്നു പെണ്ണുകെട്ടി ഏകദേശം മൂന്നു സംവത്സരമായി. ചില്ലറകച്ചവടം ചെയ്തു കെട്ടിയ വീട്ടിൽ താമസിച്ചുവരുന്നു. പറയത്തക്ക കടമോ സമ്പാദ്യമോ ഇല്ല. തല്ക്കാലം അറിവിൽ പെട്ടേടത്തോളം ആരുമായിട്ടും കലശലായ മുഷിച്ചലും ഉണ്ടായിട്ടില്ല. നല്ല പുഷ്ടിയുള്ള ദേഹം, ഏകദേശം ഇരുപത്തഞ്ചു വയസ്സു പ്രായം, എള്ളുനിറം, അഞ്ചടി നാലിഞ്ചു നീളം, വട്ടമുഖവും, ഊശൻ താടിയും, വിരിഞ്ഞമാറും, ഉള്ളതായി കണ്ടു. ഇടത്തേകവിൾ അല്പം ഒട്ടിയിരിക്കുന്നു. മുച്ചിറിയനാണ്. പല്ലു മീത്തലേ വരിയിൽ നടുക്കു രണ്ടും താഴേ വരിയിൽ ഒന്നും പുഴു തിന്നിരിക്കുന്നതു കൂടാതെ ഇടത്തു

ഭാഗം മീത്തലേ അണ്ണിയിൽ രണ്ടു കൊന്ത്രൻപല്ലുമുണ്ടു. നെററിക്കു വിലങ്ങനെ അരയിഞ്ചു നീളത്തിൽ ഒന്നും താഴേ ചിറിക്കു കുത്തനെ കാശുവട്ടത്തിൽ വേറെ ഒരു കലയും കണ്ടു. മുഖത്തും കാലിന്റെ പുറവടികളിന്മേലും അല്പം നീരിന്റെ ലക്ഷണങ്ങൾ കാണ്മാനുണ്ടു. പരിക്കുകൾ യാതൊന്നും കണ്ടില്ല. കെട്ടിയവൾ പാത്തുമ്മയും സമീപസ്ഥന്മാർ പക്രൂട്ടി, കലന്തൻ, കുഞ്ഞാമു, ഇവരും മേല്പടിമൊയ്തീനു നാലഞ്ചു ദിവസമായി കിഴക്കൻ പനി തുടങ്ങീട്ടെന്നും വൈദ്യൻ വേലപ്പന്റെ ചികിത്സയായിരുന്നു, ഇന്നലെ രാവിലെ വരെ അല്പം ഭേദമുണ്ടായിരുന്നു, വൈകുന്നേരം അതിക്രമിച്ചു രാത്രി പത്തുമണിക്കു കഴിഞ്ഞു പോയതല്ലാതെ വേറെ വിധം ഉണ്ടായതല്ലെന്നും പറയുന്നു. ഞാൻ പുറമേ കഴിച്ച അന്വേഷണത്തിലും സംശയകരമായ യാതൊരു സംഗതികളും പുറപ്പെട്ടു കാണുന്നില്ല. ശവം മറചെയ്യാൻ കല്പനകൊടുത്തു സ്ഥലത്തുനിന്നു മടങ്ങി.

Note. ശവം പരിശോധിച്ചു held an inquest over the body of. സ്ഥലാന്വേഷണം ചെയ്തു conducted local investigation. ചില്ലറ കച്ചവടം petty trade. പറയത്തക്ക worth mentioning. എള്ളുനിറം dark brown. ഊശൻ താടി scanty beard. കൊന്ത്രൻപല്ലു irregular teeth. വൈകുന്നേരം അതിക്രമിച്ചു grew worse towards the evening, or, in the evening there was a relapse. സംശയകരമായ യാതൊന്നും പുറപ്പെട്ടു കാണുന്നില്ല nothing suspicious has been elicited.

2. ശ്രീകൃഷ്ണാവതാരം.

ചിങ്ങമാസത്തിലസിതാഷ്ടമി വിരിഞ്ചതാരങ്ങൾ
തങ്ങളിൽ ചേൎന്നു നിന്നെഴും നിശാകാലേ
പന്നഗശായി പരമ്പുരുഷൻ വസുദേവൻ
തന്നുടെ തനയനായങ്ങവതാരം ചെയ്വാൻ
മന്ദമെന്നിയെ തുടങ്ങുന്നളവിന
ച്ചന്ദ്രാദി ഗ്രഹങ്ങളെല്ലാവരും വേണ്ടും വണ്ണം
നിന്നിതങ്ങവതാരകാൎയ്യസിദ്ധ്യൎത്ഥമായത
ത്സന്നിലയങ്ങൾ തോറുമന്നെഴും വൃഷോദയ
മംഗലമുഹൂൎത്തഗേ വിജയകാലേ ജഗ
ന്മംഗലപ്രസിദ്ധചന്ദ്രക്രിയാന്തരേ ശുഭേ
ദിക്കുകളെല്ലാം പ്രസാദിച്ചതീതദീപ്ത്യാ
നക്ഷത്രാദികൾ തെളിഞ്ഞു ജ്വലിച്ചുരുതരം
വിദ്രുതം പുരഗ്രാമരാജ്യകാനന നഗ
നദ്യാദികളാലലംകൃതയാം ധരിത്രിയും
ദുൎഭരഹരകരണോദയാഗ്രഹഭ്രമ
നിൎഭരബുദ്ധ്യാ തെളിഞ്ഞത്രയും വിളങ്ങിനാൾ
പുഷ്കരാലയങ്ങളും തൽക്ഷണം തെളിഞ്ഞുള്ള

പുഷ്കരങ്ങളുമെല്ലാമൊക്കവെ വികസിച്ചു
വൃക്ഷങ്ങൾ തളിൎത്തു പൂത്തൊത്തുകായ്ക്കനികളാ
ലക്ഷണാഭയാതെളിഞ്ഞത്രയും പ്രകാശിച്ചു.
പക്ഷികൾ മൃഗങ്ങളും ജാത്യാദി വൈരം വെടി
ഞ്ഞൊക്കവെ തമ്മിൽ കളിച്ചൊന്നിച്ചു മേവീടിനാർ.
ഷൾപദാദികൾ മകരന്ദപാനവും ചെയ്തു
വിസ്തരിതാനന്ദഗാനങ്ങളും തുടങ്ങിനാർ
ശീതളസുഗന്ധമാന്ദ്യാദിഗുണം ചേൎന്ന
വാതപോതങ്ങളെല്ലാം വ്യാപിച്ചിതതുനേരം
മേദിനിസുരവരന്മാരുടെ കണ്ഡങ്ങളിൽ
വീതിഹോത്രനും വലം ചുഴന്നു വിളങ്ങിനാൻ
സാധുക്കളുടെ ഹൃദയങ്ങൾ തെളിഞ്ഞാധി
വ്യാധികളൊഴിഞ്ഞത്യാനന്ദന്മാരായെല്ലാം.
മോദമെന്നിയേ കംസാദികളാം ദുഷ്ടന്മാരും
ഖേദമുൾക്കലൎന്നു മാഴ്കീടിനാരതുനേരം
ദേവദുന്ദുഭികളുമാകാശമാൎഗ്ഗത്തിങ്ക
ന്നാവോളമാഘോഷിച്ചു തുടങ്ങിതാനേ തന്നേ.
കിന്നരഗന്ധൎവ്വന്മാർ സംഗീതം തുടങ്ങിനാ
രുന്നതഭക്ത്യാ കൂപ്പി സ്തുതിച്ചു സിദ്ധന്മാരും.
സമ്മോദം കലൎന്നെഴുമപ്സരാംഗനമാരും
ചെമ്മെ കേവലം വിദ്യാധരസുന്ദരിമാരും
നൃത്തഗീതങ്ങളോത്തു താളസമ്മേളം ചേൎത്തു
സത്വരമൃദംഗസംഗീതത്തോടെത്തീടിനാർ
കല്പകപ്പൂമലർക്കുലകൾ വാരിക്കോരി
സപ്രമോദേന പൊഴിച്ചീടിനാർ ദേവന്മാരും
ചിത്സ്വരൂപന്മാരാകിയ മുനീന്ദ്രന്മാർ
തത്സ്വരൂപത്തെ നമസ്കരിച്ചു തുടങ്ങിനാർ
ഭക്തന്മാർ ഭക്തപ്രിയൻ തൻ പ്രഭാവത്താലെങ്ങും
മുക്ത്യാതുല്യാനന്ദനാം സിക്തന്മാരായാരേററം
ചെററു ചെററിടിമുഴക്കങ്ങളും മഴക്കാറും
പാററിന തിമിരവുമുററിനോരളവപ്പോൾ
കൊററവനായ കംസനാക്കിയ ഭടന്മാരും
ഏററമേ മരണതുല്യസ്വാപിതന്മാരായാർ
തത്സമയത്തിങ്കലാമ്മാറുടൻ നിശീഥിനി
മദ്ധ്യംഗപുരന്ദരാശാംഗനാശശാങ്കനെ
പെററളവഖിലലോകേശനാം ഭഗവാനും
കററവാർ കുഴലിയിൽ നിന്നവതാരം ചെയ്യാൻ.

ശ്രീമഹാഭാഗവതം.

Note അസിതാഷ്ടമി the eighth after the new-moon. വിരിഞ്ചതാരം Tauri. സന്നിലയങ്ങൾ the proper mansions. വൃഷോദയേ when the Taurus was in the ascendant. നക്ഷത്രാദികൾ തെളിഞ്ഞു ജ്വലിച്ചുരുതരം നമസ്കരിച്ചു തുടങ്ങിനാർ etc. render all the past tenses in this by the Historic present. ദുർഭരഹരകരണോദയാഗ്രഹഭ്രമ etc. was rejoiced at the prospect of a speedy termination of all her oppressive burdens. മരണതുല്യസ്വപിതന്മാരായാർ fell into a death-like sleep.

3. ദമയന്തി.

ത്രൈലോക്യസുന്ദരീരത്നമാം ഭൈമിയെ
ത്രൈലോക്യസുന്ദരൻ കണ്ടാൻ മഹീപതി
ലാവണ്യപീയൂഷമക്ഷികൾ കൊണ്ടുടൻ
കേവലമാസ്വദിച്ചാൻ മഹാഭാഗ്യവാൻ
കാർകൊണ്ടെഴുന്നൊരു ജീമൂതകോമളം
വാർകുന്തളം കണ്ടു മുന്നം നരാധിപൻ
പഞ്ചമിചന്ദ്രപ്രകാശലലാടവും
ചഞ്ചലാപാംഗഭൃംഗാവലിഭംഗിയും
തേൻചോരിവായ്മലർ പുഞ്ചിരിക്കൊഞ്ചലും
നെഞ്ചിൽ തറെക്കുന്ന ഹാസഭാവങ്ങളും

. . . .

പങ്കേരുഹാരുണ പാണിയുഗളവും
കാഞ്ചിഗുണാഞ്ചിതം കാഞ്ചീപദം നല്ല
കാഞ്ചനഛായമാമംഗസൌന്ദര്യ്യവും
ഊരുകാണ്ഡങ്ങളും ചാരുപാദങ്ങളും
ചേരുന്ന മഞ്ജീരമഞ്ജുപ്രകാശവും
മാനിനീകേശാദിപാദം മനോഹരം
സാനുരാഗം സരോമാഞ്ചം സവിസ്മയം
മാനവേന്ദ്രൻ കണ്ടുകണ്ടങ്ങു കൌതുകാൽ
ആനന്ദസാഗരേ മഗ്നനായീടിനാൻ.

നളചരിതം കിളിപ്പാട്ടു.

Note. ലാവണ്യപീയൂഷമക്ഷികൾകൊണ്ടുടൻ
കേവലമാസ്വദിച്ചാൻ മഹാഭാഗ്യവാൻ he drank in with his eyes the nectar of her charms. ആനന്ദസാഗരേ മഗ്നനായീടിനാൻ he was steeped more and more in Elysian bliss as he continued to behold her charms one after another—her locks which etc.

4. അംബികാദേവിവൎണ്ണന.

അംബരം തന്നിലേ ലംബിതയായി നി
ന്നംബികാ തന്നേയും കാണായപ്പോൾ
നേത്രങ്ങൾക്കേതുമേ നോക്കരുതാതൊരു
ദീപ്തിയെ പൂണ്ടോരു മെയ്യുമായി
ദേവിതന്മെയ്യിലേ ലാവണ്യം ചൊൽവാനി
ന്നാവിന്നു വൈഭവം വന്നു കൂടാ
പൂഞ്ചായൽ തന്നുടെ കാന്തിയെച്ചൊല്ലുവാൻ
വാഞ്ഛയുണ്ടാവുന്നു കാങ്കിനിക്കോ
തുല്യതയില്ലാത തുല്യത ചൊല്ലുമ്പോൾ
വല്ലായ്മയെന്നതും വന്നു കൂട്ടും
കണ്ടിയെന്നിങ്ങിനെ കൊണ്ടാടി ചൊൽകിലോ
കൊണ്ടൽ തന്നുള്ളത്തിലിണ്ടലുണ്ടാം
അല്ലെന്നു ചൊൽകിലോ നീലത്തഴകൾ വ
ന്നല്ലലായ്നിന്നങ്ങു പേശിക്കൊള്ളും.
മറ്റൊന്നു ചൊൽകിൽ മനം കലത്തീടുമ
കുറ്റമറ്റീടും പനങ്കുലക്കും
എന്നതു മൂലമക്കുന്തലെ വാഴ്ത്താതെ
മന്ദമായ്നിന്നു മടങ്ങുന്നു ഞാൻ
അന്ധതകൊണ്ടിനി ചന്തമായീടുമ
കുന്തളം വാഴ്ത്തുവാൻ ചിന്തിക്കുന്നേൻ
ചായലായുള്ളോരു നായിക താൻ പെറ്റു
ചാപലം പൂണ്ടോരു നായകന്മാർ
നെറ്റിയായുള്ളോരു മുറ്റത്തിലാമ്മാറു
മുറ്റത്തമിണ്ണുള്ള ലീലയല്ലോ.
ചിന്തനകാന്തി കലന്നു നിന്നീടുമ
കുന്തളമായിട്ടു കണ്ടതിപ്പോൾ
മൌലിയിലുള്ളോരു വാർതിങ്കൾ തന്നുടെ
പാതിപൊളിഞ്ഞിതു വീണനേരം
ചില്ലി തടഞ്ഞങ്ങു വീഴരുതാകയാൽ
മെല്ലവേ തങ്ങിയുറച്ചുതെന്നെ
കാണുന്നോർ കണ്ണിന്നു തോന്നുമാറുള്ളോരു
കാന്തിയെപ്പൂണുന്നിത്തുനെറ്റി താൻ
ആനനന്തന്നോടു നേരൊത്തു പോരുവാൻ
മാനിച്ചു തിങ്കളും പങ്കജവും
ഒക്കവേ ചെന്നു പിണങ്ങിന നേരം ക
ണ്ടക്ഷണമാനനലക്ഷ്മിനേരെ
തിങ്കളെ നീയിതിന്മീതെയായ്നിന്നുകൊൾ
പങ്കജമെയിതിൻ താഴെ നീയും

എന്നങ്ങു ചൊന്നോരു സീമയിട്ടീടിനാ
ളെന്നതച്ചില്ലിയായ്കൂണ്ടതിപ്പോൾ
ചില്ലികളായുള്ള കല്ലോലം തൻകീഴെ
മെല്ലവേ ചെന്നു കളിക്കയാലേ
ആനന്ദമാളുമക്കണ്ണിണതന്നെയോ
മീനങ്ങളെന്നല്ലോ ചൊല്ലേണ്ടുന്നു.
ആനനകാന്തിയാന്ദേവി നിന്നീടുന്ന
മാനിനിക്കമ്പിനോടാടുവാനാ
യുല്ലസിച്ചീടുന്ന പൊന്നൂഞ്ഞലെന്നയ
മ്മല്ലക്കുഴകളെ ചൊല്ലുന്നു ഞാൻ
ചോരിവായായൊരു ചെന്തൊണ്ടിതങ്കനി
ചാരത്തു കണ്ടതു കൊത്തുവാനാ
യ്മെല്ലവേ ചെല്ലുന്ന പൈങ്കിളിച്ചുണ്ടെന്നെ
ചൊല്ലുവാന്തോന്നുമിന്നാസാകണ്ടാൽ
മണ്ഡനമായുള്ള കുണ്ഡലഷണ്ഡത്താൽ
മണ്ഡിതമായുള്ള ഗണ്ഡം കണ്ടാൽ
സ്വൎണ്ണംകൊണ്ടുള്ളോരു കണ്ണാടി തന്നുടെ
യുൎണ്ണാഢി തിണ്ണം വിറക്കുമപ്പോൾ
ചോരിവാതന്നോടു നേരായിച്ചെന്നപ്പോൾ
പാരാതെ തോറെറാരു ചെമ്പരുത്തി
മാലയെന്നുള്ളോരു കൈതവം തന്നാലേ
മാലുററു ഞാലുന്നു കാണ്ക പാപം
മാറത്തു ചേരുന്നോരാരത്തെ കണ്ടിട്ടു
നേരിട്ടു ചെല്ലൊല്ലയെന്നുനണ്ണി
ഓഷ്ഠങ്ങൾ രണ്ടും മറച്ചു നിന്നീടുന്നു
വാട്ടമററീടുമദ്ദന്തങ്ങളെ
പുഞ്ചിരിയെന്തതോ ചന്ദ്രിക ചെഞ്ചെമ്മേ
അഞ്ചാതെ ചൊല്ലാമതെല്ലാരോടും
ഏണാങ്കമൌലിയിന്നേത്രചകോരങ്ങൾ
ക്കൂണായി മേവുമോ അല്ലയായ്കിൽ
പൂൎണ്ണനായുള്ളോരു തിങ്കളെ മൌലിയിൽ
പൂണ്ടു നിന്നീടുന്ന ശൈവലിംഗം
എന്നതെ തോന്നുന്നിതാനനം തൻ കീഴെ
നിന്നു വിളങ്ങുമക്കണ്ഠം കണ്ടാൽ
മാമലയായൊരു മാലയക്കുന്നിൽ നി
ന്നാനന്ദം പോന്നങ്ങിറങ്ങിനേരെ
പോകത്തുടങ്ങുന്ന ഭോഗികളെന്നത്രേ
ബാഹുക്കൾ തന്നെ ഞാനൂഹിക്കുന്നു.
ദേവി തൻ ചാരു കണങ്കഴൽ നേരൊത്തു
മേവി നിന്നിടേണമെങ്ങൾ കണ്ണും

എന്നങ്ങു ചിന്തിച്ചു ചന്ദ്രക്കലാധരൻ
തന്നുടെ സേവയെ ചെയ്വതിന്നായി
നിൎജ്ജനമായോരു കാനനം തന്നിൽ പോ
യ്യ ൾജവും പാടി നൽകേകിജാലം
കുററമററീടുന്ന നൃത്തമാടീടുന്നു
മറെറാന്നും ചിന്തിച്ചിട്ടല്ല ചൊല്ലാം.
നാഗികൾ മൌലിയിൽ താവിനിന്നീടുന്ന
നാഗമഹാമണിജാലങ്ങളിൽ
പാരമുരുംബിയെഴുന്നു നിന്നീടുമ
ഹ്ലാദനഖങ്ങൾ തന്നംശുജാലം.
മീതെവഴിഞ്ഞു പരന്നതു കാണുമ്പോൾ
ശ്വേതമായുള്ളോരു കൂൎമ്മമെന്നു
എന്മനം തന്നിലേ സന്തതം തോന്നുന്നി
തംബികതൻ പ്രപാദങ്ങൾ രണ്ടും
മഞ്ജീരം തന്നുടെ മഞ്ജുളമായോരു
ശിഞ്ജിതമാകുന്ന ഹംസനാദം
എപ്പോഴും കേൾക്കയാലപ്പാദം ചെഞ്ചെമ്മേ
ചൊൽക്കൊള്ളും പങ്കജമെന്നു തോന്നും
വാനവർ കൈകളാം വാരിജം ചെഞ്ചെമ്മേ
കാണുന്ന നേരത്തു കൂമ്പുകയാൽ
തിങ്കളെന്നുള്ളോരു ശങ്കയുമുണ്ടിനി
ക്കങ്കുരിച്ചീടുന്നു പാരമുള്ളിൽ
ആഗമന്താനമിപ്പാദങ്ങൾ തന്നെപ്പോ
യാരാഞ്ഞു പോരുന്നതിന്നുമെന്നാൽ
ഇങ്ങിനെയുള്ളോരു പാദപയോജന്താ
നെങ്ങിനെയിങ്ങിനെയെന്നു ചൊൽവൂ
വാഗ്ല്യോട്ടു കമ്പിട്ടു പിന്നയും പിന്നയും
കൂപ്പുകയെന്നി മറെറാന്നും വല്ലെൻ.

കൃഷ്ണഗാഥ.

Note. Begin—Ambika was seen suspended in the sky with a splendour unbearable to (human) eyes. ദേവിതന്മെയിലേ ലാവണ്യം ചൊല്ലാന്നീ etc. my tongue is incompetent to do adequate justice to the charms of the divine form of the goddess. പൂഞ്ചായൽ തന്നുടെ കാന്തിയെച്ചൊല്ലുവാൻ etc. but see, I am growing ambitious to attempt a description of her locks! എന്നതു മൂലമക്കുന്തലെ വാഴ്ത്താതെ etc. therefore do I give up the task in disappointment and leave her locks unpainted. മൌലിയിലുള്ളോരു വാർതിങ്കൾ തന്നു

ടെ etc. half of the moon that adorned her head slipped down, but was intercepted by the brows above which it became fixed and formed what looks like her forehead. ആനനം തന്നോടു നേരൊത്തു പോരുവാൻ etc. both the moon and the lotus bloom strove to equal her face, when Facial attraction came out and proceeded to settle the dispute by dividing the domain of each. ‘Stand thou above this’, said she to the moon, ‘and thou below’ to the lotus. This mark formed her brows.

5. ഭവഭൂതി.

കാശ്യപഗോത്രത്തിൽ ജനിച്ചവനായി ശ്രീകണ്ഠനെന്ന വിശേഷനാമമുള്ളവനായി, തൎക്കവ്യാകരണമിമാംസശാസ്ത്രതത്വജ്ഞനായി, ജാതുകൎണ്ണീപുത്രനായി, വിശിഷ്ടനായി, ഭവഭൂതിയെന്ന പ്രസിദ്ധനായ ഒരു മഹാകവി ഉണ്ടായിരുന്ന എന്നിപ്രകാരം ഉത്തരരാമചരിതത്തിൽ പലരും വായിച്ചിട്ടുണ്ടായിരിക്കാം.

മഹാവീരചരിതത്തിന്റെ പ്രസ്താവനയിൽ തന്നെപ്പററി ഭവഭൂതി കുറച്ചു കൂടെ പറയുന്നുണ്ടു. അദ്ദേഹം വിദൎഭരാജ്യത്തുള്ള പത്മപുരിയിൽ ഉദുംബരന്മാരെന്ന വിളിച്ചുവരുന്ന ബ്രാഹ്മണവൎഗ്ഗത്തിലൊരാളും യജുൎവ്വേദികളിൽ തൈത്തിരീയശാഖക്കാരിൽ ഒരുവനും ആയിരുന്ന. പത്മപുരിയെന്ന പറയുന്നതു മദ്ധ്യഇന്ത്യയിൽ നാഗപുരത്തിന്ന സമീപമുള്ള ചന്ദ്രപുരിയുടെ അടുക്കലായിരുന്ന എന്ന അതിനെ വൎണ്ണിച്ചിട്ടുള്ളതിൽനിന്ന ഏകദേശം നമുക്കു ഊഹിക്കാം. ചന്ദ്രപുരിയിലും അതിന്നടുത്തും കൃഷ്ണയജുൎവ്വേദികളിൽ തൈത്തിരീയശാഖക്കാരും അപസ്തംബസൂത്രാവലംബികളും ആയ ബ്രാഹ്മണരുടെ വളരെ ഗ്രഹങ്ങൾ ഇപ്പോഴും ഉണ്ടു. ഗോദാവരീനദി ഭവഭൂതിയുടെ സ്വദേശത്തിലോ, അതിന്റെ സമീപത്തിലോ ആയിരുന്ന എന്നതു വാദമില്ലാത്ത സംഗതിയാകുന്ന. ഉത്തരരാമചരിതത്തിൽ തന്നേ അദ്ദേഹം അതിനെക്കുറിച്ചു അഞ്ചു ദിക്കിൽ പറഞ്ഞിട്ടുണ്ടു. പിന്നെ മാലതീമാധവത്തിന്റെ ഒമ്പതാമത്തേ അങ്കത്തിൽ അപ്രകൃതമായി കേവലം ഒരു ദേശാഭിമാനിയുടെ നിലയിൽ മാത്രം അതിനെ വൎണ്ണിച്ചിട്ടും ഉണ്ടു. ഭവഭൂതിയുടെ പിതാവു നീലകണ്ഠനും പിതാമഹൻ ഭട്ടഗോപാലനും, ഗുരുജ്ഞാനനിധിയും ആയിരുന്ന. ഇവരെല്ലാവരും വാജപേയം മുതലായ യാഗങ്ങൾ ചെയ്തവരും സൎവ്വപ്രകാരേണയും ആഭിജാത്യം തികഞ്ഞിട്ടുള്ള ഭൂദേവന്മാരും ആയിരുന്ന. ഭവഭൂതി തൃശ്ശിവപ്പേരൂർ വന്നിട്ടുണ്ടെന്നും അന്നുമുതല്ക്കാകുന്ന നടുവിലേ മഠത്തിൽ സരസ്വതിപൂജ വളരെ ആഘോഷത്തോടുകൂടത്തുടങ്ങിയതെന്നും ഒരു കിംവദന്തിയുണ്ടു.

കാവ്യനാടകാലംകാരങ്ങളിൽ നമ്മുടെ കവിക്കുണ്ടായിരുന്ന പാണ്ഡിത്യത്തെപ്പററി ആരും വാദിക്കുന്നതല്ല. പിന്നെ ചതുൎവ്വേദങ്ങളിലും ഉപനിഷത്തുകളിലും സാംഖ്യയോഗമതങ്ങളിലും അദ്ദേഹത്തിന്നു നല്ല അറിവുണ്ടായിരുന്നു എന്നു ആ മഹാ കവിയുടെ നാടകത്രയങ്ങൾ വായിച്ചിട്ടുള്ളവൎക്കു പ്രയാസം കൂടാതെ ഗ്രഹിക്കാവുന്നതാകുന്നു. ഒരു കവിക്കു വിദ്യാസമ്പത്തു അധികമാകുന്നതോടു കൂടി ആയാളുണ്ടാകുന്ന കാവ്യത്തിന്റെ രാസിക്യവിശേഷത്തിന്നു ക്ഷയമുണ്ടാകുമെന്നുള്ള ഒരു ഇംഗ്ലീഷ് പണ്ഡിതന്റെ സിദ്ധാന്തത്തെ ഭവഭൂതിയുടെ കൃതികൾ ഖണ്ഡിക്കുന്നുണ്ടെന്നു പറയുമ്പോൾ എനിക്കു ഈ സംഗതിയെപ്പററി പറവാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞു. കവി അത്ര വ്യുൽപ്പന്നനും കാവ്യങ്ങൾ അത്ര ഗുണഭൂയിഷ്ഠങ്ങളും ആകുന്നു.

വിദ്യാവിനോദിനി.

Note. പാണ്ഡിത്യത്തെ പററി ആരും വാദിക്കുന്നതല്ല the attainments of. . . . . .are undisputed. ഒരു കവിക്കു വിദ്യാസമ്പത്തു etc. I may sum up all I have to say in this connection by stating that Bhavabhoothy's works serve to explode the theory of an English critic that as a poet advances in knowledge the attractions of his works begin to fall.

6. ബാലകൃഷ്ണൻ.

പുഷ്കരസഖിബിംബം പുഷ്കരസംഖ്യചേൎന്നു
നിഷ്കളാഭയാ പരിവ്യക്തമായി നില്ക്കുംപോലെ
ഭക്തന്മാരുടെ മനോപത്മങ്ങൾ തോറും ബഹു
സംഖ്യഭാവാൎക്കാകൃതി തേടിനകിരീടവും
സ്നിഗ്ദ്ധകേശവുമളിപോതസങ്കുലം നിര
ന്നൊത്തതുപോലെ വിളങ്ങീടിനോരളകവും
പത്മാരിപ്രഥമപൂൎണ്ണാധിപാകരച്ഛവി
ജിൽഫാലമദ്ധ്യോൎദ്ധ്വപുണ്ഡ്രഞ്ചതൽജഗത്രയ
രക്ഷാകൃത്യോദ്യൽഭ്രൂവല്ലരികളും കൃപാ
ലക്ഷണാന്വിത പത്മപത്രലോചനങ്ങളും
വജ്രപുഷ്പത്തോടെതിരിട്ടു പോർ ജയിച്ചീടും
മുദ്രിത നാസാഗ്രസംമുഗ്ദ്ധാവീക്ഷണങ്ങളും
രത്നദൎപ്പണജിത ഗണ്ഡമണ്ഡനങ്ങളിൽ
നിത്യനിൎമ്മിതമകരകുഴലിണങ്ങളും
ദന്തപങ്ക്തിയും മുഗ്ദ്ധഹാസവുമധരവു

മന്തമ്മോദേന വിളങ്ങീടിന മുഖാബ്ജവും
ശംഖസമ്മിതഗളരാജിതമണികളും
ശംഖചക്രാബ്ജഗദാദ്യായുധചതുൎഭുജ
ചക്രകേയൂരവലയാംഗുലീയോദ്യോതവും
വക്ഷസി മുക്താഹാരാകൌസ്തുഭവനമാലാ
ലക്ഷ്മീമന്ദിരഭൃഗുപാദലക്ഷണങ്ങളും
പത്മജാഃന്ധങ്ങളഖിലവും ധരിച്ചുകൊ
ണ്ടേത്രയും മനോഹരമുദരരോമാളിയും
മദ്ധ്യദേശവും ചതുരാനനനിവാസിത
പത്മനാഭിയും പീതവസ്ത്രവുമുടഞ്ഞാണും
തൃത്തുടകളും വേദാന്താൎത്ഥങ്ങളന്വേഷിച്ചാ
ലെത്തുവാനരുതാത പാദപങ്കജങ്ങളും
കൃഷ്ണവൎണ്ണവും കാമസൌഭഗമായ
വിഷ്ണുമൂൎത്തിയെ തന്റെ പുത്രനായി കണ്ടുകൊണ്ടാൻ.

ശ്രീമഹാഭാഗവതം.

Note. പുഷ്കരസംഖ്യ thousands of millions. Begin—Saw (lying) before him in the guise of his child, god Vishnu resplendant as a thousand millions of suns brought together. The sight of his crown appeared as exhilerating to the minds of the pious as a number of suns to the lotus plant; his locks etc. പത്മാരിപ്രഥമപൂൎണ്ണാധിപ etc. in the centre of the forehead which threw into shade the half-moon there was etc. വേദാന്താൎത്ഥങ്ങളെ അന്വേഷിച്ചാലെത്തുവാനരുതാതപാദപങ്കജങ്ങളും the lotus-like feet which the hidden meaning of the Vedas has not succeeded in grasping, or the Vedas failed to reach.

iii. *Description.*

1. ശ്രീരാമദേവന്റെ രാജ്യഭാരം.

ഭൂമിയിൽ സ്വൎഗ്ഗലോകംപോലെ ശോഭിക്കുന്ന അയോദ്ധ്യാനഗരത്തിൽ അളവില്ലാത്ത ആശ്ചൎയ്യമായ ദേവേന്ദ്രസഭയെക്കാൾ അധികം അലങ്കൃതമായ രാജമണ്ഡപത്തിൻ മദ്ധ്യേ ഭൂമി, പാതാളം, സ്വൎഗ്ഗം ഈ മൂന്നു ലോകങ്ങളെയും നടുക്കിയിരുന്ന ദുഷ്ടന്മാരായ രാവണൻ, കുംഭകൎണ്ണൻ മുതലായവരെയും മഹാപാപാകൃതികളായ രാക്ഷസവംശത്തെയും സംഹരിച്ചു ജയശ്രീയെ പ്രാപിച്ച രാമദേവൻ തേജോരൂപമായ രത്നകിരീടവും മകരകുണ്ഡലവും ബാഹുക്കളിൽ വജ്രകടകവും രത്നകങ്കണവും സ്വൎണ്ണാലങ്കൃതമൌക്തികമാലയും മുഗ്ധമാലയും സുവൎണ്ണയജ്ഞസൂത്രവും, കടിസൂത്രവും, പവിത്രമോതിരവും, രാജമുദ്രാംഗുലീയവും, വീരകണ്ഠാമണിയും ഇത്യാദി ദിവ്യാഭരണങ്ങളും വിചിത്രപൃതപട്ടാംബരവും, ഉത്തരീയവും, പീതാംബരവും ധരിച്ചു

ശീതളകളഭം ചന്ദനം കസ്തൂരിയും സൌഗന്ധികപുഷ്പമാല്യങ്ങളും അണിഞ്ഞു അലങ്കൃതനായി സൎവ്വാഭരണാലങ്കൃതാധികരൂപസൌന്ദൎയ്യവതിയായ്വിളങ്ങുന്ന മഹാലക്ഷ്മിയായ സീതാദേവിയോടുംകൂടെ നവരത്നസിംഹാസനത്തിന്മേൽ ഇരുന്നരുളി, വസിഷ്ഠാദി മഹൎഷികളും, ദേവേന്ദ്രാദി സൎവ്വദേവകളും, വേദബ്രാഹ്മണരും, സകലവിദ്യാനിപുണന്മാരായ വിദ്വാന്മാരും നിറഞ്ഞു, അംഗ വംഗ കലിംഗ കലിംഗ കാശ്മീര മാഗധ കുഗ്ഗധ മാളവ സാല്വ മത്സ്യ ഗുൎജ്ജര കേകയ കോസല കേരള വിദേഹ വിദൎഭ പാണ്ഡ്യ പാഞ്ചാല വൎപ്പര സിന്ധു സൌരാഷ്ട്ര കൊങ്കണ നേപാള മരാട വിരാട കുരുനാടകം ഇത്യാദി ദേശാധിപത്യമകുടവൎദ്ധകന്മാരായ രാജാക്കന്മാരും സ്തുതിച്ചു വണങ്ങി ഭേരി ശംഖാദി പതിനെട്ടു വാദ്യധ്വനിയും യക്ഷഗന്ധൎവ്വന്മാർ ദേവഗാനങ്ങൾ പാടുകയും, ഭരതമോഹനനാട്യസ്ത്രീകൾ നടനം ചെയ്കയും ഇത്യാദ്യനേകവിനോദവിസ്മയങ്ങളോടും കൂട പട്ടാഭിഷേകം കൈക്കൊണ്ടു രാജാവായി എഴുന്നിരിക്കും സമയം കാശ്യപൻ, ഭരദ്വാജൻ, ഗൌതമൻ, അത്രി, ജമദഗ്നിഭഗവാൻ ഇത്യാദി മഹാമുനികൾ അയോദ്ധ്യാനഗരത്തിൽ ചെന്നു ആസ്ഥാനമണ്ഡപത്തിന്മുമ്പിൽ ശോഭയുള്ള ഗോപുരവാതില്ക്കൽ ചെന്നു കാവൽക്കാരോടു ഞങ്ങൾ നിന്തിരുപട്ടാഭിഷേകശോഭനരൂപം കണ്മാനാഗ്രഹിച്ചു വന്നിരിക്കുന്നു എന്നു ശ്രീരാമരാജനെ അറിയിക്കയെന്നു കല്പിച്ചാറെ അപ്രകാരം അവർ മഹാരാജാവിനെ കേൾപ്പിച്ചു. ശ്രീരാമൻ അവരുടെ അഭിലാഷപ്രകാരം ഋഷീശ്വരന്മാരെ അകത്തു വരുത്തി, കൂട്ടിക്കൊണ്ടു പോരുമ്പോൾ അവർ ആസ്ഥാനമണ്ഡപത്തിനു സമീപിച്ചാറെ ആ ഋഷികളെ കണ്ടു ശ്രീരാമൻ ക്ഷണേന സിംഹാസനത്തിന്മേൽനിന്നെഴുനീറ്റു ഉഴറിച്ചെന്നു ദീൎഘദണ്ഡനമസ്കാരം ചെയ്തു വാഴ്ത്തി, അവരെ മുൻനടത്തി താൻ പിൻനടന്നു ആ ആസ്ഥാനമണ്ഡപത്തിൽ നിറഞ്ഞിരുന്ന സകല ഋഷികളും എഴുനീറ്റു വന്ദനം ചെയ്തശേഷം ആ ഋഷീശ്വരന്മാൎക്കിരിപ്പാൻ ആസനങ്ങളെ വെപ്പിച്ചു അഭിവാദ്യപൂൎവ്വമിരുത്തുകയും ചെയ്തു.

അവർ ശ്രീരാമനെ അനുഗ്രഹിച്ചു. അതിന്റെ ശേഷം ശ്രീരാമൻ മഹാസന്തോഷത്തോടെ ജമദഗ്നി മുതലായ മഹായോഗികളെ നോക്കി, അല്ലയോ ഭഗവാന്മാരെ, നിങ്ങളുടെ ആശ്രമങ്ങളും യാഗശാലകളും നന്നായിരിക്കുന്നുവോ? വേദശാസ്ത്രങ്ങളും, ധൎമ്മശാസ്ത്രങ്ങളും, ഇതിഹാസം ഇത്യാദികളും നിങ്ങളുടെ പുത്രഭൃത്യാദികൾ എന്നിവരാൽ നന്നായി അഭ്യസിക്കപ്പെടുന്നുവോ, നിത്യകൎമ്മാനുഷ്ഠാനം കാലാനുക്രമമായി കഴിച്ചു വരുന്നുവോ? എന്നെല്ലാം മനോവിനയഭക്തിയോടെ ചോദിച്ചപ്പോൾ ശ്രീരാമദേവന്റെ മധുരവമതാമൃതക്ഷേമപ്രശ്നപീയൂഷസന്തുഷ്ടമാനസന്മാരായ മഹായോഗികൾ അവനോടു, കേട്ടാലും ശ്രീരാഘവപ്രഭോ, സൎവ്വലോകനാശകാരന്മാരായി മഹാക്രൂരന്മാരായ വിരാധൻ, കബന്ധൻ, ഖരൻ, ദൂഷണൻ, ത്രിശിരാവു, കുംഭൻ, നികുംഭൻ, അകമ്പനൻ, കമ്പനൻ, മഹോദരൻ, മഹാപാൎശ്വൻ, ധൂമ്രാക്ഷൻ, വിരൂപാക്ഷൻ, ശോണിതാക്ഷൻ, മകരാക്ഷൻ, അതികായൻ, പ്രഹസ്തൻ, ദേവാന്തകൻ, നരാന്തകൻ, കുംഭകൎണ്ണനെന്നിത്യാദി സേനാപതികളും അസംഖ്യം രക്ഷോസൈന്യവും, മൂലബലവും ദശഗ്രീവനും യുദ്ധക്കളത്തിൽ ഛിന്നഭിന്നപ്പെട്ടു മരിച്ചു വീണു, ശവക്കൂട്ടങ്ങൾ കുന്നുകണക്കെ അവിടവിടെ നിറഞ്ഞു, തേർ, ആന, കുതിര, കുട, കൊടി, ചാമരം, ആലവട്ടം, വാൾ, വേൽ, വില്ലു,

അമ്പു, ദണ്ഡു, മുസലം, ശൂലം, കുന്തം, വെണ്മഴു, ഇത്യാദി യുദ്ധായുധങ്ങളും മുറിഞ്ഞു തകൎന്നു തെറിച്ചു ചിതറി നശിച്ചു രക്തപ്പുഴകളിൽ കൂടി ഒഴുകി നായി, നരി, കാക്ക, കഴു, പരന്തു ഇത്യാദികൾ, കാൽ, തല, കൊഴുപ്പു, നിണം ഇവറ്റെ കടിച്ചു, വലിച്ചും, കൊത്തിപ്പറിച്ചും, തിന്നും, കുടിച്ചും, മൂളലും, കക്കലും തമ്മിൽ കലൎന്നു മുഴങ്ങിയും കൂട്ടം കൂട്ടമായി തിങ്ങി ഊളയിട്ടു, കരച്ചു, കാളി ആൎത്തുംകൊണ്ടു ഭൂതപ്രേതപിശാചുകളും ആണും പെണ്ണും കുട്ടികളും അവിടവിടെ കൂട്ടമായി കൂടി തലയോട്ടുകളായ പാത്രങ്ങളിൽ ഓഹരിയിട്ടു തിന്നു തേക്കീട്ടു കൊക്കിറിച്ചു തോൽ കെട്ടി കൂത്താടികളിച്ചും വിജയലക്ഷ്മി സന്തോഷിച്ചു നൃത്തമാടിയും, മഹോത്സവത്തോടെ അട്ടഹാസം ചെയ്തു വിജയവില്ലു കുലച്ചു ഞാണേറ്റി, ഞാണൊലിമുഴക്കി, ചക്രാകാരമായി വളച്ചു അൎദ്ധചന്ദ്രബാണം, വജ്രസൂചികാബാണം, അഗ്നിബാണം ഇത്യാദി ദിവ്യാസ്ത്രങ്ങളെ പുംഖാനുപുംഖമായി ഇടവിടാതെ തൊടുത്തു ശരവൎഷമായി പൊഴിച്ചു ഖണ്ഡം ഖണ്ഡമായി വിചിത്രവധം ചെയ്തു സംഹരിച്ചു, സൎവ്വലോകത്തിന്നും ഭയമില്ലാതാക്കി വാണിരിപ്പാൻ സംഗതിവരുത്തിയ വിരുതുമാല ധരിച്ചു വിജയചാപധരനായ മഹാരാജാവേ, നീയും മഹാതപോമഹിമയുള്ള മുനികളാലും ത്രൈലോക്യാധിപന്മാരാലും മറ്റേതുവകക്കാരാലും ജയിപ്പാൻ കഴിയാത്ത സകല മായോപായങ്ങളിലും സമൎത്ഥനായി, ബലപരാക്രമശൌൎയ്യങ്ങളാൽ മദോന്മത്തരായി ദ്വാദശാദിത്യന്മാർ, ഏകാദശരുദ്രന്മാർ, അഷ്ടവസുക്കൾ, മരുത്തുക്കളിരുവർ എന്നീ നാലു വകയായ മുപ്പത്തുമൂവൎക്കും ഓരോരുത്തൎക്കു ഓരോ കോടി ആക മുപ്പത്തുമുക്കോടി ദേവഗണങ്ങൾക്കും അധിപതിയായ ദേവേന്ദ്രനെ മായാപാശംകൊണ്ടു കെട്ടി കാരാഗൃഹത്തിലാക്കിയ നിമിത്തം ഇന്ദ്രജിത്തെന്നു പേർ ലഭിച്ച മഹാകൊടിയശത്രുവെ സംഹരിച്ചു ശോഭിക്കുന്ന ലക്ഷ്മണനും ഇരിക്കുമ്പോൾ ഞങ്ങൾക്കു ഏതൊരു കാലത്തും ഏതൊരു കുറവെങ്കിലും ഉണ്ടാകുമോ എന്നുത്തരം പറകയും ചെയ്തു.

പഴയ മൂന്നാം പാഠം.

Note. Observe the context. അയോദ്ധ്യാനഗരത്തിൽ രാജമണ്ഡപത്തിന്മദ്ധ്യേ രാമദേവൻ സീതാദേവിയോടു കൂടി സിംഹാസനത്തിന്മേൽ ഇരുന്നരുളി all the rest of this long sentence are qualifications. This example has been purposely selected to test the student's ability to deal with adjuncts of various kinds. ഭൂമിയിൽ സ്വൎഗ്ഗം പോലെ like a heaven on earth. രത്നകിരീടം crown bedecked with gems. കടകം armlet. കങ്കണം bracelet. അംഗ, വംഗ etc. *see Appendix.* അപ്രകാരം അവർ മഹാരാജാവിനെ കേൾപ്പിച്ചു they accordingly announced to His Majesty their arrival. അതിന്റെ ശേഷം ശ്രീരാമൻ മഹാസന്തോഷത്തോടെ . . . . Rama's question and its reply should be translated in the direct narration. This example affords ample scope for a full display of all the linguistic elegance and niceties at the command of the student. The style in which it is to be translated will of course depend upon the standard or class to which the student belongs. I commend this example to the careful notice of every student.

2. വൎഷൎതുവൎണ്ണന.

കാർമേഘമാലകളുത്ഭവിച്ചങ്ങിനെ
നിൎമ്മലാകാശേ പരന്നു ചമഞ്ഞിതു
സൂൎയ്യേന്ദുതാരകശോഭകൾ മന്ദിച്ചു
ക്രൂരനാം വായുവും വീയിതു മേല്ക്കുമേൽ
പ്രാണഭയം വരുമാറങ്ങിടികളും
കാണായി ഘോരമായുള്ള വൎഷങ്ങളും
കാഠിന്യമായി കിടന്നോരു മേദിനി
കാഠിന്യമെന്ന്യേ ചളിയായി ചമഞ്ഞിതു
സസ്യസമ്പൂൎണ്ണയായ്വന്നു ധരിത്രിയും
മത്സ്യങ്ങൾ ശക്തിവൎദ്ധിച്ചു പുളെച്ചിതു
വൃക്ഷലതാദികളൊക്കത്തളിൎത്തിതു
തല്ക്ഷണം കൎഷകന്മാരേറമോദിച്ചു
കാമ്യതപസ്വികൾ തൽഫലം സിദ്ധിച്ചു.
സൌമ്യമാംവൎണ്ണം തെളിഞ്ഞിതചരങ്ങൾ
പാപപാഷണ്ഡികളാലേ കലിയുഗേ
ശോഭിക്കയില്ല വേദങ്ങളതുപോലെ
മൌനതപൂണ്ടു കിടന്ന മണ്ഡൂകങ്ങ
ളാനന്ദമോടു ഘോഷങ്ങൾ തുടങ്ങിനാർ
ശുഭ്രതോയങ്ങളശുഭ്രതോയങ്ങളു
മെത്രയും തമ്മിൽ കലൎന്നുകൊണ്ടങ്ങിനെ
മുഖ്യനദികൾ സംഗം കൊണ്ടുദധിയും
വിഖ്യാതമുജ്ജ്വലിച്ചൂൎമ്മികൾ പൊങ്ങിയും
ഗൎജ്ജിച്ചു മേഘങ്ങൾ വൎഷിച്ചതുകൊണ്ടു
പൎവ്വതവൃന്ദങ്ങളേതുമിളകീല.
മാൎഗ്ഗങ്ങൾ സഞ്ചാരലോഭാൽ തൃണംകൊണ്ടു
മാൎഗ്ഗമറിവതിനുണ്ടായി സംശയം.
മേഘങ്ങളേററവും പാഞ്ഞു ഗമിക്കയാ
ലാകവേ വിദ്യുത്തതിലടങ്ങീടുന്നു.
പിന്നയുമുജ്ജ്വലിച്ചന്യമേഘങ്ങളിൽ
ചെന്നലയിക്കുന്നു പുംശ്ചലിയെപ്പോലെ
കൂടി നദികളഴി സേതു ഖണ്ഡിച്ചു
തോടും പുഴകളുമൊന്നായൊലിക്കുന്നു.
വൎഷസസ്യാദികളാൽ സമൃദ്ധീകൃത
പോഷകിയായി ചമഞ്ഞിതു മേദിനീ.

ഭാഗവതം.

Note. The first four lines: Storm-clouds over-spread the heavens and the splendour of the sun, moon and stars became subdued, while strong winds careered (over the land) frequently. മാൎഗ്ഗങ്ങൾ സഞ്ചാരലോഭാൽ etc. footpaths became obliterated being over-grown with weeds from the dearth of travellers (or from long neglect) അഴി സേതു ഖണ്ഡിച്ചു bursting the bars and bunds or anicuts.

3. വിശ്വാമിത്രതപോവൈഭവം.

അനന്തരം വിശ്വാമിത്രൻ ഒരു വലുതായ വൃക്ഷത്തണലിൽ ഇരുന്നു ഉലകിലുള്ള മൃഗങ്ങൾ, പക്ഷികൾ എല്ലാം അതിവേഗത്തിൽ തന്റെ അടുക്കൽ വരേണമെന്നു ധ്യാനിച്ച നിമിഷത്തിൽ അദ്ദേഹത്തിന്റെ തപശ്ശക്തിമാഹാത്മ്യത്താൽ സകലമാനമൃഗങ്ങളും പക്ഷികളും അവരവരുടെ വായിൽ കടിച്ചിരുന്ന ഇരകളെ കക്കിയിട്ടു അതിശീഘ്രത്തിൽ ഓടിയും പറന്നും വന്നു കൂടിത്തുടങ്ങി. വളഞ്ഞ വാലുകളെ ആട്ടിക്കൊണ്ടും ചുകന്ന കണ്ണുകളിൽനിന്നു തീപ്പൊരി പറക്കത്തക്കവണ്ണം ഗൎജ്ജിച്ചുകൊണ്ടും എത്തിയ സിംഹങ്ങൾ, നരികൾ, പുലികൾ, കോടികോടിയെന്നേ പറയേണ്ടതുള്ളൂ. ഇടിമുഴക്കുന്ന മേഘക്കൂട്ടങ്ങൾ കൂടിയപോലെ വലിയ വലിയ കൊമ്പനാനകൾ, പിടിയാനകൾ, ആനക്കുട്ടികൾ മദിച്ചും ഭ്രമിച്ചും നിലവിളിച്ചും എത്തിയവ കോടാനകോടി. അക്ഷികളെല്ലാം അഗ്നികണം പോലെ എരിഞ്ഞും മിന്നമിന്നുന്ന നീണ്ടദേഹങ്ങൾ തുള്ളിയും വിഷം ഭൂമിയിൽ ഒക്കയും ചിതറിച്ചും ശിരോരത്നങ്ങൾ ആകാശമെല്ലാം പ്രകാശിപ്പിക്കുംവണ്ണം വായ്ക്കൾ തുറന്നും കുതിച്ചെത്തിയ നാഗങ്ങൾ അസംഖ്യം. മാനുകൾ, കടമകൾ, കാനക്കുതിരകൾ, കലമാനുകൾ, പന്നികൾ, മെരുവുകൾ, കരടികൾ, മുള്ളൻപന്നികൾ, കാട്ടെരുമകൾ, ചെന്നായ്ക്കൾ, നരികൾ, കുരങ്ങുകൾ, നീലന്മാർ, ആമകൾ, ഉടുമ്പുകൾ, എലികൾ, പെരിച്ചാഴികൾ, മുയലുകൾ, മയിലിണകൾ, ചക്രവാകങ്ങൾ, അന്നങ്ങൾ, കിളികൾ, കുയിലുകൾ, കാക്കകൾ, കാടകൾ, പ്രാവുകൾ ഇവകളെല്ലാം ഭൂമിയിലും ആകാശത്തിലും ഒരു പോലെ വന്നു നിറഞ്ഞു. മുമ്പിൽ വന്ന മൃഗജാതികളും അതിൽ പിന്നെ വന്ന നാഗങ്ങളും പക്ഷികളും പന്തിപന്തിയായി വനത്തിൽ ഋഷീശ്വരന്റെ പാദങ്ങളിൽ വന്നു വണങ്ങി ഇങ്ങിനെ ഉണൎത്തിക്കുന്നു: —

‘തെഴത്തിരിക്കുന്ന പുല്ലും തഴകളും, കനിയും ഭുജിച്ചും, ഭയപ്പെടുത്തിയും, ഭയപ്പെട്ടും, കോപമായി കലകൾ ചെയ്തും, ക്രീഡിച്ചും, ഓടിയും, പാഞ്ഞും, തിരിച്ചും, ഒളിച്ചും, നടന്നും, കിടന്നും, മുരണ്ടും, ഉരുണ്ടും, പിരിഞ്ഞും, കടിച്ചും, തളൎന്നും, കുളിൎന്നും, വസിക്കും ഞങ്ങളെ വരുത്തിയ കാരണം അരുളിച്ചെയ്താലും സ്വാമിൻ.’

ഹരിശ്ചന്ദ്രപുരാണം.

Note. ‘അവരവരുടെ വായിൽ കടിച്ചിരുന്ന ഇരകളെ കക്കിയിട്ടു throwing down the very morsel of food they had in their mouth. പന്തിപന്തിയായി വനത്തിൽ etc. they fell down at the feet of the sage one after another in regular lines and thus addressed him: — ‘Tell us, Oh kind Sir, why you have brought us hither, etc.’

4. ചന്ദ്രൻ.

മുക്കാലും ലോകർ ബോധക്ഷയമൊട്ടുമിഴി
ചിമ്പുന്ന രാവായിട്ടുന്നോ
രിക്കാലം കഷ്ടമയ്യോ കമലഭവനിനി
ക്കെന്തിനായ്ക്കാന്തിനല്കി.
സല്ക്കാരത്തിന്നതല്ലോ ഗുണമിതു വെറുതെ
താൻ നമുക്കെന്നു വായ്ക്കും
ദുഃഖാഗ്നിജ്വാലകൊണ്ടോ തുഹിനകരഭവാ
നുള്ളു പൊള്ളിക്കരിഞ്ഞു.
കോലും നിദ്രാബലത്താൽ ജനമധികവുമെൻ
കാന്തിതൻ നന്മകാണാ
ന്നിലെന്നുള്ളത്താൽ കൊണ്ടോ ഹിമകരഭഗവാൻ
ഹാ ചടക്കുന്നതും നീ.
മൌലൌ സൎവ്വജ്ഞനേന്തുന്നിതു രസമൊട്ടുമാം
പിന്നയീമൂഢർ മാനി
ച്ചീലെന്നാലെന്തിനിക്കെന്നഥ ഹൃദിനിരുപി
ച്ചോ തടിക്കുന്നതും നീ
അല്ലേ സൎവ്വജ്ഞ ചൂഡാതടഘടിതമണെ
ചന്ദ്രമുററത്തെ മുല്ലെ
ക്കില്ലേതും ഗന്ധമെന്നുള്ളൊരു പഴമൊഴി
ക്കുള്ള സാരം ഗ്രഹിച്ച
നല്ലോരാമോദഭാരം കുവലമതിനാ
യ്നല്കിടും വെൺനിലാവി
ന്നെല്ലാനാളും ജഗത്തിൽ പരിചിനൊടു വരു
ത്താതത്യന്തയുക്തം.

കെ. കൊച്ചുണ്ണിത്തമ്പുരാൻ.
വിദ്യാവിനോദിനി.

Note. 'Tell me, Oh Selenë, why your heart looks dark and gloomy. Is it because you regret the apparent injustice of Brahma in giving you glory at a time when three-fourths of the world close their eyes in profound sleep and you think that all virtues are useless if not appreciated?'

5. സാൎത്ഥവാഹകന്മാർ.

തൽക്ഷണേ കാണായ്വന്നു പാന്ഥന്മാരോരൊവിധം
ദാക്ഷിണാത്യന്മാരവരൊക്കവെ വണിക്കുകൾ
പട്ടുകൾ, പുടവകൾ, കച്ചകളിവയെല്ലാം

ഒട്ടകങ്ങളെക്കൊണ്ടു വഹിപ്പിച്ചൊരു വിധം
ഒട്ടുതങ്ങളെത്തന്നേ വഹിക്കുമിരുമുടി
ക്കെട്ടുകാരരും ചില മാറാപ്പുകാരുമതിൽ
ഗൎദ്ദഭങ്ങളും ചില കാളകൾ കുതിരകൾ
കൎദ്ദമമണിഞ്ഞുള്ള പോത്തുകളൊരുവിധം
കുട്ടകങ്ങളും ചിലകട്ടിലും പെട്ടികളും
പെട്ടകങ്ങളും കെട്ടിപ്പേറിയങ്ങൊരുവിധം
രട്ടുകൊണ്ടൊരുവിധം മാറാപ്പു പേറിച്ചില
ചെട്ടികൾ, കോമട്ടികൾ, കുട്ടികൾ വൃദ്ധന്മാരും
താടിയും തലപ്പാവും കുണുക്കും കുപ്പായവും
കോടിവസ്ത്രവും തോളിൽ കൈകളിൽ കുന്തങ്ങളും
മോടിയിങ്ങിനെ ചില ചെട്ടികൾക്കതിൽ ചില
ലാടരും കൂടക്കൂടി ചേങ്ങലം കൊട്ടിക്കൊണ്ടു
താളവും കൊട്ടിച്ചില പണ്ടാരക്കൂട്ടങ്ങളും
കാളവും ശംഖും വിളിച്ചിങ്ങിനെ ചിലജനം
പേമുഖം കെട്ടിച്ചിലർ തപ്പുകൾ കൊട്ടിക്കൊണ്ടു
കാമിനികളും ചില വസ്ത്രങ്ങൾകൊണ്ടു മൂടി
അശ്വവുമേറിച്ചിലർ ആനമേലേറിച്ചിലർ
വിശ്വവും മുഴക്കിക്കൊണ്ടിങ്ങിനെ കാണായ്വന്നു.
സാൎത്ഥവാഹകന്മാരെക്കണ്ടപ്പോൾ ദമയന്തി
ചിത്തകൌതുകം പൂണ്ടു കാട്ടിൽ നിന്നിറങ്ങിനാൾ
കൂട്ടത്തിൽ കൂടെ ചെന്നു കൂടുവാൻ തുടൎന്നപ്പോൾ
ചെട്ടികൾ ഭയപ്പെട്ടു മണ്ടിനാർ ചിലരതിൽ
ശ്രേഷ്ഠനാം ശുചിഭത്തനെന്നുപേരുടയവൻ
ചെട്ടിയും ഭയപ്പെട്ടു തൊഴുതു ചൊല്ലീടിനാൻ
ആരുനീ വരാംഗനേ ഘോരമാം വനാന്തരേ
ധീരയായ്നടക്കുന്നു ചൊല്ലുനീ സുലോചനേ.

നളചരിതം കിളിപ്പാട്ടു.

Note. സാൎത്ഥവാഹകന്മാർ caravans. പേമുഖം കെട്ടി wearing masks.
രട്ടു rough thick cloth. വസ്ത്രങ്ങൾകൊണ്ടു മൂടി wearing veils.

6. ദ്വാരകാപുരി.

വിശ്വകൎമ്മാവുതാനും
ദിവ്യമാം മുഹൂൎത്തത്തിൽ നല്ല നക്ഷത്രം തന്നെ
ദിവ്യമാം പുരം നിൎമ്മിച്ചിടുവാനുദ്യോഗിച്ചു.
വരുണൻ ഭഗവാന്തന്നാജ്ഞയാ ദുൎജ്ജലത്തെ
വിരവിൽ ദൂര നീക്കി പത്തു യോജനവഴി

പശ്ചിമാംബുധി മദ്ധ്യേ സ്വച്ഛമാം മരതക
മിശ്രിക്കും ശോഭയോടെ ദ്വീപവുമുണ്ടാക്കിനാൻ
വിസ്താരദീൎഘം സമം ദശയോജനവഴി
അസ്ഥലം ചുഴമേഴമതിലും സുവൎണ്ണത്താൽ
ഏഴായ മതിലുകൾക്കോരോന്നിൽ നന്നാലായി
ചുഴവും നന്നാലായി ഗോപുരമതും തീൎത്തു
ആകവേ ഗോപുരങ്ങളിരുപത്തെട്ടാകുന്നു
ആകാശമേഘമാൎഗ്ഗത്തോളമുണ്ടുന്നതവും
ചാരുത മകുടങ്ങളോടുമഗ്ഗോപുരങ്ങൾ
മേരുക്കൾ മകുടങ്ങളോടുമെന്നതു പോലെ
ശോഭിതമായിട്ടവ നിൎമ്മിച്ചു മഹോജ്വലം
ശോഭനമായ മണിഗൃഹങ്ങൾ പലതരം
ഇങ്ങിനെ ശതം ശതം സഹസ്രഗൃഹങ്ങളും
മംഗലസുവൎണ്ണത്താൽ തീൎത്താനങ്ങതേ വേണ്ടു.
പിന്നയും മഹോജ്വലരത്നങ്ങൾ ബഹുതരം
നന്നായിപ്പതിച്ചിതു ഗൃഹങ്ങൾക്കതൊക്കയും
ഇന്ദ്രനീലത്താൽ തീൎത്ത സൌധങ്ങളോരോതരം
ചന്ദ്രമാൎഗ്ഗത്തെച്ചെന്നു തൊട്ടിതെന്നതു തോന്നും
ഓരോരോതരം രത്നവൎണ്ണത്തിൻ പ്രഭകളാ
ലോരോരോതരമുള്ള സൌധങ്ങളുണ്ടനേകം
ചിത്രമാം ഗൃഹം ബഹുനൎത്തനശാലകളു
മെത്രയും വിളങ്ങുന്ന മണ്ഡപജാലങ്ങളും
ചന്ദ്രികാങ്കണങ്ങളും സുന്ദരീനൎത്തശാല
സംഗീതഗൃഹങ്ങളും ചന്ദ്രികാശാലകളും
കേളിമന്ദിരം സ്നാനമന്ദിരം പാനശാലാ
ആളിമന്ദിരം നല്ല ഭോജനശാലകളും
നാനാവൎണ്ണികൾ തങ്ങൾ വാഴവാനുള്ള ഗൃഹ
മാനകൾക്കുള്ള പന്തി കുതിരപ്പന്തികളും
നിൎമ്മലബ്രഹ്മാലയം നല്ല ദേവതാലയം
നിൎമ്മലവൈശ്യഗൃഹമാപണവീഥികളും
രാജമാൎഗ്ഗങ്ങൾ നടക്കാവുകൾ പ്രഥിഗൃഹ
മീവൎണ്ണമോരോതരം പൊന്മയസമങ്ങളായി
കേവലാജ്ഞയാ തീൎത്താൻ നിമിഷാൎദ്ധേന ശില്പി
സ്വൎണ്ണപങ്കേരുഹങ്ങൾ പൂൎണ്ണമാം തളങ്ങളും
സ്വൎണ്ണസമ്മിതമായ സോപാനമണ്ഡപങ്ങൾ
കൂപങ്ങൾ പലതരം നദികൾ പൊയ്കകളും
പാപനാശനകരമായുള്ള തീൎത്ഥങ്ങളും
സ്വച്ഛമാം ജലങ്ങളും പത്മാദികുസുമങ്ങൾ
ഇച്ഛയായതിൽ ക്രീഡചെയ്യാനായിഹംസാദിയാം
പക്ഷികൾ ക്ഷീരം തേനുമുത്തമരസം പൂണ്ടു

ശിക്ഷയാം വാരിപൂരം ദീൎഘമാം നദികളും.
സൎവ്വൎത്തുഫലകുസുമാഢ്യപാദപലതാ
സൎവ്വമോഹനം ശുകഭൃംഗകോകിലാരവം
നാനാപക്ഷികൾ നാദംകൊണ്ടതിമനോഹരം
കാനനമൃഗഗണം ചിത്രമാമുദ്യാനങ്ങൾ
നന്ദനോദ്യാനം വന്നു സൎവ്വദാസേവിച്ചീടും
വൃന്ദാരകാദ്യന്മാരും ക്രീഡിച്ചു വാഴുംസദാ.
ഇത്തരമുള്ള സ്ഥലമെത്രയും ഗുഹ്യസ്ഥല
മെത്രയും തീൎത്തു പിന്നെ നന്നായി വഴിപോലെ
ദേവദേവേശനായ ഭഗവാനിരിപ്പാനായി
ശോഭയോടൊരു മണിഗ്രഹത്തെ അത്യത്ഭുത
മിന്ദ്രനീലത്തെക്കൊണ്ടു നല്ലൊരുസൌധമതും
ചന്ദ്രധാവള്യതുല്യമായുള്ള ഭിത്തികളും
ജാലരന്ധ്രങ്ങൾ മണിവിദ്രുമങ്ങളെക്കൊണ്ടു
മാലകൾ മൌക്തികത്താൽ വിളങ്ങും വിതാനങ്ങൾ
ദൎപ്പണവിലാസമാൎന്നിളങ്ങും നിലങ്ങളും
സൎപ്പനായകരൂപം ചേൎത്തൊരു മണിക്കട്ടിൽ
ഫേനവൎണ്ണങ്ങൾ മൃദുശയ്യകൾ പല
മാനസാനന്ദം വരുമാറുള്ളൊരുപാധാന
വൎണ്ണങ്ങൾ പലവിധം തോന്നിക്കും മേലാപ്പുകൾ
സ്വൎണ്ണകുംഭങ്ങൾ രത്നദീപങ്ങൾ പലതരം
നല്ലൊരു മരതകാദ്യാദിയാം നവരത്ന
മുല്ലാസത്തോടു ചുഴററി പലതരം
ആലവട്ടങ്ങൾ വെൺചാമരങ്ങൾ പല തരം
മാലതി പത്മകുന്ദദാമങ്ങൾ പലതരം
എന്നുമേ വാടാതുള്ള പുഷ്പങ്ങൾ സൌരഭ്യവും
ഉത്തമഹൎമ്മ്യങ്ങൾക്കു താഴ്വര രത്നഗൃഹം
അങ്കണം മരതകം പത്മരാഗാദികൊണ്ടു
പങ്കജേക്ഷണേ ഗൃഹസോപാനമതും തീൎത്തു
വജ്രരത്നങ്ങളെല്ലാം കുഡ്യങ്ങൾ സ്തംഭങ്ങളും
വിജ്വലിച്ചീടും രത്നമതിന്മേൽ പല ചിത്ര
മുജ്വലിച്ചീടുന്നൊരു നിൎമ്മിതരൂപങ്ങളും
ഭിത്തികൾ തോറും പലചിത്രങ്ങൾ നവരത്ന
ചിത്തമോഹനദീപദൎപ്പണജാലങ്ങളും
വേണുവീണകളെല്ലാം താനേ ഗീതങ്ങൾ ചെയ്യും
വാണികൾ പറയാതെ താനേ ശബ്ദിക്കുമെന്നും
കാണികൾക്കെല്ലാം ജലനിൎജ്ജലഭ്രാന്തികളും
വാണീടിലില്ലയെന്നുമില്ലാത്തിലുണ്ടെന്നതും
ഇങ്ങിനെ യന്ത്രഗേഹം ദിവ്യമാം വിമാനങ്ങൾ
മംഗലരത്നശോഭ പൂണ്ടൊരു ധ്വജങ്ങളും

ശോഭിതമതിലുകൾ കിടങ്ങു ഗോപുരങ്ങൾ
ശോഭയായിരിക്കുന്ന യന്ത്രവാതിലും പിന്നെ
ഇത്തരം വേണ്ടതെല്ലാം ഓരോന്നെ ശില്പിശ്രേഷ്ഠൻ
ചിത്രമായ്ത്തീൎത്തിടിനാൻ എന്നതേ പറയേണ്ടു.
സഹസ്രവദനനും സഹസ്രാക്ഷനുമതി
ന്മഹത്വം പറവാനും കാണ്മാനും പണിയാമ്പോൾ
വിശ്വകൎമ്മാവു തന്റെ വിസ്മയവിചിത്രങ്ങൾ
വിശ്വത്തിലൊരേടത്തും കാട്ടിയതില്ലീവണ്ണം
ത്രൈലോക്യവാസീജനമിപ്പുരിക്കൊത്തപുരി
ത്രൈലോക്യത്തിങ്കലില്ലെന്നുറച്ചു വിസ്മയിച്ചാർ
വിശ്വകൎമ്മാവും മൂന്നേമുക്കാൽ നാഴികകൊണ്ടു
വിശ്വവിസ്മയം ചമച്ചീടിനാനേവം പുരം.

ഭാഗവതം.

Note. വിസ്താരദീൎഘം സമം ദശയോജനവഴി ten yojanas square. അസ്ഥലം ചൂഴും ഏഴുമതിലും സുവൎണ്ണത്താൽ etc. seven walls of gold went round the town with four towers in each. ചന്ദ്രമാൎഗ്ഗത്തെ ചെന്നു തൊട്ടിതെന്നു തോന്നും would seem to brush the moon. സ്വൎണ്ണപങ്കേരുഹങ്ങൾ പൂൎണ്ണമാംതളങ്ങളും fountains filled with gold-lotus, or, basins in which gold-lotus flourished. എത്രയും ഗുഹ്യസ്ഥലം secret recesses or cosy nooks. മണിവിദ്രുമം corals. വിതാനങ്ങൾ arches or domes. ദൎപ്പണവിലാസമായി വിളങ്ങും നിലങ്ങളും floor as smooth and shining as crystal. സൎപ്പനായകരൂപം ചേൎത്തൊരു മണിക്കട്ടിൽ bed-steads cut out of precious stones in the shape of a serpant. വൎണ്ണങ്ങൾ പലവിധം തോന്നിക്കും മേലാപ്പുകൾ iridescent curtains. നിൎമ്മിതരൂപങ്ങൾ sculpture. ചിത്രങ്ങൾ paintings. ദീപദൎപ്പണജാലങ്ങൾ numerous glass lamps of. . . . . വേണുവീണകളെല്ലാം താനേ ഗീതങ്ങൾ ചെയ്യും വാണികൾ പറയാതെ ശബ്ദിക്കുമെന്ത്രം self sounding music-boxes and talking machines. യന്ത്രവാതിൽ secret doors. വിശ്വകൎമ്മാവു തന്റെ വിസ്മയവിചിത്രങ്ങൾ etc. nowhere did Vulcan display his extraordinary powers to such advantage.

7. ബാലിസുഗ്രീവയുദ്ധം.

പല്ലും കടിച്ചുലറിക്കൊണ്ടു ബാലിയും
നില്ലുനില്ലെന്നണഞ്ഞൊരു നേരം തദാ
മുഷ്ടികൾകൊണ്ടു താഡിച്ചിതു ബാലിയെ
രുഷ്ടനാം ബാലി സുഗ്രീവനെയും തഥാ.
മുഷ്ടിചുരുട്ടി പ്രഹരിച്ചിരിക്കവേ
കെട്ടിയും കാൽകൈ പരസ്പരം താഡനം

തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
കൊട്ടിയുമേററം പിടിച്ചു കടിച്ചുമ
ങ്ങുററത്തിൽ വീണും പിരണ്ടുമുരുണ്ടുമുൾ
ചീററം കലൎന്നു നഖംകൊണ്ടു മാന്തിയും
ചാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടക്കൊടുക്കയും
ഓടിക്കഴിക്കയും വാടി വിയൎക്കയും
മാടി വിളിക്കയും കോപിച്ചടുക്കയും
ഊടെ വിയൎക്കയും നാഡികൾ ചീൎക്കയും
മുഷ്ടിയുദ്ധപ്രയോഗംകണ്ടു നില്പവർ
ദൃഷ്ടികളൎക്കയും വാഴ്ത്തി സ്തുതിക്കയും
കാലനും കാലകാലാന്തനുമുള്ള പോർ
ബാലിസുഗ്രീവയുദ്ധത്തിനൊപ്പാദൃഢം.
രണ്ടു സമുദ്രങ്ങൾ തമ്മിൽ പൊരുമ്പോലെ
രണ്ടു ശൈലങ്ങൾ തമ്മിൽ പൊരുമ്പോലെയും
കണ്ടവരാൎത്തു കൊണ്ടാടിപ്പുകഴ്ത്തിയും
കണ്ടീല വാട്ടമൊരുത്തനുമേതുമേ
അച്ഛൻ കൊടുത്തോരുമാല ബാലിക്കു മു
ണ്ടച്യുതൻ നൽകിയ മാലസുഗ്രീവനും
ഭേദമില്ലൊന്നുകൊണ്ടും തമ്മിലെങ്കിലും
ഭേദിച്ചിതൎക്കതനയനു വിഗ്രഹം
സാദവുമേററം കലൎന്നു സുഗ്രീവനും
ഖേദമോടെ രഘുനാഥനെ നോക്കിയും
അഗ്രജമുഷ്ടിപ്രയോഗങ്ങളേല്ക്കയാൽ
സുഗ്രീവനേററം തളൎച്ചയുണ്ടെന്നതു
കണ്ടു കാരുണ്യം കലൎന്നു വേഗേന വൈ
കുണ്ഠൻ ദശരഥനന്ദനൻ ബാലിതൻ
വക്ഷഃപ്രദേശത്തെ ലക്ഷ്യമാക്കിക്കൊണ്ടു
വൃക്ഷഷണ്ഡം മറഞ്ഞാശു മഹേന്ദ്രമാ
മസ്ത്രം തൊടുത്തു വലിച്ചു നിറച്ചുടൻ
വിദ്രുതമാമ്മാറയച്ചരുളീടിനാൻ
ചെന്നതു ബാലിതൻ മാറിൽ തറെച്ചുള
വൊന്നങ്ങലറി വീണീടിനാൻ ബാലിയും
ഭൂമിയുമൊന്നു വിറച്ചിതന്നേരത്തു
രാമനെക്കൂപ്പി സ്തുതിച്ചു മരുത്സുതൻ.

അദ്ധ്യാത്മരാമായണം.

Note. The first five lines—When Bali came rushing on, gnashing his teeth and roaring loud, Sugriva received him with a fell blow from his fist, which the enraged Bali returned at once. ചാടിപ്പതിക്ക

യും etc. they rush against each other, jump high, ward off a threatened blow and deal another in return, and then nimbly turn away—thus they become quite exhausted and full of perspiration. നാഡികൾ ചീക്കയും with turgid veins. സാദവുമേററം കലന്നു സുഗ്രീവനും etc. Sugriva, being quite spent, sent a piteous appeal in the direction of Rama. ഭൂമിയുമൊന്നു വിറച്ചിതന്നേരത്തു etc. when even the earth trembled; and the son of Aeolus applauded Rama.

iv. *Miscellaneous.*

1. പ്രഭാതം.

വെട്ടമടുത്തപ്പോളെട്ടുദിഗന്തങ്ങൾ
എട്ടും തെളിഞ്ഞങ്ങു പെട്ടെന്നു കാണായി
ചട്ടുററതാമരമൊട്ടു പിരിഞ്ഞതിൽ
പെട്ടോരു വണ്ടുകളോട്ടം തുടങ്ങിനാർ
ഓട്ടുവിളക്കുകൾ കെട്ടു തുടങ്ങിനാർ
മുട്ടാതെ ശങ്കനി കേട്ടു തുടങ്ങിനാൻ
നാട്ടു വഴികളിൽ കെട്ടുമെടുത്തൊരു
കൂട്ടം ജനങ്ങൾ നടന്നു തുടങ്ങിനാർ
ചെട്ടികളങ്ങാടി കൊട്ടിത്തുറക്കുന്നു
പെട്ടികൾ പട്ടുകൾ പെട്ടെന്നെടുക്കുന്നു.

കൃഷ്ണലീലാ തുള്ളൽ.

Note. Towards the dawn, darkness began to clear away from all the eight quarters of the globe; the lotus lilies opened their buds liberating the imprisoned beetle etc.

2. തപോനിഷ്ഠ.

ശ്രീമധുസൂദനഭക്തശിരോമണി
സോമകുലാംബുധി പൂർണ്ണശശാങ്കൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര
ഭൂമിപനടവിയിലാദരവോടെ
ഭീമാദികളാമവരജരോടും
ഭാമിനിയാകിയ ദ്രൌപതിയോടും
മാമുനിമാരുടെ വേഷം പൂണ്ടഥ
യാമിനി തന്നിലുറക്കമിളച്ചു
രാമഹരേ പരമേതി മുദാതിരു
നാമജപങ്ങൾ മുടങ്ങീടാതെ

ആമയഹരരുചി തീൎത്ഥജലങ്ങളി
ലാമഗ്നന്മാരായി നടന്നു
കൈതവരഹിതന്മാരവർ സുഖമൊടു
ദ്വൈതവനത്തിലിരിക്കും കാലം
കൈതവമിയലും കുരുകുലകുമതികൾ
ചെയ്യാരു കള്ളച്ചൂതു നിമിത്തം
ജാതമതാകിന വൈരമൊഴിപ്പാ
നേതൊരു മാൎഗ്ഗം സമുചിതമെന്നാൻ
ചേതസികിമപി വിചാരിക്കുമ്പോൾ
പ്രീതനതാകിയ വേദവ്യാസൻ
പരിചൊടു വന്നുപദേശം ചെയ്തു
പരമേശ്വരനോടു പാശുപതാസ്ത്രം
വിശ്വാസത്തോടു വാങ്ങിക്കൊണ്ടഥ
ശത്രുജയത്തിനു വരവും വാങ്ങി
സത്വരമിങ്ങു വരേണം വിജയൻ
വിരവൊടു പോകെന്നരുൾ ചെയ്തീടിന
വരവചനത്തെ കേട്ടഥ വിജയൻ
ഗുരുവന്ദനവും ചെയ്തു കരത്തിൽ
ശരവും വില്ലുമെടുത്തു തിരിച്ചു.
ഗിരിശൻ ഭഗവാൻ വാണരുളുന്നൊരു
ഗിരിയുടെ മുകളിൽ ചെന്നു കരേറി
സുരവരതടിനീസലിലേ മുഴുകി
തരസാനിന്നു തപസ്സു തുടങ്ങി
പഞ്ചായുധരിപു തന്നുടെ നാമം
പഞ്ചാക്ഷരമതു പഠനം ചെയ്തു
പഞ്ചാഗ്നികളുടെ നടുവിലനാരത
മഞ്ചാതെകണ്ടവിടെ വസിച്ചു
പഞ്ചാനനസമധീരനതാകിന
പാഞ്ചാലീപതി പാണ്ഡുതനൂജൻ.
പഞ്ചേന്ദ്രിയവുമടക്കി മനസ്സിൽ
സഞ്ചാരത്തിനു വഴികൾ മുടക്കി
ചഞ്ചലഭാവവുമഖിലമകന്നു
കരാഞ്ചലയുഗളം മുകളിതമാക്കി
കിഞ്ചനസംശയമിടകൂടാതെ
നെഞ്ചിലുറച്ചു ശിവോഹമിതെന്നു
സഞ്ചിതഭാവവിശുദ്ധജ്ഞാനവു
മഞ്ചിതമാകിന ശിവനുടെ രൂപം
അഞ്ചും മൂന്നും മൂൎത്തികളുള്ളൊരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ
ചെഞ്ചിടമുടിയും നിടിലത്തടവും

സഞ്ചിതപാവകനേത്രപ്രഭയും
ചഞ്ചലഫണമണികുണ്ഡലയുഗവും
പുഞ്ചിരിതഞ്ചിന തിരുമുഖവടിവും
തരളസ്സൂരികത്തടഗളതലവും
പരിലസിതം ഫണി തിരുമാറിടവും
പാരശുമൃഗാഭയവരദകട്ടുന്നുടി
ശരശൂലാഞ്ചിതകരനാളികയും
കരിചർമ്മാവൃതവികടകടീതട
പരിലസിതോരഗമണിമേഖലയും
പരിമൃദുതുടകളുമടിമലരിണയും
പരിചൊടു ചേതസി ചേർത്തു കിരീടി
പരമാനന്ദസമുദ്രേ മുഴകി
പ്പരമേശ്വരനഹമെന്നുറപ്പി
ച്ചുരുതരഭക്തി മുഴുത്തു മുനീശ്വര
ചരിതത്തെക്കാളൊന്നു കവിഞ്ഞു.
ഫലമൂലാദികൾ ഭക്ഷണമില്ലാ
ജലപാനത്തിനുമാഗ്രഹമില്ലാ
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര സുഘോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പലപല പക്ഷികൾ കൂടുകൾ കൂട്ടി
കല പുലി പന്നികൾ എന്നിവ വന്നു
വലവും ചെന്നു വണങ്ങീടുന്നു
ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ലാ.
പുററുചുഴന്നു കിളർന്നതിനകമേ
ചുററുന്നതുമവനറിയുന്നില്ലാ
ചുററും പാമ്പുകൾ വന്നു നിറഞ്ഞു
അത്ര ഭയങ്കരമായ തപസ്സിനു
പാത്രമതാകിയ പാർത്ഥൻ തന്നുടെ
വാർത്തകൾ കേട്ടഥ വാസവനുള്ളിൽ
ചീർത്തൊരു ഭീതി മുഴുത്തു തുടങ്ങി.

കിരാതം തുള്ളൽ.

Note. When Yuthishtira . . . . with his brothers Bhima and others, and his wife Droupathy wandered through the forest in the guise of ascetics . . . . . and finally settled down in the Dwaitha forest, etc. പരിചൊടു ചേതസി ചേർത്തു കിരീടി Kiriti fixed his mind upon the contemplation of the divine form of Siva.

3. മയൂരസന്ദേശം.

വിദ്വജ്ജനശിരോഭൂഷണമായ മ. രാ. രാജശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അവർകളാൽ ഉണ്ടാക്കപ്പെട്ട മയൂരസന്ദേശം മണിപ്രവാളപ്രബന്ധത്തിന്റെ ഒരു കോപ്പി അവിടുന്നു പ്രശസ്തമായ സൌഹാർദ്ദപ്രതിപത്തിയോടുകൂടി ദയവുചെയ്തു ഈയിടെ എനിക്കയച്ചു തന്നതു അത്യന്തം സന്തോഷത്തോടെ ഞാൻ വായിക്കയുണ്ടായി. കേരളത്തിലെ ആധുനികസല്ക്കവികളിൽ വെച്ചു പ്രഥമഗണനീയനായ ഈ പണ്ഡിതശ്രേഷ്ഠനാൽ ഇതിനുമുമ്പായി വിരചിതങ്ങളായ ഭാഷാശാകുന്തളം മുതലായ ഉത്തമപ്രബന്ധങ്ങളാൽ സകലലോകവിദ്വന്മണ്ഡലീവ്യാപ്തമായ കവിയശസ്സു ഇദ്ദേഹത്തിന്നു ഇതഃപൂർവ്വം തന്നേ സിദ്ധിച്ചിട്ടുണ്ടെന്നു നിർവ്വിവാദമാണല്ലോ. എന്നാൽ ഇപ്പോൾ പ്രണീതമായ ഈ ചെറിയ കാവ്യരത്നം ആ കവിയശസ്സായ പ്രൌഢാംഗനയുടെ ലലാടാലംകൃതമായ തിലകവിശേഷമായി വിചാരിക്കപ്പെടാം. കോയിത്തമ്പുരാനവർകളുടെ വിസ്മയനീയമായ കവിതാചാതുർയ്യവും നിസ്സീമമായ പാണ്ഡിത്യഗാംഭീർയ്യവും, വിശാഖവിജയം, തുലാഭാരശതകം, കംസവധചംപു മുതലായ അദ്ദേഹത്തിന്റെ സംസ്കൃതപ്രബന്ധങ്ങളാൽ കേരളീയവിദ്വജ്ജനസമുദായത്തിന്നു വേണ്ടുംവണ്ണം അനുഭൂതമായിട്ടുള്ളതാകകൊണ്ടു അതിനെപ്പറ്റി ഇവിടെ പ്രസ്താവിക്കുന്നതു അനാവശ്യമാണെന്നു കരുതുന്നു. മണിപ്രവാളകവനത്തിൽ ഇദ്ദേഹത്തിനുള്ള പ്രശസ്തരമണീയമായ വാണീവിലാസത്തെക്കുറിച്ചു പറയുന്നതായാൽ അതിന്റെ പരമോദാഹരണമായി ഭാഷാശാകുന്തളം ഒന്നു തന്നേ മതിയാകുന്നതാകുന്നു. രചനാഭംഗികൊണ്ടും ഭാവലാളിത്യംകൊണ്ടും ആലോചിക്കുന്നതായാൽ ആ സർവ്വസാരസ്യപുഞ്ജമായ പ്രബന്ധഭൂഷണത്തോടു സാദൃശ്യയോഗ്യമായി വേറെ ഒരു കൃതി ഇതുവരെ മലയാളഭാഷയിൽ ഉണ്ടായിട്ടില്ലെന്നു തീർച്ചയായും പറയാം. അതിനെ മലയാളരാജ്യത്തിൽ സർവ്വദേശങ്ങളിലും ഒരുപോലെ വിദ്വാന്മാർ അഭിനന്ദിച്ചു കൊണ്ടാടുന്ന പ്രേമാതിശയം വിചാരിക്കുമ്പോൾ ഇതുപോലെയുള്ള ഒരു കവിയശസ്സു കാളിദാസപ്രഭൃതികൾക്കുകൂടി തല്ക്കാലീനവിദ്വജ്ജനങ്ങളിൽനിന്നു സിദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇതിൽ അധികമായ ഒരു കൃതാർത്ഥതാലാഭം ഒരു പ്രബന്ധകർത്താവിന്നു വരുവാൻ പാടുള്ളതല്ലല്ലോ. ഇപ്രകാരം അത്യന്തം പ്രശംസനീയമായ ഒരു ജനമനോഹരിത്വം മഹാനുഭാവനായ ഇദ്ദേഹത്തിന്റെ നിഖിലവൈഖരീപ്രകടനങ്ങളിലും ഒരുപോലെ പ്രോല്ലസിച്ചു കാണ്മാനുണ്ടു. അതിന്റെ മുഖ്യകാരണം ആ വൈഖരീപ്രകടനങ്ങൾക്കു സ്വതവെയുള്ള പ്രയോഗസാരള്യവും അർത്ഥഗാംഭീർയ്യവും പ്രാസസൌഭാഗ്യവും ആകുന്നു. സാക്ഷാൽ വാഗ്ദേവീവദനകമലാമോദമധുരങ്ങളായുള്ള ലളിതപദങ്ങളെ ഉപയോഗിച്ചതു തൽഭാവസാരസ്യയോഗ്യമായ പ്രാസവിന്യാസങ്ങളോടുകൂടെ അത്യന്തം കർണ്ണാനന്ദപ്രദമാകുംവണ്ണം കൃതിനിർമ്മാണം ചെയ്വാൻ ഈ സൽകവികുലോത്തംസനുള്ള ബുദ്ധിവൈഭവം കേവലം ഭാരതീദത്തമല്ലാതെ എന്താണ് പറയേണ്ടതു! ഈവിധം കവിതാവൈദഗ്ദ്ധ്യം ശ്രീശാരദാദേവിയുടെ മഹനീയമായ കടാക്ഷം കൊണ്ടല്ലാതെ എങ്ങിനെ സിദ്ധിക്കും! മയൂരസന്ദേശത്തിലെ ചിലശ്ലോകങ്ങളുടെ അമിതമായ മാധുർയ്യം കേവലം വാചാമഗോചരമെന്നേ പറവാൻ കാണുന്നുള്ളൂ. ഈ മയൂരസന്ദേശം കാവ്യം ഭാവസാമ്യംകൊണ്ടും പ്രാസരീതികൊണ്ടും ശ്രീകാളിദാസന്റെ മേഘസന്ദേശം കാവ്യത്തോടു സദൃശപ്പെടുത്താവുന്നതാകുന്നു. എന്നാൽ

മേഘസന്ദേശത്തേക്കാൾ ഈ മണിപ്രവാളകാവ്യത്തിന്നു രചനാഭംഗിയും ശ്രവണമാധുൎയ്യവും ഒരു മാററധികമുണ്ടെന്നു പറയുന്നതിൽ ഞാൻ ഒട്ടും മടിക്കുന്നില്ല. ഈ സന്ദൎഭത്തിൽ ഈ പ്രബന്ധത്തെക്കുറിച്ചു കഴിഞ്ഞമാസത്തെ വിദ്യാവിനോദിനിയിൽ മ. രാ. രാജശ്രീ ചന്തുമേനോൻ അവർകൾ എഴുതിയ അഭിപ്രായത്തോടുകൂടി ഞാൻ മുഴുവനും യോജിക്കുന്നു. ഈ കാവ്യത്തിൽ ഉപയോഗിച്ച ശ്ലോകങ്ങളുടെ പ്രാസഭംഗിയും ഭാവലാളിത്യവും, കവിതാരസം അനുഭവിപ്പാൻ തക്കവണ്ണം ബുദ്ധിവികാസമുള്ള യാതൊരാൾക്കും പറഞ്ഞറിയിക്കേണ്ടതില്ല. രസാതിരേകംകൊണ്ടു കേവലം ഹൃദയംഗമങ്ങളായ ഇതിലേ ചിലശ്ലോകങ്ങളുടെ സൎവ്വാംഗസൌന്ദൎയ്യത്തെ ശരിയാംവണ്ണം അറിവാൻ സാഹിത്യസാരജ്ഞന്മാൎക്കല്ലാതെ സാധിക്കുന്നതല്ല. വിരഹകദനാക്രാന്തചിത്തന്മാരായ ജനങ്ങളുടെ മനോവൃത്തിയും ധൎമ്മവും ഈ കാവ്യത്തിൽ വൎണ്ണിച്ചതിലധികംഭംഗിയായും സരളമായും വൎണ്ണിപ്പാൻ യാതൊരാൾക്കും സാധിക്കുന്നതല്ല. ലോകപദാൎത്ഥാദിവൎണ്ണനകളിൽ പ്രകടിപ്പിച്ച ചമൽക്കാരവൈഭവം ഇതുപോലെ തന്നേ പ്രശംസനീയമായിരിക്കുന്നു. അൎത്ഥാന്തരന്യാസം സ്വഭാവോക്തിധ്വനി മുതലായ ആനന്ദകരങ്ങളായ പ്രയോഗങ്ങൾ ഇതിൽ വേണ്ടുവോളമടങ്ങീട്ടുണ്ടു. എന്നാൽ അതുകൾ ഓരോന്നിനെ വെവ്വേറെ എടുത്തെഴുതുന്നതായാൽ അതുകൊണ്ടു സാധാരണാതീതമായ ലേഖനദൈൎഘ്യം സംഭവിക്കുന്നതാകയാൽ അതുകളെപററി സവിസ്താരം ഇവിടെ പ്രസ്താവിക്കുന്നില്ല. ഈ കാവ്യത്തിൽ ഉപയോഗിച്ച പ്രയോഗങ്ങളുടേയും പദങ്ങളുടേയും അനിതരസാധാരണമായ യോഗ്യതയും രമ്യതയും സാരസ്യസാരജ്ഞന്മാരായ സൎവ്വജനങ്ങളും ശിരോനമ്രതയോടെ കൊണ്ടാടത്തക്കതാകുന്നു.

ആകപ്പാടെ ഈ കൃതി യോഗ്യതമനായ പ്രബന്ധകൎത്താവിന്നു ഇതഃപൂൎവ്വം പ്രാപ്തമായ കവിസാമ്രാജ്യത്തെ വിശദമായി യഥാൎത്ഥീകരിക്കുന്നു. ഈ മഹാനുഭാവനായ കവിസത്തമന്റെ കവനോന്മുഖങ്ങളായ വാണീവിലാസങ്ങൾ ഇനിയും മേല്ക്കുമേൽ സൽകവിതാപ്രാചുൎയ്യത്തിന്നു മുഖ്യകാരണങ്ങളായിതീരുവാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

ടി. പി. അനന്തൻനായർ ബി. എ; ബി. എൽ.
വിദ്യാവിനോദിനിയിൽ.

Note. കേരളത്തിലേ ആധുനികസൽക്കവികളിൽ വെച്ചു പ്രഥമഗണനീയനായ who is the foremost among the leading poets of the day. പ്രശസ്തരമണീയമായ വാണീവിലാസത്തെ admirable elegance of diction. കൃതാൎത്ഥതാലാഭം reward. സ്വതവെയുള്ള പ്രയോഗസാരള്യവും, അൎത്ഥഗാംഭീൎയ്യവും പ്രാസസൌഭാഗ്യവും their natural elegance of construction, depth of meaning, and chasteness of rhyme. ശ്രവണമാധുൎയ്യം melody. കവിതാരസം അനുഭവിപ്പാൻ തക്കവണ്ണം ബുദ്ധിവികാസമുള്ള whose mind is sufficiently eulightened to appreciate poetry. സാധാരണാതീതമായ ലേഖനദൈൎഘ്യം സംഭവിക്കുന്നതാകയാൽ as I may exceed the ordinary limits of a contribution. ഇതഃപൂൎവ്വം പ്രാപ്തമായ കവിസാമ്രാജ്യത്തെ വിശദമായി യഥാൎത്ഥീകരിക്കുന്നു affords a clear (or ample) justification of his supremacy in the poetic world which the author has already attained; or, affords ample justification of the domain which the author already holds in the poetic world.

4. അയോദ്ധ്യാപുരി.

സൂൎയ്യവംശേ പിറന്ന ഭൂപാലനാം
കോസല വിഷയങ്ങളിലുണ്ടായി
നാമധേയമയോദ്ധ്യയെന്നിങ്ങിനെ
രാജധാനി പുരാ ഹരിഗോവിന്ദ.
നാലു പാടും വളഞ്ഞൊഴുകീടുന്ന
നീലതോയസരയൂനദികൊണ്ടു
സാരമായ കിടങ്ങുണ്ടു തീൎത്തിട്ടു
ചാരത്താമ്മാറു മേളത്തിൽ ഗോവിന്ദ.
ഇന്ദ്രസമ്പത്തിനെക്കൂട താഴ്ത്തീടും
ഭദ്രസമ്പത്തങ്ങുണ്ടതിലെത്രയും
ചന്ദ്രമണ്ഡലത്തോടുരുമ്മീടുന്ന
രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദ.
പത്തരമാററിൽ പൊന്നുകൾ രത്നത്താൽ
വിസ്താരത്തിൽ ചമെച്ചു കിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയും ഗോവിന്ദ.
മന്ദിരംതോറുമിന്ദിന്ദിരങ്ങളും
മന്ദം മന്ദം മുരണ്ടു നടകൊണ്ടു
സുന്ദരാംഗിമാരാനനത്തെക്കണ്ടി
ട്ടംബുരുഹങ്ങളെന്നോൎത്തു ഗോവിന്ദ.
മന്നീരേഴും കടക്കണ്ണുകൊണ്ടുടൻ
ഉന്നമാക്കിച്ചമെച്ചരികത്താക്കും
കന്നൽക്കണ്ണിമാരുണ്ടായി പണ്ടതിൽ
മിന്നൽ പോലെ വിളങ്ങീട്ടു ഗോവിന്ദ.
മേദിനീതിലകം പോലെ മേവുന്ന
രാജധാനിയിലുണ്ടായി പണ്ടൊരു
മേദിനീപതിമൌലി ദശരഥ
നാമധേയവാനേകദാ ഗോവിന്ദ.
ഏഴസാഗരം മേഖലയാകുന്നോ
രൂഴി തന്നിൽ നിറയുന്ന ലോകരെ
ഏഴ കോഴകൾ കൂടാതെ രക്ഷിച്ചു
നാഴികതോറും രാജാവു ഗോവിന്ദ.
വീൎയ്യശൌൎയ്യ പരാക്രമത്തെക്കൊണ്ടു
സൂൎയ്യപുത്രനെ നിന്ദിപ്പിച്ചെത്രയും

സൎവ്വസമ്പത്തെ നാട്ടിൽ വളൎത്തിനാ
നുൎവ്വിമണ്ഡലനായകൻ ഗോവിന്ദ.
കള്ളരെന്നുള്ള ശബ്ദമരിപ്പമായി
വെള്ളരേ പുനരുള്ളൂ ധരിത്രിയിൽ
ഉള്ളിലാധി മഹാവ്യാധി ലോകാനാ
ന്തള്ളിനീങ്ങിപ്പോയക്കാലം ഗോവിന്ദ.
കൌസല്യാ കൈകെയി സുമിത്രാംഗനാ
സൌശീല്യാദി ഗുണങ്ങളാലന്നവൻ
ശൈഥില്യം വളൎക്കുമ്മാനസേ ധൎമ്മ
വൈകല്യം വരാതേകണ്ടു ഗോവിന്ദ.
അശ്വങ്ങൾ പെരുമാററിയവനിയിൽ
അശ്വമേധങ്ങൾ ചെയ്യുവനെത്രയും
വിശ്വദേവതാമോദം വളൎത്തിനാൻ
വിശ്രുതകീൎത്തി രാജാവു ഗോവിന്ദ.
സന്തതി പുനരില്ലാഞ്ഞു സന്തതം
സന്താപപ്പെട്ടിരിക്കുന്ന ഭൂപനു
ചിന്തമറെറാന്നിലില്ല ജഗത്രയേ
സന്താനത്തിന്നു മാനസേ ഗോവിന്ദ.
ഖിന്നം പാരം വിശക്കുന്നവനുണ്ടോ
അന്നമെന്നിയേ മറെറാന്നിൽ കൌതുകം
എന്ന പോലെ ചമഞ്ഞു സുതാൎത്ഥിക്ക
ങ്ങന്യസമ്പത്സുഖങ്ങളിൽ ഗോവിന്ദ.
പുത്രപ്രാപ്തിക്കുപായമുണ്ടെന്നുടൻ
ഭേമന്ത്രി സുമന്ത്രവചനത്താൽ
പുത്രകാമേഷ്ടികൎമ്മം തുടങ്ങിനാൻ
ഋശ്യശൃംഗമഹാമുനി ഗോവിന്ദ.
ഹവ്യവാഹനകുണ്ഡത്തിൽ നിന്നുണ്ടായി
ദിവ്യനായോരു പൂരുഷനന്നേരം
കയ്യിൽ മേവിന പായസം ഭൂപന്റെ
കയ്യിൽ വെച്ചു മറഞ്ഞുപോയി ഗോവിന്ദ.
അൎദ്ധിച്ചങ്ങു കൊടുത്തതിനാലവ
രൎദ്ധമൎദ്ധം കൊടുത്തു സുമിത്രക്കും
ബദ്ധമോദം ഭുജിച്ചവർ മൂവൎക്കും

ഗൎഭമുണ്ടായി വൎദ്ധിച്ചു ഗോവിന്ദ.
മുപ്പാരെപ്പേരുമുള്ളിലടക്കുന്ന
പത്മനാഭനെ തന്നുള്ളിലാക്കീട്ടും
പത്മലോചന ഭാഗ്യം പുകഴ്ത്താമോ
പത്മസംഭവനും ഹരിഗോവിന്ദ.

ഇരുപത്തുനാലുവൃത്തം.

Note. കോസലവിഷയങ്ങളിൽ in the country of Kosala. സാരമായ കിടങ്ങുണ്ടു തീൎത്തിട്ടു forms an effective wall. ഉന്നമാക്കി ചമെച്ചരികത്താക്കും who would attract all the fourteen worlds as if they were mere cotton. ഏഴകോഴകൾ കൂടാതെ without partiality; without giving room for complaint.

5. ചന്ദ്രമതിയുടെ ശിക്ഷാവിധി.

അപ്പോൾ ഹരിശ്ചന്ദ്രരാജാവിന്റെ മഹാകഷ്ടതകളെല്ലാം ഇന്നകലുമെന്നു തോന്നുമാറു ഇരുൾ നീങ്ങി, തൻ കുലജാതയായ ചന്ദ്രമതിയുടെ ക്ലേശങ്ങൾ കാണ്മാൻ വഹിയായ്കയാൽ പോകുന്നു എന്നു തോന്നും വിധം ചന്ദ്രൻ മങ്ങിമറഞ്ഞു. ഈ അന്യായങ്ങൾ കാണുന്നതു പാപമെന്നു നിനച്ചോ എന്നു തോന്നത്തക്കവണ്ണം രജനിയും അകന്നു. തന്റെ വംശജ്ഞനായ ഹരിശ്ചന്ദ്രന്റെ കളത്രത്തെ അന്യായമായി ഹിംസിക്കുന്നുവോ കാണേണമെന്നു കോപം കൊണ്ടു എന്നു തോന്നുമാറു സൂൎയ്യനും ഉദിച്ചു. രാജാവു വേറെ ഒരു മാൎഗ്ഗവും കാണാതെ പുത്രശവത്തെ കൊണ്ടുപോവാൻ കല്പിച്ചു അരമനെക്കുള്ളിൽ പുക്കു മന്ത്രികളും പൌരന്മാരുമായി മന്ത്രിച്ചു പാപബലത്താലും വിശ്വാമിത്രന്റെ കടുംപാപകൎമ്മത്തിനാലും ചന്ദ്രമതിയെ വധിപ്പാൻ വിധിച്ചു. രാജാവു വീരബാഹുവിനെ വരുത്തുവാൻ കല്പിച്ചു. കിങ്കരന്മാർ കല്പനയറിയിച്ചു. വീരബാഹു കരത്തിൽ ഖഡ്ഗവുമായി വിരവിൽ രാജാവെ വന്നു കണ്ടു ദൂരേനിന്നു വണങ്ങി.

ഹരിശ്ചന്ദ്രപുരാണം.

Note. തോന്നുമാറു as if prognosticating. വേറെ ഒരു മാൎഗ്ഗവും കാണാതെ seeing no other alternative. അരമനെക്കുള്ളിൽ പുക്കു retired to the consulting room. ദൂരേ നിന്നു വണങ്ങി stood at a respectful distance and made his obeisance.

6.

വാളുമെടുത്തു കോപിച്ചു ചാണക്യനും
ചീളെന്നു പാഞ്ഞു വരുന്നതു കണ്ടഥ
ചന്ദനദാസനും ചഞ്ചലം കൂടാതെ
മന്ദഹാസം കലൎന്നിങ്ങിനെ ചൊല്ലിനാൻ: —
ഏതുമൊരു ഭയമില്ല മമ ഭവാൻ
ചാതുൎയ്യമോടു തലയറുത്തീടുക
എന്നുടെ കണ്ഠവുമങ്ങുള്ള വാളുമാ
യൊന്നിച്ചു വന്നാൽ മടിക്കേണമോ പിന്നെ
ആരുമിഹ വന്നു കൈപിടിപ്പാനില്ല
നേരെ തലയിതാ വെട്ടീടുക ഭവാൻ.
ചന്ദനദാസനീവണ്ണം പറഞ്ഞപ്പോൾ
മന്ദിച്ചു വാങ്ങി നിന്നാൻ ചണകാത്മജൻ
ഉൾക്കരളിൽ കിളരുന്നോരു കോപേന
ചിക്കനെ ചാണക്യവിപ്രകുലോത്തമൻ
അക്കാലപാശികന്തന്നേയുമന്നേരം
മൂൎഖനാകും ദണ്ഡപാശികൻ തന്നേയും
ചന്തമോടാശു വിളിച്ചീടിനാനഥ
കുന്തവുമേന്തിപ്പിടിച്ചവരും വന്നാർ.
(ചാ:) അന്ധനായി മന്ത്രിക്കു ബന്ധുവായീടുന്ന
ചന്ദനദാസനായുള്ളോരിവനയും
ബന്ധിച്ചവന്റെ കളത്രപുത്രാദിയും
ബന്ധുക്കളായവനുള്ള ജനത്തെയും
കൊണ്ടു ചെന്നന്ധതാമിസ്രസമാനമാം
കണ്ടര തന്നിലിട്ടീടുക വൈകാതെ.
എന്നല്ലിവനുള്ള ഭണ്ഡാരമൊക്കവേ
തിണ്ണം കവൎന്നിങ്ങു കൊണ്ടുപോന്നീടുക
ചന്ദ്രഗുപ്തൻ നൃപനിങ്ങിനെ കല്പിച്ചു

ചന്ദനദാസനോടെന്നറിഞ്ഞീടുവിൻ.
ചണകസുതവചനമഥ കടുമയൊടു കേട്ടോരു
ചന്ദനദാസനുമന്തരാ ചിന്തിച്ചാൻ
സുഹൃദി മമ കരുണ പുനരേററമുണ്ടാകയാൽ
സർവ്വസ്വഹാനി വരികെന്നതും വന്നു
ബന്ധുനിമിത്തം വരുന്ന വിപത്തുകൾ
സന്തതമൊക്കെ സഹിക്കെന്നതേ വരൂ.
എന്നു നിരൂപിച്ചു നില്ക്കുന്ന നേരത്തു
ചെന്നു പിടിച്ചിതു ചന്ദനദാസനെ
കാലാന്തകോപമന്മാരായ്മരുവുന്ന
കാലപാശാഖ്യനും ദണ്ഡപാശാഖ്യനും
കാലും കരവും വരിഞ്ഞവൻ തന്നുടെ
കാലദോഷത്താലവർകളിരുവരും
പുത്രകളത്രാദികളോടു കൂടയ
ഞെത്രയും ഭീഷണമായിപ്പറഞ്ഞവർ
കണ്ടകപാഷാണസഞ്ചിതമായുള്ള
കണ്ടറ തന്നിൽ പിടിച്ചു തള്ളീടിനാർ.

ചാണക്യസൂത്രം.

Note. അന്ധനായി മന്ത്രിക്കു ബന്ധുവായീടുന്ന etc. as a direct narration in the imperative mood. ചന്ദ്രഗുപ്തൻ നൃപനിങ്ങിനെ കല്പിച്ചു ചന്ദനദാസനോടെന്നറിഞ്ഞീടുവിൻ these are His Majesty, Chandragupta's pleasures with regard to Chandanadasa. എത്രയും ഭീഷണമായിപ്പറഞ്ഞവർ used highly threatening language. കണ്ടറ dark cell; dungeon.

7. ദ്വാരക.

ശ്രീ ജെയിംസ് കപ്പലിൻെറ പള്ളയ്ക്കു ഒരു ഇരുമ്പിൻെറ വട്ടക്കണ്ണിക്കു കെട്ടി നേരിയതായ വളരെ ദീർഘമുള്ള ആലാസ് എടുത്തു വെള്ളത്തിൽ താഴ്ത്തി, ആ കയറും പിടിച്ചു ക്ഷണനേരംകൊണ്ടു അദ്ദേഹം വെള്ളത്തിൽ ആണ്ടു. ഇനിക്കു ആദ്യം കുറച്ചു കിടുവിറയുണ്ടായിരുന്നു എങ്കിലും വേഗത്തിൽ ധൈര്യം അവലംബിച്ചു ഞാനും അദ്ദേഹത്തിൻെറ പിന്നാലെ തന്നേ ആ കയറു പിടിച്ചു താണു.

കുറെ താണപ്പോൾ നിലക്കെത്തി. അപ്പോൾ ശ്രീ ജെയിംസ് ഒരു വലിയ ഉരുളൻകല്ലിന്മേൽ ഇരിക്കുന്നതു കണ്ടു. അടിക്കു മണലിട്ടു തട്ടി ഉറപ്പിച്ച മാതിരി നിലത്തു ഇടയിടെ ഉരുളൻകല്ലും അനേകം വൎണ്ണങ്ങളോടുകൂടിയ പലമാതിരി ഉത്തിളുകളും കാഴ്ചയിൽ ബഹുകൌതുകമുള്ള ചെറിയ ചെറിയ ചിപ്പിക്കഷണങ്ങളും പലതരം കവിടികളും വളരെ വളരെ കാണ്മാനുണ്ടു. ഞങ്ങളുടെ കൈവശമുണ്ടായിരുന്ന ദീപത്തിന്റെ പ്രകാശംകൊണ്ടു സ്വതേ തന്നേ മിന്നിക്കൊണ്ടിരിക്കുന്ന ആ ചിപ്പികളും മററും മുമ്പേത്തതിലും അധികം തേജോമയമായി തോന്നി. കല്ലിന്റെ മുകളിലൊക്കെ കറുത്ത ഒരു വിധം ചമ്മി ധാരാളം കാണ്മാനുണ്ടു. കുറച്ചു നേരം അനങ്ങാതിരുന്നതിൽ പിന്നെ ശ്രീ ജെയിംസ് അങ്ങുമിങ്ങും നടന്നു ഓരോന്നു നോക്കാൻ തുടങ്ങി. ഞാനും സ്വസ്ഥനായിരുന്നില്ല. ചമ്മിയുടെ ഇടയിൽ കൂടി മെല്ലെ മെല്ലെ നടക്കുമ്പോൾ നേത്രാഭിരാമമായ പലനിറങ്ങളോടുകൂടിയ ലക്ഷോപലക്ഷം ചെറിയ ചെറിയ മത്സ്യങ്ങൾ അങ്ങുമിങ്ങും ബദ്ധപ്പെട്ടോടുന്നതു കണ്ടു. ഇങ്ങിനെ നോക്കിക്കൊണ്ടിരിക്കുന്നതിന്നിടയ്ക്കു ഏകദേശം ഒരു കോൽ ദീൎഘവിസ്താരമുള്ള ഒരു കരിങ്കല്ലു കണ്ടുവശായി. നമ്മുടെ മതിലിന്നും മററും മഴക്കാലത്തു കാണുന്ന ഒരുവിധം പാവിപോലത്തേ സാധനം ഈ കല്ലിന്മേൽ കാണാനുള്ളതു ശ്രീ ജേയിംസ് മെല്ലെ ചുരണ്ടി നോക്കിയപ്പോൾ ആ കല്ലിന്റെ കഷ്ണം സ്വാഭാവികമായിട്ടുള്ളതല്ല കൃത്രിമമായിട്ടുള്ളതാണെന്നു തോന്നി. ഏതാണ്ടു മുഴവനേ ചുരണ്ടി വൃത്തിയാക്കി നോക്കിയപ്പോൾ നാഗരാക്ഷരത്തിൽ എന്തോ ചിലതതിന്മേൽ കൊത്തിയതായി കണ്ടു. ഇതു പണ്ടേത്തെ ദ്വാരകയിൽ എവിടെയോ ഒരു ദിക്കിൽ കൊത്തിവെച്ച കല്ലായിരിക്കാനേ എടയുള്ളു എന്നു നിശ്ചയിച്ചു. ഈ കല്ലു കണ്ടപ്പോൾ നവലോകം ആദ്യമായികണ്ടപ്പോൾ ആ മഹാപുരുഷന്നുണ്ടായിരുന്ന സന്തോഷത്തേക്കാൾ ആമോദം എനിക്കുണ്ടായി. ഏതായാലും പുരാണപ്രസിദ്ധമായ ദ്വാരക ഏതാണ്ടു ഇവിടെത്തന്നേ ആയിരിക്കേണമെന്നു ഞങ്ങൾ തീൎച്ചപ്പെടുത്തി. അവിടുന്നു കുറെക്കൂടി കിഴക്കോട്ടു പോയപ്പോൾ കല്ലും ചമ്മിയും ധാരാളം ഉള്ളതുകൊണ്ടു ഒരു പ്രസംഗം അങ്ങോട്ടു നടന്നുകൂടാതേകണ്ടായി. ചമ്മി എന്നു വെച്ചാലോ ഊക്കൻചമ്മി, മുട്ടോളം എകരത്തിൽ ഒട്ടുംകുറകയില്ല. വളരെ പ്രയാസപ്പെട്ടു ചമ്മി അങ്ങോട്ടുമിങ്ങോട്ടും നീക്കി കുറെക്കൂടി മുമ്പോട്ടു നടന്നപ്പോൾ കാലു തെററി വീഴാൻ ഭാവിച്ചു. അപ്പോൾ വല്ലാതെകണ്ടു ബദ്ധപ്പെട്ടു ശ്രീ ജെയിംസിനെ പിടിച്ചപ്പോൾ ഞങ്ങൾ രണ്ടുപേരും അത്യഗാധമായ കിണററിൽ വീഴുമ്പോലെ വീഴാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ഒരുവിധത്തിൽ നില കിട്ടി. വെള്ളത്തിലായതുകൊണ്ടു വേദന അധികം പററിയില്ല. അവിടുന്നു മെല്ലെ എഴുനീററു മേലോട്ടു നോക്കിയപ്പോൾ ഏകദേശം നൂറടി എകരത്തിൽ അൎദ്ധഗോളാകൃതിയിൽ അതികൌതുകമായി പണി എടുത്തതായ ഒരു മേല്പുരകണ്ടു. ഈ സ്ഥിതി

യിലായപ്പോൾ ദൈവമേ എനി എങ്ങിനെയാണ് കടലിന്റെ നിലവിതാനത്തിനെത്തുന്നതു എന്നായിരുന്നു എനിക്കു പ്രഥമമായി ഉണ്ടായ വിചാരം. ഞങ്ങൾ രണ്ടുപേരും ഈവിധം അപകടത്തിൽ ആയല്ലോ എന്നു വിചാരിച്ചു അവിടുന്നും ഓരോന്നെ നടന്നു നോക്കാൻ തുടങ്ങി. ഞങ്ങൾ വീണ ഉടനെ ശബ്ദപ്രതിശബ്ദസമ്മിളിതമായി വല്ലാതെകണ്ടൊരു മുഴക്കം ഉണ്ടായി എങ്കിലും ആയതു ക്രമേണ ഇല്ലാതെകണ്ടായപ്പോൾ അതു മുഴവനെ പലേ കൌശലപ്പണികളോടുകൂടി ഓരോ ലതകളുടെയും പുഷ്പങ്ങളുടെയും പക്ഷികളുടെയും മാതിരിയിൽ വിദ്രുമശകലങ്ങളെക്കൊണ്ടോ മറേറാ പടുത്തതായി കണ്ടു. ഞങ്ങൾ ചെന്നു വീണ അകത്തെ ഭിത്തികളൊക്കെ പലേ വൎണ്ണങ്ങളോടുകൂടിയ അതിവിശേഷമായ ഒരുവിധം കല്ലുകൊണ്ടാണ് ഉണ്ടാക്കീട്ടുള്ളതു. അതിന്മേൽ അല്പാല്പമായി ഓരോന്നു കൊത്തിപ്പണിചെയ്തതോൎത്താൽ അതിന്റെ മാതൃകാകല്പനത്തെപററി ഏവനും വിസ്മയിച്ചുപോകും. ഞങ്ങൾ ആദ്യം പോയിനിന്ന അകത്തുനിന്നു മറെറാരകത്തേക്കു കടന്നപ്പോൾ ആ പ്രഥമദൃഷ്ടിയിൽ തന്നേ അത്യത്ഭുതകരമായ കാഴ്ചയിൽ കുറച്ചുനേരത്തേക്കു ഞങ്ങളുടെ സൎവ്വേന്ദ്രിയങ്ങളും നിശ്ചേഷ്ടമായിപ്പോയി. ശുദ്ധസ്ഫടികസംകാശമായി വിലമതിക്കാൻപാടില്ലാത്ത ഒരുവക അതിമനോഹരമായ കല്ലുകൊണ്ടു നൎമ്മിതമായ ആ അകത്തെ വരിവരിയായി നില്ക്കുന്ന രത്നസ്തംഭങ്ങളെക്കൊണ്ടും നവരത്നഖചിതമായി സ്വൎണ്ണമയമായിരിക്കുന്ന രണ്ടു വലിയ സിംഹാസനങ്ങളെക്കൊണ്ടും ഭിത്തികളൊക്കെ വിചിത്രതരങ്ങളായ അനേക ചിത്രങ്ങളെക്കൊണ്ടു അലങ്കരിച്ചതുകൊണ്ടും ഞങ്ങളുടെ കൈവശമുണ്ടായിരുന്ന വിദ്യുദ്ദീപത്തിന്റെ പ്രഭാപൂരംകൊണ്ടും ആകപ്പാടെ ആ അകത്തുനിന്നപ്പോൾ ബിംബപ്രതിബിംബഭേദം ഗ്രഹിപ്പാൻ വഹിയാതെ കുറച്ചുനേരത്തേക്കു ഞങ്ങൾ രണ്ടുപേരും ഒരുപോലെ അമ്പരന്നു നിന്നുപോയി.

ഭാരതം ഭാഗവതം മുതലായ ഇതിഹാസപുരാണങ്ങളിൽ വളരെ വിസ്തരിച്ചു വൎണ്ണിച്ചതും വലിയ പുണ്യസ്ഥലവുമായ പണ്ടേത്തേ ദ്വാരകയിലുള്ള മഹിമയേറിയ ഒരു രാജധാനിയിൽ ഇങ്ങിനെയെങ്കിലും ഒരിക്കൽ ചെന്നു നില്ക്കാനായിട്ടു സംഗതിവന്നതോൎത്തു തല്ക്കാലം എനിക്കുണ്ടായ സന്തോഷം വിചാരിച്ചാൽ അമേരിക്കാരാജ്യം ആദ്യമായിക്കണ്ട കൊളമ്പസ്സ് എന്ന നാമധേയത്തോടുകൂടിയ ആ മഹാപുരുഷനാവട്ടേ അഥവാ ഈ ഭാരതഖണ്ഡത്തിലേക്കു വരാൻ പുതുതായ മാൎഗ്ഗം കണ്ടുപിടിച്ച പ്രസിദ്ധനാവികനായ വാസ്കോടിഗാമയ്ക്കാവട്ടേ അല്ലെങ്കിൽ അതിവിസ്തീൎണ്ണമായ ശാന്തസമുദ്രം ഒന്നാമതായികണ്ടപ്പോൾ പൈസാറോ എന്ന മഹാനാവട്ടേ ഉണ്ടായ സന്തോഷം എത്രയോ ശിഥിലമാണെന്നേ പറഞ്ഞുകൂടൂ.

ഈ മണ്ഡപത്തിന്റെ പടിഞ്ഞാറുഭാഗം ഞങ്ങൾ നില്ക്കുന്നതിന്നല്പംവലത്തായിട്ടു ഒരു വാതിലുണ്ടു, അതിൽ കൂടി മറെറ അകത്തു കടന്നപ്പോൾ താഴെ ഇറങ്ങാ

നായിട്ടു യാതൊരുടവും ഇല്ലാത്തതായ ഒരു കോണി കണ്ടു. ശ്രീ ജെയിംസ് അതിലേ കൂടി താഴത്തിറങ്ങിയപ്പോൾ ഞാനും പിന്നാലേ തന്നേ പോയി. ചെന്നിറങ്ങുന്നതു മുമ്പെ കണ്ടപോലെയുള്ള വലിയ മുറിയൊന്നുമല്ല, എന്നുമാത്രമല്ല അതിൻെറ ഭിത്തികളൊക്കെ നന്നെകറുത്തു വളരെ മിനുസമായിട്ടുള്ള ഒരുതരം കല്ലുകൊണ്ടോ മറേറാ ഉണ്ടാക്കിയതാണെന്നു തോന്നി. ആ മുറിയുടെ മദ്ധ്യത്തിൽ പരമാകൃതിയിൽ അതിവിശേഷമായ മണിപീഠം കാണ്മാനുണ്ടു. എന്നു തന്നേയല്ല, ആ പീഠത്തിൻെറ ഒത്ത നടുക്കു അതിദീപ്തികൊണ്ടു ജ്വലിക്കുന്ന നവരത്നങ്ങൾ നിറച്ചതും അതിഭയങ്കരമായ പലേരൂപങ്ങൾ കൊത്തിയതുമായ ഒരുസ്വൎണ്ണകുംഭം കണ്ടു. ഞാൻ അതിൻെറ അടുക്കെ ചെന്നു മെല്ലെ ഒന്നു പൊന്തിക്കാനായിട്ടു ഭാവിച്ചപ്പോൾ ക്ഷണനേരംകൊണ്ടു അതു മുഴുവനേ പൊടിപൊടിയായിപ്പോയി. അപ്പോൾ പണ്ടൊരിക്കലുംകണ്ടിട്ടില്ലാത്തവിധത്തിൽ കോടിസൂൎയ്യന്മാരുദിച്ച പോലെയുള്ള ഒരു തേജസ്സുണ്ടായി. അപ്പോഴാകട്ടേ ഞങ്ങളുടെ കൈവശം ഉണ്ടായിരുന്ന വിദ്യുദ്ദീപം ഒരു ചെറിയതിരി കത്തിച്ചപോലെയുള്ള പ്രകാശംകൂടി ഉണ്ടായിരുന്നില്ല, ഇതു കണ്ട ഉടനെ ആ കറുത്തഭിത്തികളൊക്കെ താനേ തന്നേ ആണ്ടുപോകുന്നപോലെ തോന്നി. ഇതൊക്കെ കണ്ടു ഭയപ്പെട്ടു വിസ്മിതന്മാരായി നില്ക്കുമ്പോൾ കുറച്ചുമുമ്പെ ഭിത്തിയുണ്ടായിരുന്ന ദിക്കിൽ വെളുവെളുത്തു സ്തംഭാകൃതിയിൽ വളരെനേൎമ്മയായി വിചിത്രമാകുംവണ്ണം ചുററിയും ചുഴന്നുംകൊണ്ടു മേലോട്ടു പുകപോലെ ഒന്നു പൊങ്ങിവരുന്നതു കണ്ടു. കാളമേഘംപോലെ കറുകറുത്തു മഹാമേരുപോലെ ഘോരാകൃതിയിൽ ആയുധപാണികളായ രണ്ടു ഭൂതങ്ങൾ ആ പുകയുടെ പിന്നാലെ ഞങ്ങൾക്കഭിമുഖമായി വരുന്നതും കണ്ടു. ൟ ഘോരസത്വത്തെ കണ്ടുകൂടുമ്പഴെക്കു ഞങ്ങൾ രണ്ടുപേരും വല്ലാതെ പേടിച്ചു മോഹിച്ചു ഇടിതട്ടിയ മരംപോലെ നിശ്ചേഷ്ടന്മാരായി അവിടെതന്നേ നിന്നുപോയി. അങ്ങിനെ ഇരിക്കുമ്പോൾ അതിലൊരുത്തൻ ഒരു വലിയ ഗദയും ഉയൎത്തിപ്പിടിച്ചുംകൊണ്ടു എൻെറ അടുക്കൽ വന്നു നമ്മുടെ കഴുത്തിന്നു കൈ കൂട്ടിയപ്പോൾ—“നമ്പ്യാരേ, നമ്പ്യാരേ, എടോ ഹേ നമ്പ്യാരേ, എന്തുറക്കാണെടോ ഇതു? നേരം ഉച്ചയാവാറായല്ലോ, എഴുനീല്ക്കൂ. ചായ കുടിക്കണ്ടേ?” എന്നൊക്കെ പറയുന്നതു കേട്ടു.

വിദ്യാവിനോദിനി.

Note. പള്ളയ്ക്കുള്ള on the side of. ഇരിമ്പിൻെറ വട്ടക്കണ്ണി iron ring. ആലാസു rope. കിടുവിറ trepidation. ധൈൎയ്യം അവലംബിച്ചു mustered or plucked courage. ചിപ്പിക്കഷണങ്ങൾ fragments of mother-of-pearl. ചമ്മി moss. പല നിറത്തോടു കൂടിയ of iridescent hues. കൃത്രിമമായിട്ടുള്ള artificial. ഒരു പ്രസംഗം അങ്ങ

ട്ടു നടന്നുകൂടാതേ കണ്ടായി could not go a bit forward. ചമ്മി എന്നവെച്ചാലോ ഊക്കൻ ചമ്മി moss, gigantic moss. മുട്ടോളം എകരത്തിൽ ഒട്ടും കുറകയില്ല as high as the knees. അങ്ങട്ടു മിങ്ങട്ടും നീക്കി separated the moss. കാലുതെററി slipped. ഒരു വിധത്തിൽ നില കിട്ടി managed to find a footing. നിലവിതാനം surface. ശബ്ദപ്രതിശബ്ദസമ്മിളിതമായി by the multiplication of echoes. സൎവ്വേന്ദ്രിയങ്ങളും നിശ്ചേഷ്ടമായിപ്പോയി we were beside our senses. എത്രയോ ശിഥിലമാണെന്നേ പറഞ്ഞുകൂടൂ is nothing when compared to.

APPENDIX.

A
GLOSSARY
OF
TECHNICAL TERMS.

1. Botany.

Abrus precatorius കന്നി.
Achyranthes triandra കൊഴുപ്പു.
Achyranthes aspera കടലാടി.
Ægle marmelos കൂവളം.
Ailanthus excelsus പീനാറി.
Alangium delapitatum കാര.
Aletris hyacinthoides പെരുങ്കുരുമ്പ.
Aloe perfoliata കററവാഴ.
Almond ബദം.
Alpinosa galangula അരത്ത.
Amaranthus വാടാമല്ലി.
Amaranthus campestres ചെറുചീര.
Amomum Zingiber ഇഞ്ചി.
Andropogon muricatus രാമച്ചം.
Anethum fœniculum പെരുഞ്ചീരകം.
Anethum graveolens ചതുകുപ്പ.
Anise പെരുഞ്ചീരകം.
Areca Catechu കഴുങ്ങു.
Arecanut tree കഴുങ്ങു.
Aristolochia Indica ഈശ്വരമുല്ല.
Arrowroot കൂവ.
Artimisia austriaca മക്കിപ്പൂ.
Artocarpus integrifolia പിലാവു.   [വു.
Artocarpus pubescens ആയിനി പിലാ
Arum campanulatum ചേന.
Arundo tibialis വേഴമ്പുല്ല്.
Asclepias gigantea എരിക്കു.
Ash-gourd ഇളവൻ കുമ്പളങ്ങ.
Asparagus racemosus ശതാവരി.
Assafoetida കായം.

Balaria cristata നീലക്കുറിഞ്ഞി.
Banyan tree ആൽ.
Barringtonia acutangula നീക്കടമ്പു.
Bassia latifolia ഇരുപ്പവൃക്ഷം.
Bayplum പേരക്ക.
Bdellium ഗുല്ഗുലു.
Belerica myrobolan താന്നിക്ക.
Bengal gram കടലക്ക.
Betala അതിവിടയം.
Betel-leaf വെററില.
Bignonia indica പലകപ്പയ്യാന.
Bignonia longifolia പയ്യാന.
Bignonia suaveolens വെൺപാതിരി.
Birch ഭൂൎജ്ജവൃക്ഷം.
Bitter gourd കൈപ്പക്ക.
Blackbird wood കരിമൃതക്കു.
Blitoria termalia വിഷ്ണുക്രാന്തി.
Blue waterlily കരിങ്കുവലയം.
Bombax pentandrum പൂള, ഇലവ.
Boerhavia diffusa തമിഴാമ.
Boswellia thurifera ഈന്തു.
Botany ഉദ്ഭിദ്വിദ്യ, വനസ്പതിശാസ്ത്രം,
സ്ഥാവരശാസ്ത്രം, സസ്യശാസ്ത്രം.

Breadfruit	വിലാത്തിച്ചക്ക, ശീമച്ചക്ക, ബന്യച്ചക്ക.
Brinjal	വഴുതിനിങ്ങ.
Bromelia ananas	കൈതച്ചക്ക.
Buchanania latifolia	മുരൾ.
Butea frondosa	ചമത, പ്ലാശു.
Cabbage	കോവിച്ചീര.
Calophyllum calaba	ചെറുപ്പുന്ന.
Camphor tree	കൎപ്പൂരമരം.
Cannabis sativa	കഞ്ചാവു.
Caranga tree	കരഞ്ജം.
Cardamum	ഏലത്തരി.
Carat bean	മഞ്ചാടി.
Caraway seed	അയമോദകം.
Cardiospermum Halicacabum	ഉഴിഞ്ഞ.
Carica papaya	പപ്പായം, കൎമ്മൂസ്, കപ്പളങ്ങ.
Carpopogon pruriens	നായ്ക്കുരണ.
Carthamus tinctorius	കുസുംഭപ്പൂ.
Cassada Jatropha manihot	മരക്കിഴങ്ങു.
Cassia alata	തകര.
Castor-oil plant	ആവണക്കു.
Casuarina	ചവോക്ക് മരം, കാററാടി.
Cauliflower	പൂകോവി.
Cæsalpina sappan	ചപ്പങ്ങം.
Cayenne-pepper (capsicum)	വാൽമുളക.
Cedrela Toona	പൂവരശു.
Chaste-tree	കരിനൊച്ചിൽ.
Chrysanthemum Indicum	തെച്ചി, ചെക്കി.
Cinnamon	കരുപ്പുതോൽ, ഇലവംഗം.
Cissampelos hexandra	പാടവള്ളി.
Cissus latifolia	ഞെരിഞ്ഞാമ്പുളി.
Citrus acida	ചെറുനാരകം.
Citrus medica	മാതളനാരകം, വള്ളിനാരകം, ബീജപൂരം.
Citysus cajan	തുവരപ്പയർ.
Clitoria ternatea	ശംഖുപുഷ്പം.
Cloves	കരയാമ്പൂ, ലവംഗം.
Convolvulus batatas	ചക്കരക്കിഴങ്ങു, കപ്പക്കിഴങ്ങു, മണൽതടിയൻ.
Convolvulus turpethum	ത്രികോല്പകന്ന.
Cordia myxa	നൎവ്വരി.
Costus speciosus	കൊട്ടകം.
Cotton tree	പരുത്തി.
Cowhage	നായ്ക്കുരണ.
Crocus sativus	കുങ്കുമം.
Cucumis anguinus	നാഗതാളി.
Cucumis sativus	വെള്ളരിക്ക.
Cucurbita hispida	കുമ്പളം.
Cucumber	വെള്ളരിക്ക.
Cumin seed	ജീരകം.
Curculigo orchioides	നിലപ്പന.
Curcuma angustifolia	കൂവ.
Curcuma Zanthorrhiza	മരമഞ്ഞൾ.
Curcuma Zerumbet	കച്ചൂരം.
Curry-leaf tree	കരിവേപ്പു.
Cuscus grass	രാമച്ചപ്പുല്ല്.
Custard apple	ആത്തച്ചക്ക, തേനാമ്പഴം, സീതാപഴം.
Dalbergia Sissoo	ഇരുവിൾമരം.
Datura fastuosa	ഉമ്മത്ത്.
Dill	മധുരികാ.
Echites antidysenterica	കുടകപ്പാല.
Echites frutescens	പാൽവള്ളിക്കിഴങ്ങു.
Echites scholaris	ഏഴിലാമ്പാല, മങ്ങലപ്പാല.
Eclipta prostrata	കഞ്ഞുണ്ണി.
Eglantine	അരണ്യജപാ, കാട്ടുചെമ്പരുത്തി.
Egg-plant	വഴുതിനി.
Elephant pepper	അത്തിതിപ്പലി.
Elæocarpus ganitrus	രുദ്രാക്ഷം.
Erythrina fulgeus	മുൾമുരിക്ക്.
Eugenia jambolana	ജാമ്പു.
Fan palm	കരിമ്പന, എഴുത്തോലപന.
Fenugreek	ഉലുവ.
Fern	പച്ച, ശീവോതികൈ, ചിത്രപ്പുല്ല്.

Ficus racemosa അത്തി.
Ficus religeosa അരയാൽ.
Ficus venosa കല്ലാൽ.
Fir tree ദേവദാരു.

Galega കൊഴിഞ്ചിൽ.
Gallnut മായക്കാ.
Gentiana chirayta പുത്തരിച്ചുണ്ട.
Ginger ഇഞ്ചി.
Gærtnera racemosa കുരുക്കുത്തിമുല്ല.
Glomorous fig-tree അത്തി.
Green gram ചെറുപയറ്.
Guava പേരക്കാ.
Greens ചീര.

Heart-leaved moonseed ചിററമൃതു.
Heart-pea ഉഴിഞ്ഞു.
Hedysarum Alhagi കൊടിത്തൂവ.
Hedysarum gangeticum വെണ്മുതക്കു.
Hedysarum gyrans തൊഴുകണ്ണി.
Hedysarum lagopodioides ആനകുറുന്തോട്ടി.
Heliotropium സൂൎയ്യകമലം; ശ്രീഹസ്തിനി.
Heliotropium Indicum വേനപ്പച്ച.
Helianthus സൂൎയ്യപൂ.
Helleborus niger കടുരോഹിണി.
Hemionitis cordifolia ഓരില.
Hog-plum അമ്പാഴം.
Hog-weed തമിഴാമ.
Horse-radish tree മുരിങ്ങ.

Illecebrum lanatum ചെറുപൂള.
Illecebrum sessile പൊന്നാങ്കണ്ണി.
Indian birthwort ഈശ്വരമുല്ല.
Indian jalap ത്രികോൽപകന്ന.
Indian corn ചോളം.
Indigo plant അമരി.
Indian nightshade പുത്തരിച്ചുണ്ട.
Ink-nut കടുക്കാ.

Jack tree പിലാവു.
Jasminum auriculatum കുറുമൊഴിമുല്ല.
Jasminum grandiflorum മാലതി, പിച്ചകം.
Jasminum sambac നവമല്ലിക, ഇരട്ടമുല്ല.
Jatropha glauca നാഗദന്തി.
Jatropha curcas കടലാവണക്കു.
Jonesia asoca അശോകം.
Justicia adhatoda ആടലോടകം.
Justicia Nasata നാഗമല്ലി. [ത്ത.
Justicia paniculata chiretta കിരിയാ

Kaempfera Galanga കച്ചോലം.
Knolkhol മുട്ടക്കോവി.

Lantana അരിപ്പൂ.
Latifolius പൃഥുവൎണ്ണം.
Laurus camphora കൎപ്പൂരമരം.
Laurus cassia കറുപ്പമരം.
Lemongrass ജോനകപ്പുല്ല്, പച്ചചായ.
Lettuce സല്ലാദ്.
Lime-tree പുളിനാരകം, ചെറുനാരകം.
Liquorice ഇരട്ടിമധുരം.
Long pepper തിപ്പലി.
Lotus താമര.

Maiden hair മോതിരക്കണ്ണിപച്ച.
Mace ജാതിപത്രി.
Marigold ചെട്ടിപ്പൂ.
Michelia champaca ചമ്പകം.
Mimosa തൊട്ടാവാടി.
Mimosa astergens ചീനിക്കാ, ചീയക്കാ.
Mimosa catechu കരിങ്ങാലി.
Mimosa octandra ചിററരത്ത.
Mimosa sirissa നെന്മേനിവാക.
Mimosa suma ശമീവൃക്ഷം.
Mimusops elengi ഇരഞ്ഞി.
Mint ഒടത്തളം.
Monk's bean കന്നിക്കുരു.
Morinda citrifolia കടപിലാവു.
Musk okra കാട്ടുകസ്തൂരി, ലതാകസ്തൂരി.
Mustard കടുക.
Mystica moschata ജാതിക്കാ.

Nelumbium speciosum ആമ്പൽ.
Nerium coronarium നന്ത്യാൎവട്ടം.
Nerium odorum കണവീരം.
Nigella Indica ചിററേലം.
Nettle കൊടുത്തുവ, ചൊറിയണ.
Nutmeg ജാതിക്കാ.
Nymphia carula കരിങ്കുവലയം.

Ocimum album വെള്ളതുളസി.
Ocimum sanctum രാമതുളസി.
Okra വെണ്ടക്ക.
Oleander അരളി, കണവീരം.
Olibanum കന്തുരുക്കം.
Olibanum tree ഈന്ത്.
Ophioxylon serpentium അവിൽപൊരി, വണ്ടവാഴ.
Omum അയമോദകം.
Orchard ഉപവനം, വൃക്ഷോദ്യാനം.
Orris root വയമ്പ്.
Oxalis monadelpha പുളിയാരൽ.

Pæderia fœtida പ്രസാരണി.
Panicum Italicum, Pannick-seed തിന.
Parasitic plant പുല്ലുണ്ണി, ഇത്തിൾകണ്ണി.
Pavonia odorata കുറുന്തോട്ടി.
Peacock's pride അലസിപ്പൂ.
Peepul tree അരയാൽ.
Pentaptera Arjuna നീർമരുത്.
Pericarp ബീജകോശം.
Phlomis Indica തുമ്പ.
Phyllanthus emblica നെല്ലിക്ക.
Pigeonpea തൊവര.
Pine apple കൈതച്ചക്ക.
Pinus longifolia ചരളം.
Piperbetel വെററിലക്കൊടി.
Piyal മുരൾമരം.
Plantain tree വാഴ.
Plumbago കൊടുവേരി.
Pterocarpus santalinus രക്തചന്ദനം.
Pumpkin മത്തങ്ങ, കുമ്പളങ്ങ.

Quercus insectoria മായക്ക.

Radish മുള്ളങ്കി.
Raisin ഉണക്കിയ മുന്തിരിങ്ങാപഴം.
Red sanders രക്തചന്ദനം.
Rose apple ചുവന്നജാമ്പ്.
Rozelle വെള്ളജാമ്പ്.
Ruellia longifolia ഞെരിഞ്ഞിൽ.

Saccharum spontaneum ആററുദൎഭ.
Saccharum suma അമ.
Sago palm കണ്ണിപന.
Safflower കുസുംഭപ്പൂ.
Saffron കുങ്കുമപ്പൂ.
Sarsaparilla നന്നാറി.
Semecarpus anacardium ചേർമരം.
Serratula anthelmintica കാൎക്കോലരി.
Shoe flower ചെമ്പരുത്തി.
Sida lanceolata മലതാങ്ങി.
Sinapis chinensis കടുക്.
Silk-cotton tree പൂള.
Siphonanthus Indica ചെറുതേക്ക്.
Snake gourd പടവലങ്ങാ.
Soapnut സാബൂൻകായി, ചീയക്ക.
Spinosa longifolia കറിമുഞ്ഞ.
Spondias mungifera അമ്പാഴം.
Squash ചുരങ്ങ.
Star anise തക്കോലം, കക്കോലം.
Sun-flower സൂൎയ്യകാന്തിപുഷ്പം.
Swallow-wort എരിക്ക്.
Sweet potato കപ്പക്കിഴങ്ങ്, ചക്കരക്കിഴങ്ങ്, മണൽതടിയൻ.

Tamarind tree പുളിമരം.
Tapioca മരക്കിഴങ്ങ്.
Targia cannabina കൊടുത്തുവ. ചൊറിയണം.
Terminalia alataglabra പുല്ലമരുത്.
Terminalia Bellerica താന്നിക്ക.
Terminalia chebula കടുക്ക.
Thorn-apple ഉമ്മത്തം.
Tree-turmeric മരമഞ്ഞൾ.

Vangueria spinosa മലങ്കാര.

Vegetable marrow വിലാത്തികുമ്പളങ്ങ.
Vitis Indica ചെമ്പ്രവള്ളി.
Vitex trifolia കരിനൊച്ചിൽ.
Xanthochymus pictorius തമാലമരം.
Yellow myrabolan കടുക്ക.
Ziziphus jujuba ഇലന്ത.

Malayalam.

അണലിവേഗം Aristolochia indica; Indian birthwort.
അതിവിടയം Betala.
അത്തി Ficus glomerata; glomorous fig-tree.
അത്തിതിപ്പലി Elephant pepper.
അത്തു Mimosa Inga.
അമ്പാഴം Spondias mungifera; hog-plum.
അമ Saccharum (suma) sara.
അമരി Indigofera anile; the indigo plant.
അമുക്കുരം Physalis flexuosa.
അയമോതകം Caraway seed; carum carvi.
അരഞ്ഞിൽ The buttress tree.
അരണ്യജപാ Eglantine.
അരത്ത Alpinosa galangula.
അരയാൽ Ficus religiosa; the Peepul tree.
അരിപ്പൂ Lantana.
അലസിപ്പൂ Peacock's pride.
അവിൽപൊരി Ophioxylon serpentium.
അശോകം Jonesea Asoca.
ആടലോടകം Justicia adhatoda.
ആത്തച്ചക്ക Custard apple.
ആനപ്പന, *see* കണ്ണിപ്പന.
ആമ്പൽ Water-lily; selumbium speciosum.
ആയിനിപ്പിലാവു Artocarpus pubescens.
ആവണക്ക് Racinus communis; the castor-oil plant.
ആറ്റുദൎഭ Saccharum spontaneum.
ഇഞ്ചി Amomum Zingiber; ginger.
ഇത്തിൾകണ്ണി Misletoe; a parasitic plant.
ഇരഞ്ഞി Mimusops elengi.
ഇരട്ടിമധുരം Liquorice root.
ഇരുപ്പവൃക്ഷം Bassia latifolia.
ഇരുവിൾ Dalbergia sissoo.
ഇലന്ത Ziziphus jujuba.
ഇല (വം) വ് Bombax pentandrum; the silk-cotton tree.
ഈന്ത് Boswellia thurifera; the olibanum tree.
ഈത്ത Phoenix dactilifera.
ഈശ്വര (മുല്ല) മൂലി Helicteres Isora.
ഉദ്യാനവിദ്യ Horticulture.
ഉപവനം Orchard.
ഉമ്മത്തം Datura fastuosa; stramonium; thorn apple.
ഉലുവ Fenugreek; Trigonella foenum gracum.
എരിക്ക് Asclipia gigantia; swallow wort.
എഴത്തോലപന, *see* കരിമ്പന.
ഏലത്തരി Cardamom; elettaria; cardamomum.
ഏഴിലമ്പാല Echites scholaris; Jatropha manihot.
ഓടത്തളം Mint.
ഓരില Hemionitis cordifolia.
ഓരിലത്താമര Viola suffruticosa.
കക്കോലം, *see* തക്കോലം.
കച്ചൂരം Curcuma Zerumbet.
കച്ചോലം Kaempferia Galanga.

കഞ്ചാവ് Cannabis sativa.

കാട്ടുചെമ്പരുത്തി Eglantine.

കായം Assafœtida.

കാര Alangium decapitatum.

കാക്കോലരി Serratula anthelmintica.

കിരിയാത്ത് Justicia paniculata, chiretta.

കുടകപ്പാല Achites pubescens (antidysenterica).

കുങ്കുമം Crocus sativus; saffron.

കുന്തുരുക്കം Olibanum; frankincense.

കുന്നി Abrus precatorius; the monk's bean.

കുമ്പളം Cucurbita hispida; pumpkin.

കുരുക്കുത്തിമുല്ല Gærtnera racemosa.

കുസുംഭപ്പൂ Safflower.

കുറുന്തോടി Sida (retusa) cordifolia.

കുറുമൊഴിമുല്ല Jasminum auriculatum.

കൂക്കില The Malabar cat-mint.

കൂവ Curcuma angustifolia; arrowroot·

കൂവളം Ægle marmelos.

കൈതച്ചക്ക Bromelia ananas; pineapple.

കൈപ്പക്ക Bitter-gourd.

കൊടിത്തൂവ Tragia involucrata; nettle.

കൊടുവേരി Plumbago; the lead-wort.

കൊട്ടകം Costus spesiosus.

കൊഴിച്ചിൽ Galega colonila.

കൊഴുപ്പ Achyranthes triandra.

കോവിചീര Cabbage.

ഗുല്ഗുലു Bdellium.

ചതുകുപ്പ Anethum graveolens.

ചമ്പകം Michelia champaca.

ചപ്പങ്ങം Cæsalpinia sappan.

ചമത Butea frondosa.

ചരളം Pinus longifolia.

ചവക്കായി The soap-nut.

ചവോക്ക്മരം Casuarena tree.

ചിററമൃത് Menispermum cocula; the heart-leaved moon-seed.

കഞ്ഞുണ്ണി Eclipta prostrata.

കടപ്പിലാവ് Morinda citrifolia.

കടലക്ക Cicer aristinum; Bengal gram.

കടലാടി Achyranthus aspera.

കടലിവേഗം Aristolochia Indica; Indian birth-wort.

കടുക് Sinapis chinensis; mustard.

കടുക്ക Terminalia chebula; yellow myrabolan; ink-nut.

കടുരോഹിണി Helleboius niger; black hellebore.

കണവീരം Nerium odorom; oleander.

കടലാവണക്ക് Jatropha curcas.

കണ്ണിപ്പന Sago palm.

കപ്പക്കിഴങ്ങ് Sweet potato; Convolvulus batatas.

കപ്പളങ്ങ, *see* പപ്പായം. [tree.

കരഞ്ജം Galedrupa arborea; the caranj

കരിങ്കുവലയം Nymphia carula; the blue waterlily.

കരിങ്ങാലി Mimosa catechu. [tree.

കരിനൊച്ചിൽ Vitex trifolia; the chaste

കരിമ്പന The fan-palm; Borassus flabelliformis.

കരിമുതക്ക് Convolvulus paniculata; black bird-wood.

കർപ്പൂരവൃക്ഷം Laurus camphora.

കഴുങ്ങ് Areca catechu; the areca-nut tree.

കറയാമ്പൂ Cloves; Eugenia caryophyllata.

കറിച്ചുണ്ട Spinosa longifolia.

കറിവേപ്പ് The curry-leaf tree.

കറുപ്പമരം Laurus cassia.

കററവാഴ Aloe; Socotrine aloe.

കാട്ടുകസ്തൂരി Hibiscus abelmoschus; musk okra.

ചിററരത്ത Mimosa octandra.
ചിററേലം Nigella Indica.
ചീനിക്കാ Mimosa abstergens.
ചീര Greens.
ചെട്ടിപ്പൂ Marigold.
ചെമ്പരത്തി Hibiscus Rosa sinensis; the shoe-flower.
ചെറുചീര Amaranthus campestres.
ചെറുനാരകം Citrus acida; the lime tree.
ചെറുപയറ് Green gram.
ചെറുപ്പുന്ന Calophyllum calaba.
ചെറുപൂള Achyranthes lanata.
ചേന Arum campanulatum; a yam.
ചോളം Indian corn.
ജടാമാംസി (മാഞ്ചി) Indian spikenard.
ജാതിക്ക Myristica moschata.
ജാമ്പ് Eugenia jambola.
ജീരകം Cumin seed.
ഞെരിഞ്ഞാമ്പുളി Cissus latifolia.
ഞെരിഞ്ഞിൽ Ruellia longifolia.
തകര Cassia (tora) alata.
തകരം Tabernœmontana coronaria.
തക്കോലം Illicium anisatum; the star anise.
തമാലം Xanthochymus pictorius.
തമിഴാമ Boerhavia diffusa; hog's weed.
താന്നിക്ക (താന്നിക്ക) Terminalia bellerica.
താമര Nymphia lotus; lotus lily.
തിന Panicum Italicum; pannick-seed.
തുമ്പ Phlomis; or Leucas Indica.
തുവര Citysus cajan; Cajans Indicus; the pigeon pea.
തുളസി Basil.
തെച്ചി Chrysanthemum Indicum.
തേനാമ്പഴം, *see* ആത്തച്ചക്ക.
തൊഴുകണ്ണി (or കണ്ണി) Hedysarum gyrans.
ത്രികോല്പകന്ന Convolvulus turpathum; Indian jalap.
ദേവദാരു The fir-tree.
നന്നാറി Sarsaparilla.
നന്തിയാർവട്ടം Narium coronarium.
നവമല്ലിക Jasminum sambac.
നറുനീണ്ടി, *see* നന്നാറി.
നറുവരി Cordia myxa.
നാഗതാളി Trichos anthes anguina.
നാഗദന്തി Jatropha glauca.
നാഗപ്പൂ Mesua ferrea.
നാഗമല്ലി Justicia nasata.
നാഗവള്ളി Bauhinia anguina.
നായ്ക്കുരിമ്പു Saccharum spontaneum.
നായ്ക്കുരണ Carpopogon pruriens; Negriba pruriens; cowhage.
നിലപ്പന Curculigo orchiodes.
നിലമ്പരണ്ട Ionidium enneospermum.
നീക്കടമ്പു Baringtonia acutanglia.
നീർമരുത് Pentaptara arjuna.
നീലക്കുറിഞ്ഞി Barleria cristata.
നെന്മേനിവാക Mimosa sirissa.
നെല്ലിക്ക Phyllanthus emblica; the Indian gooseberry.
പച്ചിലമരം, *see* തമാലം.
പടവലങ്ങ Snake-gourd.
പതിററടി (പന്തീരടി) Mirabilis jalapa; the marvel of Peru.
പപ്പായം Carica papaya.
പയ്യാനി Bignonia longifolia.
പരുത്തിമരം The cotton-tree.
പലകപയ്യാന Bignonia cordifolia.
പാടവള്ളി Cissampelus hexandra.
പാതിരി Bignonia suaveolens.
പാൽവള്ളി Echites frutescens.
പിച്ചകം Jasmimum grandiflorum.
പിലാവ് Artocarpus integrifolia; the jack-tree.
പീനാറി Ailanthus excelcus.

പുത്തരിച്ചുണ്ട Gentiana chirayta.
പുല്ല് മരുതു Terminalia alataglabra.
പുല്ലുണ്ണി Parasitic plants (misleto).
പുളിമരം Tamarindus Indica; the tamarind tree.
പൂക്കോവി Cauliflower.
പൂവരശു Cedrela Toona; Hibiscus populneus; the toon tree.
പൂള Bombax pentandra; the silk-cotton tree.
പെരിഞ്ചീരകം Anethum fœniculum; sweet fennel; anise.
പെരുങ്കുരുമ്പ Aletris hyacinthoides; Sansiviera zeylanica.
പേരക്ക Psidium pyriferum; guava, bay-plum.
പൊന്നാങ്കണ്ണി Illecebrum sessile.
പ്രസാരിണി Pæderia foetida.
പ്ലാശു Butea frondosa.
ബീജകോശം Pericarp.
ഭദ്രാക്ഷം, *see* പതിററടി.
ഭൂൎജ്ജവൃക്ഷം The birch.
മക്കിപ്പൂ Artimesia austriaca; wormwood.
മഞ്ചെട്ടി Jatropha mainhot; Bengal maddar.
മധുരികാ Dill.
മരക്കിഴങ്ങു The tapioca plant.
മരമഞ്ഞൾ The tree-turmeric; Curcuma Zanthorrhiza.
മലങ്കാര Vangueria spinosa.
മലതാങ്ങി Sida lanceolata.
മാതളനാരങ്ങ Citrus medica.
മായക്ക Gall-nut.
മാലതി Jasmimum grandiflorum.
മാവു Mangifera Indica; the mango tree.
മുട്ടക്കോവി Knolkhol.
മുതിര Horse-gram.
മുരൾ Buchanania latifolia.
മുരിങ്ങ Hyperanthera moringa; the horse-radish tree.
മുള്ളങ്കി Radish.
മുൾമുരിക്കു Erythrina fulgens.
രക്തചന്ദനം Red sanders.
രാമച്ചം Cuscus grass; Andropogon muricatum.
രാമതുളസി Ocymum sanctum.
രുദ്രാക്ഷവൃക്ഷം Elæocarpus lanceolatus.
ലതാകസ്തൂരി, *see* കാട്ടുകസ്തൂരി.
വണ്ടവാഴ, *see* അവിൽപൊരി.
വയമ്പു Orris root; sweet flag.
വള്ളിനാരകം, *see* മാതളനാരകം.
വഴുതിനിങ്ങ Brinjal.
വാടാമല്ലി Amaranthus.
വാൽമുളകു Cayenne-pepper; cubabs.
വാഴ Musa sapientia; the plantain tree.
വിലാത്തികുമ്പളം Vegetable marrow.
വിലാത്തിച്ചക്ക Bread-fruit.
വിഷ്ണുക്രാന്തി Evolvulus alsinoides; Blitoria termalia.
വീട്ടിമരം Blackwood; Dalbergia latifolia.
വൃക്ഷോദ്യാനം Orchard.
വെണ്പാതിരി Bignonia Indica.
വെണ്ണുതക്ക് Hedysarum gangeticum.
വെണ്ടക്ക Lady's finger; okra.
വെററിലക്കൊടി The betel vine; Piper betel.
വെള്ളരി Cucumis sativus; cucumber.
വേനപ്പച്ച Heleotropium Indicum; the Indian turnsol.
വേപ്പുമരം The Neem-tree; the margosa tree.
ശതാവരി Asperagus racemosa.
ശമി Mimosa suma.
ശംഖപുഷ്പം Clitoria ternatea.
ശ്രീഹസ്തിനി Heliotrope.
സല്ലാദ് Lettuce.
സൂൎയ്യപ്പൂ Helianthus; the sun-flower.
സൂൎയ്യകമലം Heliotrope.

Note. Wherever possible the common names have been given in preference to the scientific Latin terms, and in some cases both have been given.

2. Chemistry and Physics.

Accoustics ധ്വനിശാസ്ത്രം.
Acid അമ്ലം.
Adhesion പൃഷ്ഠാകൎഷണം.
Air-pump രിക്തകാരകയന്ത്രം.
Alcohol മദ്യസാരം.
Alkali ക്ഷാരം.
Alloy മിശ്രധാതു.
Alum സ്ഫടികക്കാരം.
Amalgam പാരതസ്പൃഷ്ടധാതു.
Amber തൃണമണി.
Antimony sulphide സൌവീരാഞ്ജനം.
Apparatus സാമഗ്രി; ഉപകരണം.
Aqua regia മഹാദ്രാവകം.
Arsenic പാഷാണം.
Asbestos കന്നാരം; കൽചണം.
Atmosphere ആകാശം; ഗഗനം; വായുമണ്ഡലം.
Atom അണു.
Attraction ആകൎഷണം. a. of gravity ഘനാകൎഷണം.

Balloon ആകാശപന്തു; ആകാശയാനം.
Barometer ആകാശതോലനയന്ത്രം.
Base-note ഗംഭീരശബ്ദം.
Beacon ആകാശദീപം.
Beer ബീര്, യവസുരാ.
Bezoar-stone ഗോരോചനം.
Blue vitriol തുത്ഥാഞ്ജനം; മയിൽതുത്ഥം.
Borax പൊങ്കാരം; ടംകണം.
Bulb ഗോളമൂലം.
Buoyancy പ്ലാവനശക്തി.

Calcination പുടപാകം.
Calomel രസകൎപ്പൂരം.
Capillary attraction കേശാകൎഷണം.
Camphor (sumatra) ചൂടൻകൎപ്പൂരം.
Camphor (Borneo or China) പച്ചകൎപ്പൂരം.
Carbon അംഗാരം.
Carbonic acid അംഗാരാമ്ലം.
Centre of gravity ഘനാകൎഷണകേന്ദ്രം.
Centrifugal force കേന്ദ്രവികൎഷണം; കേന്ദ്രത്യാഗം.
Centripetal force കേന്ദ്രാകൎഷണം; കേന്ദ്രഗമ്യത.
Chalk വിലാത്തിനൂർ; ചോക്ക്.
Chalybeate അയോഗുണവിശിഷ്ടമായ.
Chemical combination പഞ്ചീകരണം.
Chemistry രസതന്ത്രം; രസശാസ്ത്രം; കീമശാസ്ത്രം.
Chimney ധൂപനാളി; പുകക്കുഴൽ.
Chromatics വൎണ്ണശാസ്ത്രം.
Chronometer യാമനാളി; കാലമാപനയന്ത്രം.
Cinnabar രക്തപാരദം; രസസിന്ദൂരം.
Clarion കാഹളം.
Cohesion അഞ്ചാകൎഷണം.
Concave ഉദരാകാരമായ; പുടാകാരമായ.
Conductors പ്രവേശികങ്ങൾ.
Conductors, bad ദുഷ്പ്രവേശികങ്ങൾ.
Conductors, good സുപ്രവേശികങ്ങൾ.
Contraction ആകുഞ്ചനം; സങ്കോചം.
Convex കൂൎമ്മപൃഷ്ഠാകാരമായ; ന്യുബ്ജം.
Corrosive sublimate സൌവീരപാഷാണം.
Crayon വൎത്തിക; തുലിക.
Crucible മൂശ; തൈജസാവൎത്തിനി.

Decomposition പൃഥക്കരണം; വിലയം.
Depression അവക്ഷേപണം.
Dilatation പ്രസരണം.

Echo പ്രതിധ്വനി; മാറെറാലി.
Elasticity പ്രകൃതിപ്രാപകത്വം; സ്ഥിതിസ്ഥാപകത്വം.
Electric arc വിദ്യുദ്ധനുസ്സ്.
Electric battery വിദ്യുദ്ഘടയോഗം.
Electric current വിദ്യുത്പ്രചാരം.
Electric induction വിദ്യുന്നിവേശം.
Electric machine വിദ്യുജ്ജനകചക്രം.

Electricity വിദ്യുച്ഛക്തി.
Electricity, negative ലാക്ഷാവിദ്യുത്.
Electricity, positive കാചവിദ്യുത്.
Electrode, വിദ്യുന്നാളി.
Electrode, negative ബഹിൎന്നാളി.
Electrode, positive അന്തൎന്നാളി.
Electrolysis വിദ്യുച്ഛേദം.
Electroscope വിദ്യുദ്ദൎശിനി.
Element മൂലം; ധാതു; മൂലവസ്തു.
Elevation ഉൽക്ഷേപണം.
Energy പ്രവൎത്തനശക്തി.
Energy, conservation of ശക്തിശാശ്വതത്വം.
Energy, dissipation of ശക്തിവ്യയം.
Energy, potential നിക്ഷേപശക്തി.
Energy, transmutation of ശക്തിരൂപാന്തരം.
Equilibrium സമഭാരത; സമതോലനം.
Equilibrium, neutral ഉദാസീനപതനം.
Equilibrium, stable സ്ഥിരപതനം.
Equilibrium, unstable അസ്ഥിരപതനം.
Ether (liquid) ഹിമദ്രവം.
Expansion വികാസം.
Experiment പ്രയോഗം; തന്ത്രം; പരീക്ഷ.
Extension വ്യാപ്തി.
Flask കാശികുപ്പി.
Fluid ദ്രവദ്രവ്യം.
Fulcrum ആധാരം; അപസ്തംഭം.
Gamut സപ്തസ്വരം.
Ginger beer ആൎദ്രകരസം; ജിഞ്ചർ ബീർ.
Green vitriol അന്നഭേദി; ഈരക്കാസ്; കാസീസം.
Gum നിൎയ്യാസം; പശ.
Gum arabic ഗ്രന്ദു.
Gum, benzoin സാമ്പ്രാണി.
Gum, lac കോലരക്കു.
Gum, storax അരേണുകം.
Gum, colophony പന്തം.
Hydrochloric acid ശംഖുദ്രാവകം.
Hydrogen ജലജവായു.
Hydrolics ചലജ്ജലവിജ്ഞാനം.
Hydrometer ജലപരിമാപകയന്ത്രം; ജലമാപനി.
Hygrometer ക്ലേദമാപകയന്ത്രം.
Impenetrability അഗമ്യത.
Inertia സ്ഥിതിശാശ്വതത്വം.
Incenerator ഭസ്മീകരണയന്ത്രം.
Inorganic നിൎജ്ജീവവിഷയമായ.
Lactometer ദുഗ്ദ്ധമാപനി.
Lamp-black ഗൃഹധൂമം.
Latent heat ഗുപ്തോഷ്ണം.
Layden jar ലേയിഡൻ ഭാജനം.
Lead കാരീയം.
Lead sulphide രസാഞ്ജനം; അഞ്ജനക്കല്ലു.
Lens കാചം.
Lens, concave മദ്ധ്യനിമ്നകാചം.
Lens, convex മദ്ധ്യോന്നതകാചം.
Lens, crystal സൂൎയ്യകാന്തം.
Lens, double convex യവകാചം.
Lever കയററുപാര; ഉത്തോലനദണ്ഡം; തുലായന്ത്രം.
Lightning conductor വിദ്യുദ്ഗ്രഹണി.
Liquid ദ്രവദ്രവ്യം.
Liquor ammonia നവസാരദ്രാവകം.
Load-stone കാന്തപാഷാണം.
Locomotion സ്ഥാനാന്തരഗമനം.
Locus നിധാനം.
Magnet അയോമണി; അയസ്കാന്തം.
Magnetic attraction കാന്താകൎഷണം.
Mercury രസം; പാരതം (ദം).
Mercury sulphide ചായില്യം.
Mica അഭ്രകം; വാനമ്പൊളി.

Microscope സൂക്ഷ്മദൎശനയന്ത്രം; ഭൂതകണ്ണാടി.
Microphone സൂക്ഷ്മശ്രവണയന്ത്രം.
Molecule പരമാണു.
Monad body അഭേദ്യവസ്തു.
Motion ഗതി; ഗമനം.
Musical note സ്വരം; രാഗം.

Nitre സൎജ്ജികാക്ഷാരം, വെടിയുപ്പു.
Nitric acid യവക്ഷാരദ്രാവകം; വെടിയുപ്പുദ്രാവകം.
Nitrogen രുചിതകം.

Observatory നക്ഷത്രബങ്കളാവു.
Optics ദൃക്ശാസ്ത്രം.
Organic സജീവവിഷയമായ.
Orpiment ഹരിതാലം; അരിതാരം.
Oxydation ജാരണം.
Oxygen പ്രാണവായു.

Pendulum ലോലകം; ലോലാഖണ്ഡം.
Penumbra ഖണ്ഡഛായ.
Percussion സമാഘാതം.
Phonograph ധ്വനിലേഖനി.
Phosphorus തീപ്പാഷാണം; പ്രകാശിതം.
Photograph ആലോകലേഖ്യം; പുകചിത്രം; വിദ്യുല്ലേഖ്യം.
Physics പ്രകൃതിശാസ്ത്രം.
Piston രോധനി.
Pivot വിവൎത്തനകീലം.
Plaster of Paris കൎപ്പൂരശില.
Plummet ലംബസൂത്രം.
Pneumatics വായുതത്വം.
Porosity ബഹുരന്ധ്രത.

Ray കിരണം.
Ray, pencil of അംശുജാലം.
Reflection of light പ്രതിച്ഛായ.
Reflection of sound പ്രതിധ്വനി.
Refraction of light വക്രകിരണതത്വം.
Repulsion വികൎഷണം.
Retort ബകയന്ത്രം.

Sal ammoniac നവസാരം; നവക്ഷാരം.
Salt peter വെടിയുപ്പു.
Sand bath സികതായന്ത്രം.
Siphon ഉക്ഷേപണി; വക്രനാളി.
Snow flake ഹിമതൂലം.
Solid ഘനദ്രവ്യം.
Spectrum വൎണ്ണസൂദൎശനം.
Spectrum, solar സൌരസൂദൎശനം.
Speculum ദൎപ്പണം.
Still അൎക്കയന്ത്രം; ബകയന്ത്രം.
Subacid ഈഷദമ്ലം.
Sublimate പതങ്കം.
Sublimation ഊൎദ്ധ്വപാതനം.
Sulphur ഗന്ധകം; ഗന്ധപാഷാണം.
Sulphur, cream of നെല്ലിക്കഗന്ധകം.
Sulphur, flower of ഗന്ധകരജ.
Sulphur, ruby രക്തഗന്ധകം.
Sulphuric acid ഗന്ധകദ്രാവകം.

Telegraph ദൂരലേഖനയന്ത്രം; കമ്പിതപ്പാൽ.
Telegram കമ്പിവൎത്തമാനം.
Telephone ദൂരശ്രവണയന്ത്രം.
Telescope ദൂരദൎശനയന്ത്രം; ചീനക്കുഴൽ.
Tension ആതതി.
Tin വെള്ളീയം; വങ്കം.
Triad body ത്രസരേണുകം.

Vacuum രിക്തം.
Valve പിധാനം.
Vapour ബാഷ്പം.
Velocity ഗതിവേഗത.
Verdigris താമ്രകിട്ടം; ക്ലാപ്പു.

Water-pump ജലോദ്ധാരണയന്ത്രം.
Wedge കററാണി.
White arsenic ശംഖപാഷാണം.

Yeast സുരാമണ്ഡം.

Zinc തുത്ഥനാകം.

Malayalam.

അൎക്കയന്ത്രം A still.
അഗമ്യത Impenitrability.
അഞ്ജനക്കൽ Lead sulphide; Galena.
അണു Atom.
അണ്വാകൎഷണ Cohesion.
അഗ്രനാളി The positive electrode.
അവഷ്ടംഭം Fulcrum.
അഭേദ്യവസ്തു Monad body.
അഭ്രകം Mica.
അമ്ലം Acid.
അയോഗുണവിശിഷ്ടമായ Chalybeate.
അയോമണി Magnet.
അരക്കു Gumlac.
അരേണുകം Gum storax.
അസ്ഥിരപതനം Unstable equilibrium.
അവക്ഷേപനം Depression.
അംഗാരാമ്ലം Carbonic acid.
അംഗാരം Carbon.
അംശുജാലം Pencil of rays.
ആകൎഷണം Attraction.
ആകാശതോലനയന്ത്രം Barometer.
ആകാശദീപം Beacon.
ആകാശയാനം Balloon.
ആകാശം The atmosphere; ether.
ആകുഞ്ചനം Contraction.
ആതതി Tension.
ആൎദ്രകരസം Ginger beer.
ആധാരം Fulcrum
ആലോകനലേഖ്യം Photograph.
ഈരാക്കാസ് Green vitriol.
ഈഷദമ്ലം Subacid.
ഉൽക്ഷേപണം Elevation.
ഉൽക്ഷേപണി Siphon.
ഉത്തോലനദണ്ഡം Lever.
ഉദരാകാരമായ Concave.
ഉദാസീനപതനം Neutral equilibrium.
ഊൎദ്ധ്വപാതനം Sublimation.
കന്നാരം Asbestos.
കൎപ്പൂരശില Plaster of Paris.
കമ്പിത്തപ്പാൽ Telegraph.
കമ്പിവൎത്തമാനം Telegram.
കയറുപാര, *see* ഉത്തോലനദണ്ഡം.
കററാണി Wedge.
കാചവിദ്യുത് Positive electricity.
കാചം Lens.
കാന്തപാഷാണം Load-stone.
കാന്താകൎഷണം Magnetic attraction.
കാരീയം Lead.
കാലമാപനം Chronometer.
കാശിക്കുപ്പി Flask.
കാസീസം *see* ഈരാക്കാസ്.
കാഹളം Clarion.
കിരണം Ray.
കൂൎമ്മപൃഷ്ഠാകാരമായ Convex.
കേന്ദ്രത്യാഗം, കേന്ദ്രവികൎഷണം Centrifugal force.
കേന്ദ്രാകൎഷണം Centripetal force.
കേശാകൎഷണം Capillary attraction.
ക്ലേദമാപകയന്ത്രം Hygrometer,
ക്ഷാരം Alkali.
ഖണ്ഡഛായ Penumbra.
ഗതി Motion.
ഗതിവേഗത Velocity.
ഗന്ധകദ്രാവകം Sulphuric acid.
ഗന്ധകരജം Flowers of sulphur.
ഗന്ധകം Sulphur.
ഗുപ്തോഷ്ണം Latent heat.
ഗൃഹധൂമം Lamp-black.
ഗോരോചനം Bezoar.
ഗോളമൂലം Bulb.
ഗംഭീരശബ്ദം Base-note.
ഘനദ്രവ്യം Solid.
ഘനാകൎഷണകേന്ദ്രം The centre of gravity.
ഘനാകൎഷണം Attraction of gravity.
ചലജ്ജലവിജ്ഞാനം Hydrolics.

ചായില്യം Sulphide of Mercury.
ചീനക്കുഴൽ Telescope.
ചൂടൻകൎപ്പൂരം Sumatra camphor.
ജലജവായു Hydrogen.
ജലോദ്ധാരണയന്ത്രം Water-pump.
ജാരണം Oxydation.
ടംകണം, *see* പൊങ്കാരം.
തന്ത്രം Experiment.
താമ്രകിട്ടം Verdigris.
തീപാഷാണം Phosphorus.
തുത്ഥാഞ്ജനം Blue vitriol.
തുലായന്ത്രം, *see* ഉത്തോലനബന്ധം.
തൂലിക Crayon.
തൃണമണി Amber.
തൈജസാവൎത്തിനി Crucible.
ത്രസരേണുകം Triad body.
ദൎപ്പണം Speculum.
ദുഗ്ദ്ധമാപനി Lactometer.
ദുഷ്പ്രവേശികങ്ങൾ Bad conductors.
ദൂരലേഖനയന്ത്രം Telegraph.
ദൂരശ്രവണയന്ത്രം Telephone.
ദൃൿശാസ്ത്രം Optics.
ദ്രവദ്രവ്യം Fluid; liquid.
ദ്വയാണുകം Diad bodies.
ധാതു Element.
ധൂപനാളി Chimney.
ധ്വനിലേഖനി Phonograph.
ധ്വനിശാസ്ത്രം Accoustics.
നക്ഷത്രബംഗ്ലാവു Observatory.
നവസാരദ്രാവകം Liquor ammonia.
നവസാരം Sal ammoniac.
നാകം Zinc.
നിക്ഷേപശക്തി Potential energy.
നിൎജ്ജീവവിഷയമായ Inorganic.
നിധാനം Locus.
നെല്ലിക്കാഗന്ധകം Cream of sulphur.
ന്യുബ്ജം Convex.
പച്ചകൎപ്പൂരം Borneo or China camphor.
പഞ്ചീകരണം Chemical combination.
പതങ്കം sublimate.
പന്തം Gum colophony.
പരമാണു Molecule.
പാരതസ്പൃഷ്ടധാതു Amalgam.
പാഷാണം Arsenic.
പിധാനം Valve.
പുകച്ചിത്രം Photograph.
പുടപാകം Calcination.
പുടാകാരമായ *see* ഉദരാകാരമായ.
പൃഥക്കരണം Decomposition.
പൃഷ്ഠാകൎഷണം Adhesion.
പൊങ്കാരം Borax.
പ്രകാശിതം Phosphorus.
പ്രകൃതിപ്രാപകത്വം Elasticity.
പ്രകൃതിശാസ്ത്രം Physics.
പ്രതിച്ഛായ Reflection of light.
പ്രതിധ്വനി Reflection of sound; echo.
പ്രയോഗം, *see* തന്ത്രം.
പ്രവൃത്തനശക്തി Energy.
പ്രവേശികങ്ങൾ Conductors.
പ്രസരണം Dilatation.
പ്രാണവായു Oxygen.
പ്ലാവനശക്തി Buoyancy.
ബകയന്ത്രം A still; retort.
ബഹിൎന്നാളി Negative electrode.
ബഹുരന്ധ്രത Porosity.
ബാഷ്പം Steam; vapour.
ഭസ്മീകരണയന്ത്രം Incinerator.
മദ്യസാരം Alcohol.
മദ്ധ്യനിമ്നകാചം Concave lens.
മദ്ധ്യോന്നതകാചം Convex lens.
മഹാദ്രാവകം Aqua regia.
മിശ്രധാതു Alloy.
മൂലവസ്തു, *see* ധാതു.
മൂശ Crucible.
യവകാചം Double convex lens.
യവമദ്യം, യവസുരാ Beer; Porter.
രക്തഗന്ധകം Ruby sulphur.
രക്തപാരതം Cinnabar.

രസകൎപ്പൂരം Calomel.
രസതന്ത്രം; രസശാസ്ത്രം Chemistry.
രസസിന്ദൂരം, *see* രക്തപാരതം.
രസാഞ്ജനം, *see* അഞ്ജനക്കൽ.
രസം Mercury.
രിക്തകാരകയന്ത്രം Air-pump.
രിക്തം Vacuum.

ലാക്ഷാവിദ്യുത് Negative electricity.
ലേയിഡൻ ഭാജനം Leyden jar.
ലോലകം, ലോലാദണ്ഡം Pendulum.
ലംബസൂത്രം Plummet.

വക്രനാളി Siphon.
വങ്കം Tin.
വൎണ്ണശാസ്ത്രം Chromatics.
വൎണ്ണസുദൎശനം Spectrum.
വായുതത്വം Pneumatics.
വികൎഷണം Repulsion.
വികാസം Expansion.
വിക്ഷേപശക്തി Kinetic energy.
വിദ്യുദ്ഗ്രഹണി Lightning conductor.
വിദ്യുദ്ഘടയോഗം Electric battery.
വിദ്യുദ്ഘടം Electric cell.
വിദ്യുച്ഛക്തി Electricity.
വിദ്യുച്ഛേദം Electrolysis.
വിദ്യുജ്ജനകചക്രം Electric machine.
വിദ്യുദ്ദൎശിനി Electroscope.
വിദ്യുദ്ധനുസ്സ് Electric arc.
വിദ്യുന്നാളി Electrodes.
വിദ്യുന്നിവേശം Electric induction.
വിദ്യുത്പ്രചാരം Electric current.
വിവൎത്തനകീലം Pivot.
വിലയം, *see* പൃഥക്കരണം.
വിലാത്തിനൂർ Chalk.

വെടിയുപ്പ് Salt petre.
വെടിയുപ്പുദ്രാവകം Nitric acid.
വെള്ളീയം, *see* വങ്കം.

ശക്തിരൂപാന്തരം Transmutation of energy.
ശക്തിവ്യയം Dissipation of energy.
ശക്തിശാശ്വതത്വം Conservation of energy.
ശംഖുദ്രാവകം Hydrochloric acid.
ശംഖുപാഷാണം White arsenic.

സജീവവിഷയമായ Organic.
സജ്ജികാക്ഷാരം, *see* വെടിയുപ്പ്.
സപ്തസ്വരം Gamut.
സമതോലനം, സമഭാരത Equilibrium.
സമാഘാതം Percussion.
സികതായന്ത്രം Sand-bath.
സുപ്രവേശികങ്ങൾ Good cunductors.
സുരാമണ്ഡം Yeast.
സൂക്ഷ്മദൎശനയന്ത്രം Microscope.
സൂക്ഷ്മശ്രവണയന്ത്രം Microphone.
സൂൎയ്യകാന്തം Crystal lens.
സൌരസുദൎശനം Solar spectrum.
സൌവീരപാഷാണം Corrosive sublimate.
സൌവീരാഞ്ജനം Antimony-sulphide.
സ്ഥാനാന്തരഗമനം Locomotion.
സ്ഥിതിശാശ്വതത്വം Inertia.
സ്ഥിതിസ്ഥാപകത്വം Elasticity.
സ്ഥിരപാതനം Stable equilibrium.
സ്ഫടികക്കാരം Alum.
സ്വരം Musical note.

ഹരിതാലം Orpiment.
ഹിമതൂലം Snow-flake.
ഹിമദ്രവം Ether (liquid).

3. Geography.

Absolute monarchy സ്വതന്ത്രരാജ്യഭാരം.
Aleppey ആലപ്പുഴ.
Allahabad വാരണാവതം.
Amroati അമരാവതി.
Amritsar അമൃതസരസ്സ്.

Anantapur അനന്തപുരം.
Antarctic ദക്ഷിണകേന്ദ്രം.
Antarctic circle ദക്ഷിണധ്രുവരേഖ.
Arcot ആൎക്കാട്.
Arctic ഉത്തരകേന്ദ്രം.
Arctic circle ഉത്തരധ്രുവരേഖ.
Aurora അരുണോദയം.
Aurora borealis ധ്രുവദീപം.
Balasore ബലീശ്വരം.
Bay ഉൾക്കടൽ.
Bedar വിദൎഭം.
Benaris വാരാണസി.
Berar വിരാടം.
Berhampore ബ്രഹ്മപുരം.
Bhagulpur അംഗരാജ്യം.
Bhurtpore ഭരതപുരം.
Bhutan മാദ്രദേശം.
Bihar വിഹാരം.
Bimlipatam ഭീമുനിപട്ടണം.
Birbhum വീരഭൂമി.
Black sea, the കരിങ്കടൽ.
Burdwan വൎദ്ധമാനപുരം.
Bureaucratic govt. അനിയന്ത്രിതശാസനം.
Calcutta കാളീഘട്ടം.
Calicut കോഴിക്കോട്.
Canara കന്നടം.
Cannanore കണ്ണൂർ; കണ്ണനൂർ.
Carnatic കരനാടകം.
Cape മുന.
Cape comorin കന്യാകുമാരി.
Capital തലസ്ഥാനം.
Celestial equator വ്യോമകക്ഷം.
Chandranagore ചന്ദ്രനഗരം.
Chicacole ശ്രീകാകുളം.
Chingelput ചിങ്കൽപേട്ട.
Chittaldrug ചിത്രദുൎഗ്ഗം.
Chola ചോളരാജ്യം.
Climate ദേശവിശേഷം.
Cochin കൊച്ചി.
Coimbatore കോഴമ്പുത്തൂർ.
Coleroon കൊല്ലടം.
Comet ധൂമകേതു.
Conjeveram കാഞ്ചീപുരം.
Coosy, the കൌശികി.
Cudalore ഗൂഡലൂർ.
Cuttack കടകം.
Degree ഭാഗം.
Degree, a minute കലാ.
Degree, a second വികലാ.
Democracy പ്രജാപ്രഭുത്വം.
Delhi ഇന്ദ്രപ്രസ്ഥം.
Desert മരു; മരുഭൂമി.
Doulagiri ധവളഗിരി.
Dowlatabad ദേവഗിരി.
Dwaraka ദ്വാരകാ.
Equator മദ്ധ്യരേഖ.
Equator, celestial വ്യോമകക്ഷം.
Equatoral regions നിരക്ഷദേശങ്ങൾ.
Equinox വിഷുവം.
Equinox, autumnal വിഷുപദം.
Equinox, summer കൎക്കിടകസങ്ക്രമം; ഉത്തരായനം.
Equinox, vernal മഹാവിഷുപദം; ഹരിപദം.
Equinox, winter മകരസങ്ക്രാന്തി; ദക്ഷിണായനം.
Exports കയററി അയക്കുന്ന ചരക്കുകൾ.
Feudatory chiefs സാമന്തരാജാക്കന്മാർ.
Feudatory states സാമന്തരാജ്യങ്ങൾ.
Fossil ഉത്ഖാനദ്രവ്യം.
Ganges, the ഗംഗാനദി.
Geography ഭൂഗോളശാസ്ത്രം.
Godavery, the ഗോദാവരിനദി.
Gogra, the സരയൂന്നദി.
Goomty, the ഗോമതി.
Ghauts, the ഘട്ടം.
Ghauts, the Eastern പൂൎവ്വഘട്ടം.

Ghauts, the Western പശ്ചിമഘട്ടം.
Gulf ഉൾക്കടൽ.
Gujerat സൌരാഷ്ട്രം.
Gunduk, the ഗന്ധകീ.
Hurdwar ഹരിദ്വാരം.
Hill കുന്നു.
Hurricane ചക്രവാതം; പ്രഭഞ്ജനൻ.
Hymalayas, the ഹിമാലയപൎവ്വതം.
Import ഇറക്കുന്ന ചരക്കുകൾ.
Indus, the സിന്ധുനദി
Irawadi ഇരാവതി.
Island ദ്വീപു.
Isthmus കരയിടുക്കു; സംയോഗഭൂമി.
Jaipur ജയപുരം.
Jasper സൂൎയ്യകാന്തം.
Jumna, the യമുനാനദി.
Kailas കൈലാസം.
Kashmir കാശ്മീരം.
Katmandu കാഷ്ഠമന്ദിരം
Kaveri, the കാവേരിനദി.
Kolair കൊല്ലാർ.
Konkan, the കൊങ്കണദേശം.
Krishna, the കൃഷ്ണാനദി.
Lake തടാകം, സരസ്സ്.
Lapis-lazuli വൈഡൂൎയ്യം; നീലോപലം.
